# 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച

ശ്രീ. വി. കെ. പ്രശാന്ത്: സർ, 2022-23 സാമ്പത്തിക വർഷത്തെ ധനമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ പ്രതികൂല സാഹചര്യങ്ങൾക്കിടയിലാണ് ഈ ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനമന്ത്രി അവതരിപ്പിച്ചത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനവും തൊഴിൽ അവസരങ്ങളും നികുതി വരുമാനവും കൂടുതൽ വേഗത്തിൽ വളർച്ച കൈവരിക്കുന്ന കാഴ്ചയാണ് നമ്മൾ ഇപ്പോൾ കാണുന്നത്. അത് ഇനിയും മുന്നോട്ട് പോകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കാരണം കോവിഡിന്റെ കാലാവധികഴിഞ്ഞ് വീണ്ടും നമ്മുടെ സാമ്പത്തിക രംഗം ഉണർന്നുവരുന്നൊരു ഘട്ടം കൂടിയാണ്. കേരളം നേരിട്ട പ്രളയവും ഓഖിയും നിപ്പയും കോവിഡുമടക്കമുള്ള ദുരന്ത സന്ദർഭങ്ങളിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ കരുത്തുറ്റ നേതൃത്വത്തിന്റെ കീഴിലാണ് കേരളം ഈ വളർച്ച നേടിയതെന്നുള്ളത് നമുക്കെല്ലാവർക്കും അഭിനന്ദിക്കാൻ കഴിയുന്ന ഒരു കാര്യമാണ്. കേരളത്തിന്റെ മാതൃകാപരമായ പോരാട്ടങ്ങൾ ലോക രാജ്യങ്ങളിലും ഇന്ത്യയിലുമെമ്പാടും ശ്രദ്ധിക്കുന്ന

നിലയിലേക്ക് എത്തിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് ക്ഷേമ പദ്ധതികളും വികസന പദ്ധതികളും നമ്മുടെ നാട്ടിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ പുതിയ തലമുറയ്ക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഇന്നേ ഒരുക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ട് പോകുന്നത്. ഇരുപത്തിയഞ്ച് വർഷക്കാലം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു വികസന പരിപാടി പ്രഖ്യാപിച്ചുകൊണ്ടാണ് നമ്മുടെ ബഡ്ജറ്റ് അവതരിപ്പിച്ചത് എന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. അടിസ്ഥാന സൗകര്യവികസന കാര്യത്തിൽ കേരളം ഇതിനു മുൻപ് ഇല്ലാത്ത വിധത്തിൽ മുന്നോട്ട് പോകുന്ന കാഴ്ചയാണ് കാണുന്നത്. അതിന് സഹായകരമായത് കിഫ്ബിയും കെ-റെയിൽ ഉൾപ്പെടെയുള്ള വികസന പദ്ധതികളാണെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാം. ഒ.എൻ.വി.യുടെ ഒരു കവിതയുണ്ട്,

"റെയിൽപോൽ ദൂരത്തു നേർത്തു കാണും
പാടവരമ്പത്തുടൊരു വണ്ടി കടന്നുപോയി
പച്ചക്കിളി പട്ടുള്ളവലിൽ ളുമയിൽ
തത്തിക്കളിച്ച് തൈതെന്നലിൽ ഞാറുകൾ"

ഒ. എൻ.വി. കണ്ടൊരു സ്വപ്നമാണ്, കെ-റെയിൽ എന്ന

കേൾക്കുമ്പോൾ ഇവിടെ പ്രതിപക്ഷത്തിന് വല്ലാതെ ഹാലിളകുകയാണ്. എന്തിനാണ് ഹാലിളകുന്നത്, പ്രാർത്ഥിക്കാൻ എല്ലാവർക്കും ഓരോരോ കാരണങ്ങളുണ്ട് എന്ന ഒരു പരസ്യവാചകം നമ്മൾ കേട്ടിട്ടുണ്ട്, അതുപോലെയാണ് എതിർക്കാൻ വേണ്ടി ഇവിടെ യു.ഡി.എഫും പ്രതിപക്ഷവും ഓരോരോ കാരണങ്ങൾ കണ്ടെത്തുന്നത്. കെ-റെയിൽ വന്നു കഴിഞ്ഞാൽ കേരളം രണ്ടായി വിഭജിക്കുമെന്ന് പറയുന്നു. എങ്കിൽ നേരത്തെ ഇവിടെ റെയിൽവേ ലൈൻ ഉണ്ടല്ലോ, കേരളം വിഭജിച്ചുവെന്ന് ആരെങ്കിലും പറഞ്ഞുവോ. തിരുവനന്തപുരത്തിന്റെ പടിഞ്ഞാറു ഭാഗത്ത് കോടിക്കണക്കിന് രൂപ മുടക്കിയാണ് ബൈപാസ്സ് നിർമ്മിച്ചിരിക്കുന്നത്. അവിടെയെല്ലാം എംബാങ്ക്മെന്റുകളും സംവിധാനങ്ങളുമൊക്കെയുണ്ട്. തിരുവനന്തപുരത്തെ വിഭജിച്ചുകൊണ്ട് അവിടെയൊരു കോട്ട തീർത്തിരിക്കുകയാണ് ബൈപാസ്സ് നിർമ്മാണം വഴിയെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ചില കാരണങ്ങൾ കണ്ടെത്തി പദ്ധതിയെ ഇല്ലാതാക്കാനുള്ള പരിശ്രമമാണ് യു.ഡി.എഫ് നടത്തുന്നതെന്ന് നമ്മൾ കാണണം. ഒരു കാര്യത്തിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. സംസ്ഥാനത്തെ പൊതു സമൂഹത്തിന്റെയും പ്രതിപക്ഷത്തിന്റേയുമടക്കം ചർച്ച വികസന കാര്യങ്ങളിലേക്ക്

കൊണ്ടുവരാൻ കഴിഞ്ഞുവെന്നുള്ളത് എൽ.ഡി.എഫ്.-ന്റെ വിജയമാണെന്ന് പ്രഖ്യാപിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം ഇതുവരെയില്ലാത്ത വികസന ചർച്ചകളിലേക്ക് കേരളത്തെ എത്തിക്കാൻ എൽ.ഡി.എഫ്-ന് സാധിച്ചുവെന്നുള്ളത്, ഈ ഗവൺമെന്റിന് സാധിച്ചുവെന്നുള്ളത് അങ്ങേയറ്റം അഭിമാനകരമായൊരു കാര്യമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ ഓരോ കാര്യങ്ങളും നടപ്പിലാക്കുകയെന്നുള്ളതാണ് ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി, വിജയിച്ച മുന്നണിയെന്ന നിലയിൽ ഞങ്ങൾ ചെയ്യേണ്ടത്. ഞങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞ മുഴുവൻ വാഗ്ദാനങ്ങളും നടപ്പാക്കിയതുകൊണ്ടാണ് തെരഞ്ഞെടുപ്പിൽ ജനങ്ങൾ എൽ.ഡി.എഫ്.-നെ തെരഞ്ഞെടുത്തതെന്നുള്ള കാര്യം നമുക്കെല്ലാവർക്കുമറിയാം. കേരളത്തിന്റെ ഗവൺമെന്റ് നിരവധി കാര്യങ്ങളിൽ ഇന്ത്യക്ക് ആകമാനം മോഡലാണ്. ഉദാഹരണത്തിന്, പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഒന്നാം സ്ഥാനത്താണ് കേരളം. നമ്മൾ നേടിയ സ്കോർ 1.618 ആണ്. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സ്കോർ നിലവാരത്തിലാണ് നമ്മൾ നിൽക്കുന്നത്. ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് നടത്തിയ സംസ്ഥാനം നമ്മുടെ കൊച്ചു

കേരളമാണ്. കേന്ദ്ര ഗവൺമെന്റ് വാക്സിൻ കുറച്ചുകൂടി നേരത്തെ തന്നിരുന്നുവെങ്കിൽ ഇതിലും മികച്ച വേഗത്തിൽ നമുക്ക് വാക്സിനേഷൻ പൂർത്തീകരിക്കാൻ കഴിയുമായിരുന്നു. വിദ്യാഭ്യാസ നിലവാര സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയത് നമ്മുടെ കേരളമാണ്. ഇത്തരം നിരവധി സുസ്ഥിര വികസന സൂചികകളിൽ 'നീതി ആയോഗ് '-ന്റെ കണക്കുകളിലൊക്കെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്നുള്ളത് വളരെ അഭിമാനകരമായ കാര്യമാണ്. യു.പി.യുടെ മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥ് നമ്മളെ കളിയാക്കി ചില പ്രസ്താവനകൾ നടത്തുകയുണ്ടായി. അതിനെ വിമർശിക്കാൻ പ്രതിപക്ഷം മുന്നോട്ട് വരാത്തത് അങ്ങേയറ്റം കൗതുകകരമായിട്ടാണ് ഞങ്ങൾ കാണുന്നത്. കാരണം യു.പി.യിൽ നടന്ന ഇലക്ഷന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? കോൺഗ്രസ്സ് ഭരിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളെല്ലാം ഇന്ന് ബി.ജെ.പി.യാണ് ഭരിക്കുന്നത്. ബി.ജെ.പി.യെ ജയിപ്പിക്കുന്ന ആൾക്കാരായി നമ്മുടെ നാട്ടിലെ കോൺഗ്രസ്സ് മാറിപ്പോയിയെന്നുള്ളത് അങ്ങേയറ്റം ദു:ഖകരമായൊരു കാര്യമാണ്. ഇപ്പോൾ യു.പി.-യിൽ ആയിരത്തിൽ താഴെ വോട്ടുകൾക്ക്

ബി.ജെ.പി ജയിച്ച മണ്ഡലങ്ങൾ ഇരുപതോളം വരും. അൻപതോളം സീറ്റുകളിൽ പതിനായിരത്തിൽ താഴെവോട്ടിനാണ് ബി.ജെ.പി. ജയിച്ചിരിക്കുന്നത്. ഞാനത് സൂചിപ്പിക്കാൻ കാരണം, അവിടെ പ്രതിപക്ഷ ഐക്യം കൊണ്ടുവരാനും, പ്രതിപക്ഷ നിരയെ ഒരുമിപ്പിച്ച് നിർത്താനും കോൺഗ്രസ്സിന് കഴിഞ്ഞിരുന്നുവെങ്കിൽ ഇന്ന് യു.പി. ഭരിക്കുന്നത് ബി.ജെ.പി. ആയിരിക്കുകയില്ല. അവിടെയെല്ലാം ബി.ജെ.പി.യെ സഹായിക്കുന്നൊരു നിലപാട് കോൺഗ്രസ്സ് സ്വീകരിക്കുന്നുവെന്നുള്ളത് നമ്മൾ കാണണം. പരാജയങ്ങളിൽ നിന്ന് പാഠം പഠിക്കേണ്ടതല്ലേ, ഓരോ ഇലക്ഷനിൽ തോൽക്കുമ്പോഴും ശ്രീ. രാഹുൽ ഗാന്ധി പ്രഖ്യാപിക്കും ഞാൻ രാജിവയ്ക്കാൻ പോകുന്നു, ശ്രീമതി സോണിയാഗാന്ധി പ്രഖ്യാപിക്കും ഞാൻ ഇതാ രാജിവയ്ക്കാൻ പോകുന്നുവെന്ന്. അയ്യോ അച്ഛാ പോകല്ലേയെന്ന് പറയുന്നതുപോലെയാണ്, അയ്യോ രാജിവയ്ക്കല്ലേ മാഡമെന്നു പറഞ്ഞുകൊണ്ട് ബാക്കിയെല്ലാപേരും പിൻതാങ്ങുകയാണ്. അവർ കൂടിയിരുന്ന് ഇവരെത്തന്നെ പരാജയത്തിനെക്കുറിച്ച് പഠിക്കാൻ ചുമതലപ്പെടുത്തുകയാണ്. യു.പി. ഇലക്ഷൻ സമയത്ത് ഇവിടെ പത്രങ്ങളിൽ നമ്മൾ കണ്ടതാണല്ലോ. ഉത്തർപ്രദേശ് ഇലക്ഷൻ സമയത്ത് ചില പത്രങ്ങളിൽ ശ്രീമതി പ്രിയങ്ക

ഗാന്ധി ജീപ്പിന്റെ മുകളിൽ കയറിയിരുന്ന് ബി.ജെ.പി.-ക്കാർക്ക് കൈകൊടുത്തത് കണ്ടു. അപ്പോൾ ബി.ജെ.പി.-ക്കാർ എല്ലാവരും അവർക്ക് വോട്ടുചെയ്യും എന്നാണ് നമ്മൾ കരുതിയത്. ചില പത്രങ്ങളിൽ ഇത് വലിയ വാർത്തയായി വന്നു. തെറ്റിദ്ധാരണ ഉണ്ടാക്കുകയാണ്. അവിടെ ശ്രീമതി പ്രിയങ്ക ഗാന്ധി തരംഗം, ശ്രീ. രാഹുൽ ഗാന്ധി തരംഗം എന്നാണ് പത്രങ്ങൾ എഴുതിയത്. എന്താണ് സംഭവിക്കുന്നത്; അവിടെ ബി.ജെ.പി.-യെ വിജയിപ്പിക്കാനുള്ള കുത്തക ഞങ്ങളാണ് എടുത്തിരിക്കുന്നതെന്ന നിലപാടിലല്ലേ കോൺഗ്രസ് പെരുമാറുന്നത്. പരാജയങ്ങളിൽ നിന്ന് പാഠം പഠിക്കാത്ത പാർട്ടിയാണ് കോൺഗ്രസ്. പാഠപുസ്തകം വലിച്ചുകീറിയ പാരമ്പര്യമുള്ള പാർട്ടിയാണ് കോൺഗ്രസ് എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. അവർ ഒരു പാഠവും പഠിക്കാൻ പോകുന്നില്ല എന്നുള്ളതാണ് രാജ്യത്തെ അഞ്ച് സംസ്ഥാനങ്ങളിലും നടന്നിട്ടുള്ള തെരഞ്ഞെടുപ്പിൽനിന്ന് നമുക്കെല്ലാവർക്കും കാണാൻ സാധിക്കുന്നത്.

കഴിഞ്ഞ ബഡ്ജറ്റിൽ തിരുവനന്തപുരത്തിന് പദ്ധതികൾ കുറഞ്ഞുപോയി എന്ന വിമർശനം ആദ്യഘട്ടത്തിൽ വന്നിരുന്നു. പക്ഷേ ഈ ബഡ്ജറ്റിൽ തിരുവനന്തപുരത്തിന് ആവശ്യമായിട്ടുള്ള തുക ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി വകയിരുത്തിയതിനെ അഭിനന്ദിക്കാൻ കൂടി ഈ സന്ദർഭം വിനിയോഗിക്കുകയാണ്. തിരുവനന്തപുരത്ത് മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക് അടക്കം സ്ഥാപിക്കുന്നതിന് 100 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ സെനറ്റ് മെമ്പർ എന്ന നിലയിൽ കേരള യൂണിവേഴ്സിറ്റിക്ക് അവർ ആഗ്രഹിച്ചതിനേക്കാൾ വലിയ തുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചതെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിലെ ആദ്യത്തെ ഐ.ടി. പാർക്കായ ടെക്നോപാർക്ക് സ്ഥാപിച്ചത് കഴക്കൂട്ടത്താണ്. അവിടെ വലിയ വികസനത്തിന് അടിത്തറ ഇട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നത്. ടെക്നോപാർക്ക് മുതൽ കൊല്ലം വരെയുള്ള ഒരു ഐ.ടി. കോറിഡോർ അടക്കം പ്രഖ്യാപിച്ചിട്ടുണ്ട്. അക്കാര്യത്തിലും അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സയൻസ് പാർക്ക് അടക്കമുള്ള കാര്യങ്ങളിൽ ഗ്ലോബൽ സയൻസ് ഫെസ്റ്റ് നടത്താൻ നാല് കോടി രൂപയാണ് പ്രഖ്യാപിച്ചത്. തിരുവനന്തപുരം പല കാര്യങ്ങളിലും മാതൃകയായി നിൽക്കുന്ന ഒരു നഗരമാണ്. അവിടെ ഒരു ഗ്ലോബൽ സയൻസ് ഫെസ്റ്റ്

നടത്തുന്നതിനുവേണ്ടി നാല് കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നീക്കിവച്ചത് തിരുവനന്തപുരത്തിന്റെ മുഖം കൂടുതൽ ലോകരാജ്യങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ സഹായകമാകും. അതിനും പ്രത്യേക നന്ദി രേഖപ്പെടുത്തുകയാണ്. വാമനപുരം നദി ശുചീകരണ പദ്ധതി, മലിനജലത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പദ്ധതി, ടെക്നോ സിറ്റിക്കും വിഴിഞ്ഞം തുറമുഖത്തിനുംവേണ്ടി തുക നീക്കിവച്ചത്, തിരുവനന്തപുരം ഔട്ടർ റിംഗ് റോഡിന് 1000 കോടി രൂപ വകയിരുത്തിയത്, ആർ.സി.സി.-യെ സംസ്ഥാനാടിസ്ഥാനത്തിൽ വികസിപ്പിക്കാനുള്ള കാര്യങ്ങൾ ഇവയെല്ലാം തീർച്ചയായും അഭിനന്ദനീയമായ കാര്യങ്ങളാണ്. ഒരു കാര്യം കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നുവരുന്ന ഒരു ഘട്ടം കൂടിയാണിത്. രണ്ടാമത്തെ മാനസികാരോഗ്യ ചികിത്സാകേന്ദ്രം സ്ഥിതി ചെയ്യുന്നത് ഊളമ്പാറയിലാണ്. ആ മാനസികാരോഗ്യ കേന്ദ്രത്തിന് ആവശ്യമായിട്ടുള്ള തുക വകയിരുത്തിയിട്ടില്ല എന്നുള്ള പോരായ്മ കൂടി ചൂണ്ടിക്കാണിക്കുകയാണ്. അദ്ദേഹം അത് പരിഗണിക്കുമെന്നാണ് ഞാൻ

കരുതുന്നത്.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം എന്നുള്ളത് ഒരു ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം കൂടിയാണ്. വട്ടിയൂർക്കാവ് പ്രദേശത്ത് കഴിഞ്ഞ നാൽപ്പത് വർഷമായി ജനങ്ങൾ ആഗ്രഹിക്കുന്നതാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി. അതിനാവശ്യമായ 340 കോടി രൂപ കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. അവിടെ ഒരു റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കുകയാണ്. കുടിയൊഴിപ്പിക്കപ്പെടുന്ന ഏകദേശം 550-ഓളം വരുന്ന സ്ഥാപനങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി നിർവ്വഹിക്കുന്നത് ടിഡിയാണ്. എന്നാൽ കെട്ടിടം നിർമ്മിക്കാനുള്ള തുക ടിഡിയ്ക്ക് വകയിരുത്തിയിട്ടില്ല. അതിനാവശ്യമായ ഇടപെടൽ അങ്ങ് നടത്തണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ  യുവജന സംഘങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് 25 സംഘങ്ങളാണ് പ്രഖ്യാപിച്ചതെങ്കിലും 33 സംഘങ്ങളാണ് രൂപീകരിച്ചത്. ഇത്തവണത്തെ ബഡ്ജറ്റിൽ അഞ്ച് സംഘങ്ങൾ പുതുതായി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനെ ഞാൻ

അഭിനന്ദിക്കുന്നു. ഇങ്ങനെ രൂപീകരിച്ച സംഘങ്ങൾക്ക് വായ്പ കൊടുക്കാനോ ചിട്ടി നടത്താനോ മറ്റ് സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താനോ അനുവാദമില്ല. അതുകൊണ്ട് ആ സംഘങ്ങളെ സഹായിക്കുന്നതിനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

കേരളത്തിന്റെ കടബാദ്ധ്യതയെ സംബന്ധിച്ച് വലിയ ചർച്ചകൾ ഉയർന്നുവന്ന ഒരു ഘട്ടം കൂടിയാണ്. നമ്മുടെ ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട് 36.98 ശതമാനമാണ്. രാജ്യത്ത് എല്ലാ സംസ്ഥാനങ്ങൾക്കും കടമുണ്ട്. ബീഹാറിന് 38.66%, ഹിമാചൽ പ്രദേശിന് 39.66%, ഝാർഖണ്ഡിന് 33%, രാജസ്ഥാന് 39.53%, കർണ്ണാടക, തെലുങ്കാന ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കും 28 ശതമാനത്തിന് മുകളിലാണ് ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്. കടമെടുക്കാതെ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കുകയില്ല. കടമെടുക്കുന്നത് കൃത്യമായി വിനിയോഗിക്കുകയും അത് ഫലത്തിൽ കൊണ്ടുവരുകയും ചെയ്യുകയെന്നത് പ്രധാനമാണ്. അതിനുവേണ്ടി നടപടി എടുക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. വരുമാനം

വർദ്ധിപ്പിക്കാനുള്ള ചില നീക്കങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയിട്ടുണ്ട്. 630 കോടി രൂപയുടെ അധിക വിഭവ സമാഹരണമാണ് അദ്ദേഹം പറഞ്ഞത്. അതോടൊപ്പംതന്നെ പിഴ തുകകൾ ഉയർത്തുന്ന കാര്യം അങ്ങ് പരിഗണിക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. കാരണം മറ്റ് ലോകരാജ്യങ്ങളിൽ നോക്കിയാൽ അവിടെ പിഴത്തുക വളരെ വലുതാണ്. നിയമം അനുസരിക്കാത്തവനാണ് പിഴ അടയ്ക്കേണ്ടത്. അത്തരം തുകകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യണം. ലോട്ടറിയുടെ ഘടന പുതുക്കണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. നികുതി ചോർച്ചതടയാൻ ആവശ്യമായ നടപടി അങ്ങ് സ്വീകരിക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ ഞങ്ങൾ ചർച്ച ചെയ്തതിന്റെ ഭാഗമായി ജി.എസ്.ടി. വകുപ്പ് വാളയാറിൽ ആദ്യ കമാൻഡ് സെന്റർ ഉദ്ഘാടനം ചെയ്തു എന്നുള്ളത് അങ്ങേയറ്റം അഭിനന്ദനീയമായ കാര്യമാണ്. അനാവശ്യമായ എസ്റ്റിമേറ്റുകൾക്ക് നിയന്ത്രണം കൊണ്ടുവരുന്ന കാര്യം കൂടി അങ്ങ് പരിഗണിക്കണം. കാരണം പല കെട്ടിടങ്ങളിലും ആവശ്യമില്ലാത്ത നിലയ്ക്കുള്ള കമ്പിയും മറ്റ് കാര്യങ്ങളും ഒരുപാട് ചേർക്കുന്ന രീതി ഡി.പി.ആർ.-ൽ കടന്നുവരുന്നുണ്ട്. അത് ഒഴിവാക്കാൻ ആവശ്യമായിട്ടുള്ള കാര്യം അങ്ങ്

ചെയ്യണം. അമിതഭാരം ജനങ്ങളുടെ തലയിൽ വയ്ക്കാതെ നികുതിഭാരം പരമാവധി കുറച്ചുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ അങ്ങ് തയ്യാറായി എന്നുള്ളത് അഭിനന്ദനീയമായ കാര്യമാണ്. സ്ത്രീ സുരക്ഷയ്ക്കായിട്ടുള്ള പദ്ധതികൾ, നികുതി വകുപ്പുകളുടെ ഏകോപനം എന്നിവ മികച്ച നിലയിലാക്കുന്നതിനുള്ള നടപടികൾ അങ്ങ് സ്വീകരിച്ചു. ജി.എസ്.ടി. നികുതി ചോർച്ച തടയാനും നികുതി വെട്ടിപ്പ് തടയാനും പൊതുജന സഹായം തേടാനുമുള്ള പദ്ധതി കൂടി അങ്ങ് ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ ജനങ്ങൾക്ക് ഒരു സമ്മാന പദ്ധതികൂടി പ്രഖ്യാപിച്ചാൽ നന്നായിരിക്കുമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ നല്ലൊരു ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളില്ലാത്തതും യാഥാർത്ഥ്യ ബോധമില്ലാത്തതുമായ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ അവതരിപ്പിച്ചതുപോലെയുള്ള പൊള്ളയായ

വാഗ്ദാനങ്ങൾ മാത്രമാണ് ഇതിലുള്ളത്. സാമ്പത്തിക വർഷം അവസാനിക്കാൻ ഏതാനും ദിവസങ്ങൾ മാത്രം ശേഷിക്കെ മുൻ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയതിൽ 13,652.82 കോടി രൂപ അതായത് പദ്ധതിയുടെ 40 ശതമാനവും വിനിയോഗിക്കാതെ ബാക്കി കിടക്കുകയാണ്. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി തുകയുടെ വിനിയോഗത്തിലും പരിതാപകരമായ അവസ്ഥയാണ്. പകുതിപോലും ചെലവഴിച്ചിട്ടില്ല. ഭൂരഹിത ഭവന രഹിത കേരളം, എല്ലാവർക്കും തൊഴിൽ ഇതായിരുന്നു 2016-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത വികസിത വികസന നയം. ഭവനരഹിതർക്കെല്ലാം 2021-ഓടെ ഭവനമെന്ന് 2016-ൽ പ്രഖ്യാപിച്ചു. ഇതിനുവേണ്ടി ലൈഫ് മിഷൻ എന്ന ഏജൻസിയേയും പ്രഖ്യാപിച്ചു. 6 വർഷം പിന്നിട്ടിട്ടും അത് യാഥാർത്ഥ്യമായില്ല. 9.25 ലക്ഷം പേർ അപേക്ഷ നൽകി വീടിനായി കാത്തുനിൽക്കുകയാണ്. ഭൂരഹിത ഭവന രഹിത കേരളം ഒരു സ്വപ്നമായി അവശേഷിക്കുന്നു. ലൈഫ് മിഷൻ ഒരു കമ്മീഷൻ ഏജൻസിയായി മാറുകയാണുണ്ടായത്. 3,37,000 ലക്ഷം കോടി രൂപയാണ് കേരളത്തിന്റെ പൊതുകടം. കണക്കില്ലാത്ത വിധം വിദേശ വായ്പയെടുത്ത് പാപ്പരായ നിരവധി രാജ്യങ്ങളുണ്ടെങ്കിലും സംസ്ഥാന

സർക്കാർ കടമെടുത്ത് മുടിയുന്നത് കേരളത്തിലായിരിക്കും. ആളോഹരി വരുമാനത്തേക്കാൾ കേരളം ഇനി മുന്നിട്ടുനിൽക്കുക ആളോഹരി വായ്പ ബാധ്യതയിലായിരിക്കും. കഴിഞ്ഞ ആറ് വർഷം കൊണ്ട് കേരളീയന്റെ കടബാധ്യത ഉയർന്നത് 200 ശതമാനമാണ്. സി.പി.ഐ.(എം.) പാർട്ടി സമ്മേളനത്തിൽ മുഖ്യമന്ത്രി നവകേരള നിർമ്മാണ വികസന നയം അവതരിപ്പിച്ചു. സ്വകാര്യ മേഖലയിലും വിദേശ നിക്ഷേപത്തിനായി കമ്മ്യൂണിസ്റ്റ് ഭരണകൂടം വാതിൽ തുറന്നിട്ടിരിക്കുകയാണ്. കേരളത്തിലെ എൽ.ഡി.എഫ്. 'സർവ്വ രാജ്യ തൊഴിലാളികളെ' എന്ന മുദ്രാവാക്യം പരിഷ്കരിച്ച് 'സർവ്വ രാജ്യ സ്വകാര്യ നിക്ഷേപകരേ' എന്ന് വിളിക്കേണ്ട അവസ്ഥയിലെത്തി നിൽക്കുകയാണ്. സ്വകാര്യ മൂലധന നിക്ഷേപത്തേയും വിദേശ മൂലധന നിക്ഷേപത്തേയും എതിർത്ത് കേരള വികസനത്തെ പിന്നോട്ടടിച്ച എൽ.ഡി.എഫ്. കേരള സമൂഹത്തോടെ പരസ്യമായി മാപ്പുപറയണം. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി റവന്യൂ ടവർ ഇതുവരെയും യാഥാർത്ഥ്യമായില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമസഭയിൽ എനിക്ക് രേഖാമൂലം 26-07-2021-ൽ നൽകിയ മറുപടിയിൽ ഉചിതമായ സ്ഥലം

കണ്ടെത്തിയിട്ടുണ്ടെന്നും അത് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമായി അറിയിച്ചിട്ടുള്ളതാണ്. 22-09-2021-ൽ പ്രസ്തുത സ്ഥലം ഭവന നിർമ്മാണ ബോർഡിന് റവന്യൂ ടവർ നിർമ്മാണത്തിനായി കൈമാറിയിട്ടുള്ളതാണ്. പിന്നീട് നടപടികൾ ഇഴഞ്ഞുനീങ്ങുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഇടപെടലാണ് ഈ മെല്ലെപ്പോക്കിന് കാരണമെന്നാണ് ഭവനനിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയർ അറിയിച്ചത്. ചാലക്കുടി നഗരമദ്ധ്യത്തിലുള്ള ടൗൺ ഹാൾ വാണിജ്യ സമുച്ചയത്തിലെ മൂന്നാം നിലയിൽ പരിമിതമായ സ്ഥലത്ത് അസൗകര്യങ്ങളുടെ നടുവിലാണ് താലൂക്ക് ഓഫീസിന്റെ പ്രവർത്തനം. എന്നിട്ടും പദ്ധതിക്ക് തുരങ്കംവയ്ക്കാൻ ബഹുമാനപ്പെട്ട മന്ത്രിതന്നെ ശ്രമിക്കുന്നത് ഖേദകരമാണ്. താലൂക്ക് പ്രഖ്യാപനത്തിൽ ഉമ്മൻ ചാണ്ടി സർക്കാർ രാഷ്ട്രീയം നോക്കിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഓർക്കുന്നത് നന്നായിരിക്കും. തൃശ്ശൂർ ജില്ലയുടെ സ്വപ്ന പദ്ധതിയായ പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമ്മാണം പൂർത്തീകരിക്കാതെ ആർഭാടപൂർവ്വം ഉദ്ഘാടനം നിർവ്വഹിച്ചുവെങ്കിലും മൃഗങ്ങൾ ഇപ്പോഴും തൃശ്ശൂർ മൃഗശാലയിൽ കടുത്തയാതനയിലാണ്. ഇക്കാര്യത്തിലെങ്കിലും രാഷ്ട്രീയം നോക്കാതെ

അടിയന്തര നടപടി സ്വീകരിക്കണം. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപനം രോമാഞ്ചമുണ്ടാക്കുന്നതാണ്. ചാലക്കുടി താലൂക്കിൽ മാത്രം വനഭൂമി പട്ടയമടക്കം ആയിരക്കണക്കിന് ആളുകളാണ് ഈ പ്രഖ്യാപനത്തിലൂടെ കാത്തിരിക്കുന്നത്. പ്രഖ്യാപനത്തിലുള്ള ആത്മാർത്ഥത പ്രവൃത്തിയിലില്ല എന്നതാണ് അനുഭവം. ഇതിനുമാറ്റം വരണം.

ശ്രീ. ജി. എസ്. ജയലാൽ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ ആരോപണം പോലെ ഒരു കാര്യം ഉന്നയിക്കുമ്പോൾ അത് എഴുതിക്കൊടുത്ത്  ഉന്നയിക്കണമെന്നാണ് ചട്ടം. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ നിർവ്വഹിച്ചത് അത്തരത്തിലാണോ?  'പദ്ധതി തടസ്സപ്പെടുത്തി' എന്നാണ് ആരോപണം. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: പരിശോധിച്ച് തീരുമാനമെടുക്കാം+. പരിശോധിച്ച് വ്യക്തമായ ആരോപണമുണ്ടെങ്കിൽ ഒഴിവാക്കുന്നതാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്:  സർ, മലയാളത്തിന്റെ പ്രിയപ്പെട്ട നടൻ കലാഭവൻ മണി ചാലക്കുടിക്കാരൻ മാത്രമല്ല, കേരളത്തിന്റെ സ്വകാര്യ

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 4720/ഇ.ബി./2022/നി.സെ. തീയതി 15-03-2022) സഭാരേഖകളിൽ നിലനിർത്തി.

അഹങ്കാരം കൂടിയാണ്. നാടൻപാട്ടിന്റെ യശസ്സ് വാനോളമുയർത്തിയ തെന്നിന്ത്യയുടെ പ്രിയപ്പെട്ട കലാകാരനായ കലാഭവൻ മണിയുടെ സ്മരണയ്ക്കായുള്ള മുൻസിപ്പൽ പാർക്കിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ചുറ്റുമതിൽ ഒഴികെയുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുക അനുവദിക്കണമെന്ന് ഓരോ ചാലക്കുടിക്കാരനും വേണ്ടി ഞാൻ അപേക്ഷിക്കുകയാണ്. 2019-ൽ കോവിഡ് പ്രതിസന്ധിയെത്തുടർന്ന് സ്കൂളുകൾ അടച്ചപ്പോൾ സർക്കാർ നടത്തിയ ഏറ്റവും വലിയ പ്രഖ്യാപനമായിരുന്നു വിദ്യാർത്ഥികൾക്ക് സൗജന്യമായും കുറഞ്ഞ ചെലവിലും ലാപ്ടോപ്പ് നൽകുമെന്നത്. രണ്ടുവർഷത്തിനുശേഷം കുട്ടികൾ വീണ്ടും സ്കൂളുകളിൽ പോയിത്തുടങ്ങിയിട്ടും ഈ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളുടെ അവസ്ഥ ഇങ്ങനെയാണ്. മഹാപ്രളയത്തിനുശേഷം പുനരധിവാസത്തിന് പിന്തുണതേടി ഷാർജയിലെത്തിയ മുഖ്യമന്ത്രി പ്രവാസികളോട് പറഞ്ഞത് നിങ്ങളിൽ കഴിയുന്നവരെല്ലാം നമ്മുടെ നാട്ടിൽത്തന്നെ നിക്ഷേപം നടത്തണമെന്നും അതിനുള്ള എല്ലാ സൗകര്യവും നാട്ടിൽ ഒരുക്കുന്നുണ്ടെന്നും പരമാവധി നിക്ഷേപങ്ങൾ വന്ന് തൊഴിലവസരങ്ങൾ കൂടിയാലേ നമ്മുടെ

നാടിന് വികസനമുണ്ടാകൂ എന്നുമാണ്. ഈ വാക്കുകൾ കേട്ട് ഇവിടെ നിക്ഷേപം നടത്തിയവരുടെ അവസ്ഥയ്ക്ക് ഇന്നും വലിയ മാറ്റമൊന്നുമില്ല. പ്രവാസികളെ നിക്ഷേപത്തിന് ക്ഷണിക്കുന്നു, നിക്ഷേപകരെ പാർട്ടിക്കാർ പീഡിപ്പിച്ച് സ്ഥാപനം പൂട്ടിക്കുന്നു! കോവിഡ് പ്രതിസന്ധിമൂലം 14 ലക്ഷം പ്രവാസികളാണ് കേരളത്തിലേയ്ക്ക് മടങ്ങിവന്നത്. ഇതിൽ നല്ലൊരു ശതമാനം മടങ്ങിപ്പോകാൻ കഴിയാതെ നാട്ടിൽത്തുടരുകയാണ്. ഇവരെ സഹായിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആസ്തി വികസന ഫണ്ടിൽനിന്നും നാല് കോടി രൂപ വീതം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുമെന്ന കഴിഞ്ഞ സാമ്പത്തിക വർഷത്തെ സുപ്രധാന പ്രഖ്യാപനംപോലും നടപ്പിലായില്ല. 560 കോടി രൂപയാണ് ഇത്തരത്തിൽ സമാഹരിച്ചത്. ഇതിൽ 36.2 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കോവിഡിന്റെ പേരിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിലെയും കാരുണ്യ ഫാർമസി പർച്ചേസ് വിഭാഗത്തിലെയും ഉദ്യോഗസ്ഥർ കീശ വീർപ്പിച്ച കഥകളാണ് ഇപ്പോൾ പുറത്തുവരുന്നത്. കോവിഡ്പോലും അഴിമതിക്കുള്ള അവസരമാക്കി മാറ്റി. 1600 കോടിയോളം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ

വാങ്ങിയതിൽ വൻ ക്രമക്കേടാണ് നടന്നിട്ടുള്ളത്. 12.15 കോടി രൂപയുടെ ഗ്ലൗസ് വാങ്ങിയതിലടക്കം അഴമതിയുടെ കഥകൾ ഓരോന്നായി പുറത്തുവരികയാണ്. പി.പി.ഇ. കിറ്റ്, ബ്ലീച്ചിംഗ് പൗഡർ, മാസ്ക്, സിറിഞ്ച്, റെഫ്രിജറേറ്റർ, ഓക്സിജൻ പ്ലാന്റുകൾ, എ.സി. വെന്റിലേറ്റർ, കിടക്കകൾ തുടങ്ങി സർവ്വത്ര അഴിമതിയായിരുന്നു. 2016-നുശേഷം ഈ സ്ഥാപനത്തിൽ ഒരു ഓഡിറ്റും നടന്നിട്ടില്ല. "ഉറങ്ങിയിട്ടില്ല, ഉറങ്ങിയിട്ടില്ല, ഉറങ്ങിയിട്ടില്ല-" എങ്ങനെ ഉറങ്ങാൻ കഴിയും? ഉറക്കമൊഴിഞ്ഞിരുന്ന് കക്കുകയായിരുന്നു. 'സർക്കാർ ഉദ്യോഗസ്ഥരിൽ വൈറ്റ് കോളർ ബെഗ്ഗേഴ്സ് ഉണ്ടെന്ന് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ'. വാസ്തവമാണ്, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരിക്കേ കോഴയായി ഐ ഫോൺ സ്വീകരിച്ച അശ്വത്ഥാമാവും ജയിച്ച വിവരം മറച്ചുവച്ച് 1.25 ലക്ഷം രൂപ വിദ്യാർത്ഥികളിൽനിന്നും കോഴ വാങ്ങിയ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അസിസ്റ്റന്റായ എൽസിയും പ്രൊവിഡന്റ് ഫണ്ടിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സമീപിച്ച അദ്ധ്യാപികയോട് ലോഡ്ജ് മുറിയിലേയ്ക്ക് 44 അളവിലുള്ള ഷർട്ടുമായി വരണമെന്ന് ആവശ്യപ്പെട്ട കാസർഗോഡ് ഡി.ഡി.ഇ. ഓഫീസിലെ ബിനോയ് ചന്ദ്രനും

ഉൾപ്പെടെയുള്ളവരെയായിരിക്കണം താങ്കൾ ഉദ്ദേശിച്ചത്. ഇവരുടെ പ്രത്യയശാസ്ത്ര പശ്ചാത്തലംകൂടി പരിശോധനാവിധേയമാക്കേണ്ടതാണ്. തലസ്ഥാനത്ത് പട്ടാപ്പകൽ കൊലപാതകങ്ങൾ അരങ്ങേറുന്നു. എം.എൽ.എ.-യുടെ വാഹനംപോലും അടിച്ചുതകർക്കുന്നു. പോലീസ് വാഹനത്തിന് ഇന്ധനം നിറയ്ക്കാൻ കാശില്ല. ഗുണ്ടകൾ യഥേഷ്ടം വിഹരിക്കുകയാണ്. കണ്ണൂരിൽ വിവാഹത്തിനും ബോംബ് എന്ന സ്ഥിതിയാണ്. എന്നാൽ ലോക സമാധാനത്തിന് രണ്ട് കോടി രൂപ അനുവദിച്ചിട്ടുള്ളത് പ്രശംസനീയമാണ്. പ്രതിപക്ഷത്തിനുമാത്രമല്ല, ഭരണപക്ഷത്തിനുപോലും രക്ഷയില്ലാത്ത അവസ്ഥയാണ്. റവന്യൂ വകുപ്പിലെ മാനദണ്ഡവിരുദ്ധ സ്ഥലംമാറ്റത്തിനെതിരെ 11 ദിവസമാണ് കോഴിക്കോട് കളക്ടറേറ്റ് സ്തംഭിപ്പിച്ചുകൊണ്ട് എൻ.ജി.ഒ. യൂണിയൻ സമരം നടത്തിയത്. ജില്ലാ കളക്ടർക്കുപോലും ഓഫീസിൽ കയറാൻ കഴിയാത്ത അവസ്ഥയായിരുന്നു. സ്ഥലംമാറ്റത്തിൽ അഴിമതിയുണ്ടെന്നാണ് എൻ.ജി.ഒ. യൂണിയന്റെ പ്രധാന ആരോപണം. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിന് അനുവദിച്ചിട്ടുള്ളത് കേവലം 7 കോടി രൂപ മാത്രമാണ്. ഈ

തുക അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിക്കണം. ചാലക്കുടി ഡിവിഷനിൽമാത്രം ഒരു കോടി രൂപ നഷ്ടപരിഹാരം നൽകേണ്ടതായിട്ടുണ്ട്. അതിരപ്പിള്ളിയിൽ അഞ്ചു വയസ്സുകാരിയായ അഗ്നിമേയയ്ക്ക് കാട്ടാനയുടെ ചവിട്ടേറ്റ് ദാരുണാന്ത്യമുണ്ടായത് കഴിഞ്ഞ മാസമാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏഴോളം പേരാണ് ഈ പ്രദേശത്ത് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടത്. കർഷകർക്ക് കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. കേരളത്തിലുടനീളം വനാതിർത്തിയോടുചേർന്ന പ്രദേശങ്ങളിലെ അവസ്ഥ ഇതുതന്നെയാണ്. റംബൂട്ടാൻ, മാങ്കോസ്റ്റിൻ തുടങ്ങിയ പഴങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന പദ്ധതിക്കായി 18.92 കോടി രൂപ വകയിരുത്തിയ നടപടി സ്വാഗതം ചെയ്യുന്നു. ഇത് ചാലക്കുടി നിയോജകമണ്ഡലത്തിലെ കർഷകരുടെ ദീർഘകാലത്തെ ആവശ്യമായിരുന്നു. സംസ്ഥാനത്ത് കാർഷികവിള ഇൻഷ്വറൻസ് നഷ്ടപരിഹാര വിതരണം മുടങ്ങിയിരിക്കുകയാണ്. ഈയിനത്തിൽ കർഷകർക്ക് നൽകുവാനുള്ളത് 24 കോടി രൂപയാണ്. എന്നാൽ വകയിരുത്തിയത് 7.5 കോടി രൂപ മാത്രമാണ്. കൃഷിനാശം സംഭവിച്ച് കടക്കെണിയിലായ കർഷകരെ ആത്മഹത്യയിലേയ്ക്ക്

തള്ളിവിടരുത്, പ്രസ്തുത തുക വർദ്ധിപ്പിക്കണം. ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളം മുഴുവൻ ഏറ്റെടുത്ത ഒരു ബഡ്ജറ്റാണിത്. ബഡ്ജറ്റിന്റെ ചർച്ചയിലേയ്ക്ക് വരുന്നതിനുമുമ്പ് എനിക്കൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇന്നലെ കെ-റെയിലിനെക്കുറിച്ചുള്ള ചർച്ചയിൽ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ മക്കളുടെ കത്ത് എന്നുപറഞ്ഞുകൊണ്ട് ഡോ. എം. കെ. മുനീർ ചില പരാമർശങ്ങൾ നടത്തിയിരുന്നു. ഏത് കത്താണ്; എന്തു കത്താണ്? അങ്ങനെയൊരു കത്തിനെക്കുറിച്ച് ഞങ്ങളാരും അറിഞ്ഞിട്ടില്ല. അഥവാ കത്ത് ഉണ്ടെന്നിരിക്കട്ടെ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തീരുമാനങ്ങളെടുക്കുന്നത് കുടുംബയോഗത്തിലല്ല, അതിനുവേണ്ടി പാർട്ടി ഘടകങ്ങളുണ്ട്. കേരളത്തിലെ സി.പി.ഐ.-യുടെ സംസ്ഥാന ഘടകം എടുത്ത തീരുമാനമുണ്ട്, അത് കെ-റെയിൽ വേണമെന്ന തീരുമാനമാണ്. കേരളത്തിന്റെ ഭാവി വികസനത്തിനും ഭാവി തലമുറയ്ക്കുംവേണ്ടി കെ-റെയിൽ പദ്ധതി നടപ്പാക്കണമെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഭാഗമായി ആ നിലയിലുള്ള നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. ഞാൻ ഇന്നലെ നിങ്ങളുടെ

വികസന വിരുദ്ധതയാണ് ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. ആ വികസന വിരുദ്ധതയുടെ പേരിൽ ജനങ്ങളോട് നിങ്ങൾക്ക് മാപ്പുപറയേണ്ടിവരും. യു.ഡി.എഫ്. കല്ലിന്റെയും മണ്ണിന്റെയും ഓരോ ബോഗിയുടെയും കാര്യമാണ് പറഞ്ഞത്. അതുകൊണ്ട് കാര്യമില്ല. കേരള വികസനത്തിന് അനിവാര്യമായ പദ്ധതി എന്നനിലയിൽ കെ-റെയിൽ പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കണം, കേരളത്തിൽ വികസനമുണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് നമുക്കറിയാവുന്നതുപോലെ ഒരു മാതൃകാ ബഡ്ജറ്റാണ്. കേന്ദ്ര ഗവൺമെന്റ് ഒരു ഭാഗത്ത് നിൽക്കുന്നു. കേന്ദ്ര സർക്കാരിന്റെ നിലപാടെന്താണ്; അവർ അവതരിപ്പിച്ച ബഡ്ജറ്റിന്റെ മുഖമെന്താണ്? കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. വരേണ്യ വർഗ്ഗത്തിനുവേണ്ടിയുള്ള പദ്ധതികളാണ് അവർ അവതരിപ്പിക്കുന്നത്. കൂടുതൽ സെസ്സുകളും സർചാർജ്ജുകളും ഏർപ്പെടുത്തി ജനങ്ങളെയാകെ ബുദ്ധിമുട്ടിക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്ത് ബി.ജെ.പി.-ക്കെതിരായ ഒരു രാഷ്ട്രീയ ബദൽ സ്വീകരിക്കുന്ന പ്രസ്ഥാനം കോൺഗ്രസല്ല, ഇടതുപക്ഷമാണെന്നത് പകൽപോലെ വ്യക്തമല്ലേ? രാഷ്ട്രീയ

ബദൽ മാത്രമല്ല വികസന ബദലും രാജ്യത്തിന് മാതൃകയായി മുമ്പോട്ടുവയ്ക്കുന്ന പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എന്നത് വളരെ അഭിമാനത്തോടെ പറയുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഒരു തീരുമാനമെടുക്കുമ്പോൾ സാധാരണക്കാരന്റെ മുഖമാണ് കാണുന്നത്. 1957-ൽ കേരളപ്പിറവിക്കുശേഷം ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അധികാരത്തിൽ വന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽവന്ന് ആദ്യമെടുത്ത തീരുമാനം എന്തായിരുന്നു? അന്നുവരെ കുടിയാന്മാരെ അവരുടെ കുടിലിൽനിന്ന് ഏതുസമയത്തും ഏത് പാതിരാത്രിക്കും ജന്മിക്ക് ഇറക്കിവിടാനുള്ള അധികാരമുണ്ടായിരുന്നു. അതിനെതിരെ സമരംചെയ്തവരാണ് കമ്മ്യൂണിസ്റ്റുകാർ. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ ആദ്യമെടുത്ത തീരുമാനം കുടികിടപ്പുകാരെ ഇറക്കിവിടാൻ പാടില്ല എന്നുള്ളതാണ്. ജന്മിയുടെ ആ അവകാശം നിരോധിച്ചുകൊണ്ടുള്ള തീരുമാനമാണ് ആദ്യത്തെ യോഗത്തിൽത്തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചത്. കഴിഞ്ഞ തവണ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ മുടക്കിയ പെൻഷൻ കുടിശ്ശിക തീർത്തുകൊടുക്കാനുള്ള തീരുമാനമാണ് ആദ്യമെടുത്തത്. ഇപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ വളരെ പ്രാധാന്യത്തോടെ ഞങ്ങൾ പറഞ്ഞ ചില കാര്യങ്ങളുണ്ട്. അതിലൊരു കാര്യമാണ്, അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനാവശ്യമായ നടപടികളുമായി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുമെന്നുള്ളത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അതിദാരിദ്ര്യം അവസാനിപ്പിക്കുന്നതിനുവേണ്ടി വെറും പറച്ചിലല്ല, നൂറ് കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചുകൊണ്ട് ആ പ്രവർത്തനങ്ങൾ ശക്തമായി നടപ്പാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇവിടെ സാധാരണക്കാരന്റെ പ്രശ്നങ്ങളാണ് ഞങ്ങളുടെ പ്രശ്നങ്ങൾ. ലൈഫ് പദ്ധതിയെ സംബന്ധിച്ച് വളരെ ആധികാരികമായി പറയുമ്പോൾ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുകൊടുക്കുവാൻവേണ്ടി കർമ്മ പദ്ധതിയൊരുക്കിയ സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. അതിന് നിങ്ങൾക്ക് ഒരു

സംശയവും വേണ്ട. 2,79,131 വീടുകളാണ് ഇതുവരെ പൂർത്തിയാക്കിയത്. 1871 കോടി രൂപയാണ് ഈ വർഷം നീക്കിവച്ചിട്ടുള്ളത്. ഒരു ലക്ഷം വീടുകൾ ഈ വർഷം പൂർത്തീകരിക്കുമെന്നുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വരുന്ന അഞ്ച് വർഷ കാലാവധി പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിക്കുമെന്നുള്ള പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്. വെറുതെ പ്രഖ്യാപനം നടത്തുന്ന സർക്കാരല്ല, പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്ന സർക്കാരാണ് ഇതെന്ന് നിങ്ങൾക്കറിയാം. സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്കുവേണ്ടി 4685 കോടി രൂപയും കാരുണ്യ ചികിത്സാ പദ്ധതിക്കുവേണ്ടി 500 കോടി രൂപയും പട്ടിജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി 2671 കോടി രൂപയുമാണ് ഈ ഗവൺമെന്റ് നീക്കിവച്ചിട്ടുള്ളത്. പൊതുവിതരണ സംവിധാനത്തിന്റെ കരുത്തിനെ സംബന്ധിച്ച് അഭിമാനത്തോടുകൂടി നമ്മൾ പറയാറുണ്ട്. ഇന്ത്യയ്ക്ക് മാതൃകയായി ഏറ്റവും നല്ല പൊതുവിതരണ സംവിധാനം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. കോവിഡ് കാലത്ത് കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടാതിരിക്കുന്നതിനുവേണ്ടി ഭക്ഷ്യ

കിറ്റുകളടക്കം വിതരണം നടത്തിയ സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. പ്രളയകാലം, മഹാമാരി, യുദ്ധം അങ്ങനെയുള്ള സാഹചര്യങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. നാളെയും ഇത്തരം കാര്യങ്ങൾ ആവർത്തിക്കും. അത്തരം സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടാൻ പാടില്ല എന്നുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് രണ്ടായിരം കോടി രൂപ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്താനും വിലക്കയറ്റം തടയുന്നതിനും വേണ്ടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഇത് കാർഷിക മേഖലയ്ക്ക് ഉണർവ്വേകുന്നൊരു ബഡ്ജറ്റാണ്. ധനകാര്യ വകുപ്പുമന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം കർഷക പ്രസ്ഥാനത്തിന്റെ നേതാവും അതോടൊപ്പം ഒരു കർഷകനുമാണ്. അദ്ദേഹം കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായുള്ള ഒട്ടേറെ നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നെൽകൃഷിയുടെ താങ്ങുവില വർദ്ധിപ്പിച്ചു, റബ്ബർ സബ്സിഡിക്ക് 500 കോടി രൂപ നീക്കിവച്ചു, നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി 2000 രൂപയിൽ നിന്ന് 3000 രൂപയായി വർദ്ധിപ്പിച്ചു. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നുള്ള ഒരു ജനകീയ

പദ്ധതി കൃഷി വകുപ്പ് ഏറ്റെടുത്ത് മുന്നോട്ടുപോകുകയാണ്. കാർഷിക മേഖല ശക്തിപ്പെടണമെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാകണം. അതിന് മുൻതൂക്കം കൊടുത്തുകൊണ്ട് വലിയ പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. കാർഷിക മേഖലയ്ക്കുവേണ്ടി 881.96 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. അതുപോലെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ലോകത്തിനാകമാനം മാതൃകയായിട്ടുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യ മേഖലയിൽ സംഘടിപ്പിച്ചത്. വികസിത രാജ്യങ്ങൾപോലും പകച്ചുനിന്ന അവസരത്തിൽ, വലിയ കോവിഡ് മരണങ്ങൾ അവിടെ ഉണ്ടായപ്പോൾ ജനങ്ങളാകെ പ്രയാസപ്പെട്ടപ്പോൾ ലോകത്തിനും രാജ്യത്തിനും മാതൃകയായി ഏറ്റവും മികച്ച നിലയിൽ ആരോഗ്യ സംവിധാനങ്ങളൊരുക്കികൊണ്ട് കേരളത്തിലെ ജനങ്ങളെ ചേർത്തുപിടിച്ച സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4300 പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നത് നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. നമ്മുടെ ആരോഗ്യ മേഖലയെയും പൊതുജനാരോഗ്യത്തെയും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധതയോടെ നീങ്ങുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി

ഗവൺമെന്റ്. ആരോഗ്യ മേഖലയ്ക്കുവേണ്ടി 2629 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇവിടെ കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കേരളത്തിൽ കശുവണ്ടി വ്യവസായം ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുന്ന സമയത്തെല്ലാം കശുവണ്ടി മേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഈ ഗവൺമെന്റ് കശുവണ്ടി മേഖലയ്ക്കുവേണ്ടി ഫണ്ട് നീക്കിവച്ചിട്ടുണ്ട്. ഇപ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയം ചില സ്വകാര്യ ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന സാഹചര്യമുണ്ട്. അവ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. കാപെക്സ്, കശുവണ്ടി വികസന കോർപ്പറേഷൻ തുടങ്ങിയവയുടെ ഫാക്ടറികളിൽ ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇപ്പോൾ കശുവണ്ടി മേഖലയ്ക്ക് പണം അനുവദിച്ചിട്ടുണ്ട്. ഈ മേഖലയെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. എന്നാൽ ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികളടക്കം പണിയെടുക്കുന്ന ഒരു മേഖല എന്നുള്ള തരത്തിൽ കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേക

പാക്കേജുണ്ടാകണം. അതുപോലെ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും കൂടുതൽ പ്രവർത്തന മൂലധനം അനുവദിച്ചുകൊണ്ട് ആ മേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കൊല്ലം ജില്ലയുമായി ബന്ധപ്പെട്ട്, കൊല്ലം-ചെങ്കോട്ട എം.സി. റോഡിന്റെ വികസനത്തിനുവേണ്ടി 1500 കോടി രൂപ അനുവദിച്ച അങ്ങയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അങ്ങയുടെ കഴിഞ്ഞ ബഡ്ജറ്റിൽ ജൈവ വൈവിദ്ധ്യ സർക്യൂട്ട് പ്രഖ്യാപിക്കുകയുണ്ടായി. അത് കൊല്ലം ജില്ലയുടെ കിഴക്കൻ മേഖല ഉൾപ്പെടെവരുന്ന നല്ലൊരു പ്രഖ്യാപനമായിരുന്നു. അതുപോലെ ഈ ബഡ്ജറ്റിൽ അച്ചൻകോവിൽ-കുളത്തുപ്പുഴ-ആര്യൻകാവ്-കൊട്ടാരക്കര-പുനലൂർ-ശബരിമലയുമായി ബന്ധപ്പെടുത്തുന്ന ഒരു തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രഖ്യാപിക്കുകയുണ്ടായി. തീർച്ചയായും ആ പ്രഖ്യാപനത്തെ അങ്ങേയറ്റം സന്തോഷത്തോടെ സ്വാഗതം ചെയ്യുകയാണ്. ദേശീയ പാതയിൽ തുടങ്ങി ദേശീയ പാതയിൽ അവസാനിക്കുന്ന തമിഴ്നാടുമായി ഏറെ ബന്ധപ്പെടുന്ന പുനലൂരിൽ വലിയ ഗതാഗതക്കുരുക്ക്

ഒഴിവാക്കുന്നതിനുവേണ്ടി പുനലൂർ ബൈപാസിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അങ്ങിവിടെ ആറ് ബൈപാസുകൾ പ്രഖ്യാപിക്കുകയുണ്ടായി. ഏറ്റവും പ്രാധാന്യമുള്ള ഒരു ബൈപാസ് എന്നുള്ള തരത്തിൽ അത് യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

യുക്രൈനിലുള്ള കേരളത്തിലെ കുട്ടികളെ നാട്ടിൽ കൊണ്ടുവരുന്നതിനുവേണ്ടി ഗവൺമെന്റ് എടുത്ത പ്രവർത്തനങ്ങൾ വളരെ സ്വാഗതാർഹമാണ്. അവിടെ നമ്മുടെ കുട്ടികൾ വലിയ പ്രയാസങ്ങൾ നേരിട്ടു. പക്ഷേ മലയാളി സംഘടനകളെല്ലാം അവരെ സഹായിക്കാനുണ്ടായിരുന്നു. കേരള സർക്കാരിന് ഒട്ടേറെ പരിമിതികളുണ്ടായിരുന്നു. എങ്കിലും ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ വിദ്യാർത്ഥികളെ കൊണ്ടുവരുന്നതിനും സഹായിക്കുന്നതിനും കേരള സർക്കാരും നോർക്ക ഡിപ്പാർട്ടുമെന്റും മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചത്. അവസാന വർഷ വിദ്യാർത്ഥികളുടെ ഭാവിപ്രശ്നവും അവരുടെ പഠനോപകരണങ്ങളെല്ലാം

അവിടെയാണ്. മാത്രവുമല്ല വിദ്യാഭ്യാസ വായ്പ എടുത്ത കുട്ടികളുണ്ട്. അവർക്ക് ഇവിടെ പഠിക്കാനുള്ള സംവിധാനത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. അതൊക്കെ യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. കുട്ടികളുടെ തുടർ പഠനം ഉറപ്പാക്കാൻ ആവശ്യമായിട്ടുള്ള എല്ലാ പ്രവർത്തനവും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി സർക്കാർ സ്വീകരിക്കണം. അതിനുവേണ്ടി പണം അനുവദിച്ചത് സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. ഈ ഗവൺമെന്റിന്റെ ജനകീയ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, അടിസ്ഥാന പ്രശ്നങ്ങളെ അവഗണിക്കുന്ന ഭാവനാശൂന്യമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. തൊഴിലും വരുമാനവും നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിനോ തളരുന്ന സാമ്പത്തികസ്ഥിതിയെ മെച്ചപ്പെടുത്താനോ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനോ പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനോ യാതൊരു ശ്രമവും നടത്താത്ത ഭാവനാശൂന്യമായ ഒരു ബഡ്ജറ്റാണിതെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. സംസ്ഥാന വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ

മാർഗ്ഗങ്ങൾ നോക്കാതെ പരമ്പരാഗത മാർഗ്ഗമായ വസ്തു, വാഹനം എന്നിവയെ ആശ്രയിക്കുകയും മൂലധന ചെലവുകൾക്കായി സ്ഥിരം കിഫ്ബിയെ ശരണം വിളിക്കുകയുമാണ് ഈ ബഡ്ജറ്റ് നടത്തിയിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ ആദ്യത്തെ സമ്പൂർണ്ണ ബഡ്ജറ്റും സംസ്ഥാനത്തെ അറുപത്തിയഞ്ചാമത്തെ ബഡ്ജറ്റുമാണ് ഇപ്പോൾ അവതരിപ്പിച്ചത്. കേരളം നേരിടുന്ന പ്രധാന വെല്ലുവിളി എന്തൊക്കെയാണെന്നും അത് പരിഹരിക്കുന്നതിന് ബഡ്ജറ്റ് എത്രത്തോളം സഹായകരമാണെന്നും പരിശോധിക്കുമ്പോഴാണ് ഈ ബഡ്ജറ്റ് അധരവ്യായാമമാണെന്ന് പറയേണ്ടി വരുന്നത്. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത് 'കോവിഡ് കാലത്ത് സമ്പദ്ഘടനയ്ക്കും പൗരന്മാർക്കും ഉണ്ടായ ക്ഷീണവും നഷ്ടവും പരിഹരിക്കാൻ ഭരണകൂടത്തിന്റെ ശക്തമായ ഇടപെടൽ ഉണ്ടായേ മതിയാകൂ, ജനങ്ങളുടെ കയ്യിലേയ്ക്ക് പണമെത്തിച്ച് സമ്പദ്ഘടനയിലെ ഡിമാന്റ് വർദ്ധിപ്പിക്കണം, അസമത്വം ലഘൂകരിക്കണം' - ഇത് അദ്ദേഹത്തിന്റെ പ്രസംഗത്തിലുള്ള വാചകങ്ങളാണ്. ഇത് അദ്ദേഹം കേന്ദ്രഗവൺമെന്റിനെ ഉദ്ദേശിച്ചാണ് പറഞ്ഞത്. എന്നാൽ കേരളത്തിന്റെ

സ്ഥിതിയെസംബന്ധിച്ചും ഈ സാഹചര്യത്തെ എങ്ങനെയാണ് മറികടക്കുന്നതെന്നും അദ്ദേഹം വിസ്മരിക്കുകയാണ്. അതിനെക്കുറിച്ച് പറയുന്നതേയില്ല; കേന്ദ്രം ചെയ്യട്ടെയെന്നാണ്. കേരളത്തിലെ സമ്പദ് വ്യവസ്ഥ, കഴിഞ്ഞ രണ്ടുവർഷക്കാലം കോവിഡ് മഹാമാരിയുടെ ഫലമായി ആയിരക്കണക്കിന് ആളുകളുടെ തൊഴിലും വരുമാന നഷ്ടവുമുണ്ടായിട്ടുണ്ട്. ചെറുതും വലുതുമായ സംസ്ഥാനത്തെ ഏകദേശം പതിനാല് ലക്ഷത്തോളം വരുന്ന വ്യാപാര സ്ഥാപനങ്ങളിൽ രണ്ടുലക്ഷത്തിലധികം കടകൾ ഇതിനകം പൂട്ടിപ്പോയിട്ടുണ്ട്. ഇവർക്ക് ഉത്തേജനം നൽകാനുള്ള ഒരു നിർദ്ദേശവും ബഡ്ജറ്റിലില്ല. സാധാരണ ജനങ്ങളുടെ കയ്യിലേയ്ക്ക് പണമെത്തിയാൽ അത് വിപണിയിലെത്തി സാമ്പത്തിക പ്രവർത്തനങ്ങളെ ചലിപ്പിക്കും. അതിനുള്ള ഉചിതമായ വഴിയെന്നുപറയുന്നത് ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയാണ്. അതുണ്ടായിട്ടില്ല. അപ്പോൾ കോവിഡ് കാലത്ത് വന്നിട്ടുള്ള ഈ പ്രതിസന്ധിയെ മറികടക്കുന്നതിനുവേണ്ടി യാതൊരുവിധ നടപടിയും ഇതിന്റെകൂടെയില്ലെന്നുള്ളതാണ് ഞാൻ പറയുന്നത്. അതുപോലെ മോശമായ സാമ്പത്തിക സാഹചര്യത്തെ മറികടക്കാനുള്ള ചെലവുചുരുക്കൽ പരിപാടിയൊന്നും തന്നെ ബഡ്ജറ്റിലില്ല. ആവശ്യമില്ലാത്ത തസ്തികകൾ

കുറച്ചും അനാവശ്യമായ ചെലവുകൾക്ക് സാമ്പത്തിക നിയന്ത്രണങ്ങൾ വരുത്തിയും സാമ്പത്തിക ചോർച്ച തടയാനുള്ള ഒരു നടപടിയും ഈ ബഡ്ജറ്റിൽ കാണുന്നില്ലെന്നതുകൊണ്ടാണ് ഞാനിതിനെ എതിർക്കുന്നത്.

എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്, ബഹുമാനപ്പെട്ട മന്ത്രിയുടെ ഭൂപടത്തിൽ മലപ്പുറം ജില്ല ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഏറ്റവും അധികം ജനങ്ങൾ തിങ്ങി താമസിക്കുന്ന മലപ്പുറം ജില്ലയ്ക്ക് അർഹമായ ഒരു പരിഗണനയും ഈ ബഡ്ജറ്റിൽ എവിടെയും കാണുന്നില്ല. അവിടെയുള്ള പദ്ധതികൾക്ക് പണം നീക്കിവച്ചിട്ടില്ല. പല പദ്ധതികൾക്കും പ്രത്യേകമായി പണം നീക്കിവച്ചിട്ടുണ്ട്. കുട്ടനാടിന് പ്രത്യേക പാക്കേജുണ്ട്. അതുപോലെ ഓരോ ജില്ലയ്ക്കും പ്രത്യേക പദ്ധതികളുണ്ട്. ഇടുക്കി, വയനാട്, കാസർഗോഡ് പാക്കേജുകൾക്ക് പണം വകയിരുത്തിയിട്ടുണ്ട്. അതുപോലെ പല ഇടനാഴികൾക്കും പാർക്കുകൾക്കും പണം വകയിരുത്തിയിട്ടുണ്ട്. പക്ഷേ മലപ്പുറം ജില്ലയ്ക്ക് ഇടനാഴി പോയിട്ട് ഇടവഴിക്ക് പോലുമുള്ള പണമില്ലെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. അങ്ങ് എങ്ങനെയാണ് ഇങ്ങനെയൊരു നിലപാടിലേയ്ക്ക് വന്നതെന്ന് എനിക്കറിയില്ല. ഒട്ടേറെ പദ്ധതികൾ നോക്കിയാൽ അത് പ്രത്യേകമായി

കാണാൻ കഴിയും. മലപ്പുറം ജില്ലയ്ക്ക് ആകെ തുക അനുവദിച്ചിട്ടുള്ളത് മങ്കട മണ്ഡലത്തിലെ മൂർക്കനാടുള്ള മിൽമാ പ്രോജക്ടിന് മാത്രമാണ്; അത് നടന്നുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. അല്ലാതെ ഒരു പദ്ധതിക്കും ഇവിടെ തുക അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി എല്ലാ എം.എൽ.എ.-മാരോടും 20 വർക്ക് ബഡ്ജറ്റിൽ ചേർക്കാൻവേണ്ടി ആവശ്യപ്പെട്ടു. ഇങ്ങനെ കുഴപ്പത്തിലാക്കേണ്ട വല്ല കാര്യവുമുണ്ടോ; 20 വർക്ക് എഴുതുന്നതിനുമുമ്പ് ജനപ്രതിനിധികളോട് ചോദിച്ചിട്ടല്ലേ ഞങ്ങൾ എഴുതി തരുന്നത്? അവർക്ക് വലിയ പ്രതീക്ഷയാണ്. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്ന് പറഞ്ഞതുപോലെ ഇപ്പോൾ എല്ലാം ശരിയാകുമെന്ന് പറയുകയാണ്. അതിനുള്ള പണമെവിടെ?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: 20 വർക്ക് എഴുതി കൊടുക്കാൻ പറഞ്ഞു. അതിൽ 19 വർക്കുകൾക്ക് കിട്ടിയിട്ടുള്ളത് 1900 രൂപയാണ്. ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് ഏഴ് മിനിട്ടേയുള്ളൂ. എല്ലാവർക്കും വഴങ്ങി കൊടുത്താൽ സമയം പോകും.

<u>ശ്രീ. കെ. പി. എ. മജീദ്:</u> ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി

ശ്രദ്ധിക്കണം. എം.എൽ.എ.-മാരെ കുഴപ്പത്തിലാക്കരുത്. ഞങ്ങളോട് വർക്ക് ചോദിച്ചാൽ ഞങ്ങൾക്ക് ജനപ്രതിനിധികളോടും പഞ്ചായത്തിനോടും ചോദിക്കണം. അങ്ങനെയൊരു ലിസ്റ്റുണ്ടാക്കിയതിനുശേഷം ആകെ ഒരു വർക്ക് തന്നാൽ....... അങ്ങ് നിയമസഭാ സാമാജികനാണല്ലോ. ജനങ്ങളോട് മറുപടി പറയേണ്ടയാളല്ലേ? ഇത്രയും ക്രൂരമായ നിലപാട് അങ്ങ് സ്വീകരിക്കേണ്ടിയിരുന്നില്ലെന്നാണ് എന്റെ പക്ഷം. അതുപോലെയാണ് എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ കാര്യവും. കോവിഡ് സാഹചര്യത്തിൽ സ്വാഭാവികമായും നാല് കോടി രൂപ നീക്കിവയ്ക്കാൻ പറഞ്ഞപ്പോൾ നമ്മളെല്ലാം അനുകൂലിച്ചു. പക്ഷേ ഇപ്പോൾ അതിനുവേണ്ടി ഫണ്ട് ചെലവാക്കുന്നില്ല. അത് അങ്ങനെ കിടക്കുകയാണ്. ഇപ്പോഴുള്ള വർക്കുതന്നെ തീരുമാനമാകാതെ എല്ലാ കാര്യങ്ങളും മുടങ്ങിക്കിടക്കുന്ന ഒരു പ്രത്യേകമായ സാഹചര്യമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ അങ്ങ് വ്യക്തമായ നിലപാടെടുക്കണം.

ഞാൻ എന്റെ മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ പറയാം. ഇത്തവണ അങ്ങ് മന്ത്രിയായ ഉടനെ ഞാൻ മസ്കറ്റ് ഹോട്ടലിൽവന്ന് അങ്ങേയ്ക്ക് പരപ്പനങ്ങാടി കോടതി സമുച്ചയത്തിന്റെ കാര്യം സംബന്ധിച്ച്

നിവേദനം നൽകിയിരുന്നു. ഇത് കേരളത്തിൽ ഏറ്റവുമധികം ലാന്റുള്ള സ്ഥലമാണ്. ആ കോടതി കെട്ടിയുണ്ടാക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ഒരുക്കിയിട്ടുണ്ടെങ്കിലും പണം അനുവദിക്കുന്നില്ല. അതുമാത്രമല്ല അങ്ങ് ശ്രദ്ധിക്കണം, പ്രശസ്ത എഴുത്തുകാരനായ ഒ. ചന്തുമേനോൻ 'ഇന്ദുലേഖ' എന്ന നോവലെഴുതിയത് ഈ കോടതിയിൽ ഇരുന്നാണ്. അന്ന് അവിടെ മുൻസിഫായിരുന്നു. അദ്ദേഹത്തിനോടുള്ള ബഹുമാനം കൊണ്ടെങ്കിലും പണം നീക്കിവയ്ക്കുമെന്ന് ഞാൻ കരുതി. പക്ഷേ ഒന്നും ചെയ്യുന്നില്ല. എന്താണ് ഇങ്ങനെയൊക്കെ? അദ്ദേഹം കുറച്ച് വായിക്കുന്ന ശീലമുള്ള മന്ത്രിയാണ്, എന്തെങ്കിലും ചെയ്യണ്ടേ? ഇന്ദുലേഖ ഒന്നുകൂടി വായിച്ചശേഷം അതിനോടുള്ള താൽപ്പര്യംകൊണ്ട് ഫണ്ട് അനുവദിക്കണമെന്നാണ് എന്റെ അഭിപ്രായം.

അതുപോലെ മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ കുടിവെള്ള പ്രശ്നം നേരിടുന്ന മണ്ഡലമാണ് തിരൂരങ്ങാടി. തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിത് ന്യൂ കട്ട് പുഴ ആഴം കൂട്ടി വാട്ടർ സ്റ്റോറേജ് പദ്ധതി യാഥാർത്ഥ്യമാക്കുന്ന കാര്യം ഇവിടെ ആവശ്യമാണ്. അതിനാവശ്യമായ ഫണ്ടെല്ലാം വച്ചതാണ്; പക്ഷേ അതിന് അംഗീകാരം കൊടുക്കുന്നില്ല, അതിനാവശ്യമായ ഫണ്ട് കാണുന്നില്ല.

അതുപോലെ പ്ലാനറ്റോറിയത്തിന്റെ പണി ഏറെക്കുറെ പൂർത്തീകരിച്ചു. പരപ്പനങ്ങാടി ഭാഗത്തെ സയൻസ് പാർക്കിന്റെ പണി പൂർത്തീകരിച്ച് അതിന് മെഷീനും കാര്യങ്ങളുമൊക്കെയുണ്ട്. അതിനുള്ള ഫണ്ട് ഇപ്പോൾ തടഞ്ഞുവച്ചിരിക്കുകയാണ്. എൽ.ബി.എസ്. പരപ്പനങ്ങാടി......

മി. സ്പീക്കർ: അങ്ങയുടെ സമയം അവസാനിച്ചു.

ശ്രീ. കെ. പി. എ. മജീദ്: അപ്ലൈഡ് സയൻസ് കോളേജിൽനിന്ന് മൂന്നുവർഷം മുമ്പ് പഠനം പൂർത്തിയാക്കി ആദ്യ ബാച്ച് പുറത്തിറങ്ങിയതാണ്. ഇതിനാവശ്യമായ 130 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു കോടി രൂപ നേരത്തെ റിലീസ് ചെയ്തതാണ്. പക്ഷേ ഇപ്പോൾ ആ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. ഇപ്പോൾ അതിനുള്ള ഫണ്ടും കാര്യങ്ങളൊന്നും കൊടുക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മലപ്പുറം ജില്ലയെ പരിഗണിക്കുമ്പോൾ തിരൂരങ്ങാടി മണ്ഡലത്തിലെ ഞാൻ ഈ പറഞ്ഞ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അങ്ങ് സഹായിക്കണമെന്ന് അപേക്ഷിക്കുന്നു. ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ സാധിക്കാത്തതുകൊണ്ട് ഞാൻ എതിർക്കുകയാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, 2022-23-വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുകയാണ്. ഇത്രയും പ്രതികൂലമായ സാമ്പത്തികാവസ്ഥയിലും നാടിന്റെ വികസനം മുരടിക്കരുതെന്ന നിശ്ചയദാർഢ്യത്തോടുകൂടി നല്ലൊരു ബഡ്ജറ്റ് അവതരിപ്പിച്ച കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഞാൻ ബഡ്ജറ്റ് ബുക്ക് കയ്യിലെടുത്തപ്പോൾ ബഹുമാന്യനായ കെ. എം. മാണി സാറിന്റെ മുഖമാണ് ഓർമ്മ വന്നത്. കേരളത്തിൽ 13 ബഡ്ജറ്റുകൾ അവതരിപ്പിച്ച് പാവങ്ങൾക്കും കൃഷിക്കാർക്കുംവേണ്ടി ബഡ്ജറ്റിൽക്കൂടി എന്തൊക്കെ പ്രഖ്യാപിച്ചുവോ, അതുപോലെ, അതെല്ലാംതന്നെ ഈ ബഡ്ജറ്റ് ബുക്കിലും ഉണ്ടെന്ന് അഭിമാനത്തോടുകൂടി ഞാൻ പറയുകയാണ്. കെ. എം. മാണി സാർ ആഗ്രഹിച്ചതുപോലെതന്നെ കാരുണ്യ പദ്ധതിക്ക് 500 കോടി രൂപ മാറ്റിവച്ചുകൊണ്ട് കേരളത്തിലെ പാവപ്പെട്ടവർക്കുവേണ്ടി പ്രിയപ്പെട്ട കെ. എൻ. ബാലഗോപാൽ എടുത്ത തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു.

കേരളത്തിലെ റബ്ബർ കർഷകർക്കുവേണ്ടി 500 കോടി രൂപ മാറ്റി വച്ചുകൊണ്ട് റബ്ബർ കർഷകരെ ഉദ്ധരിക്കാൻ വേണ്ടി അങ്ങെടുത്ത തീരുമാനം

കേരളത്തിലെ കർഷകർക്കുവേണ്ടിയാണ്. അതോടൊപ്പം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാനെടുത്ത തീരുമാനത്തിലൊരു കാര്യം കൂടി അങ്ങ് ചെയ്യണം. 28 രൂപ 20 പൈസ എന്നതിനുപകരം 30 രൂപയായി വർദ്ധിപ്പിക്കാൻ അങ്ങ് തീരുമാനമെടുക്കണം. അതോടൊപ്പം നെല്ലിന്റെ ഹാൻഡ്ലിംഗ് ചാർജ് ഒരു ക്വിന്റലിന് 12/- രൂപയാണ്. അത് വളരെ അപര്യാപ്തമാണ്. ഒരു ക്വിന്റൽ നെല്ല് ഹാൻഡ്ലിംഗ് ചെയ്യണമെന്നുണ്ടെങ്കിൽ ഇപ്പോൾ കൃഷിക്കാർക്ക് 200/- രൂപയിൽ കൂടുതൽ ചെലവാണ്. അതുകൊണ്ട് നെല്ലിന്റെ ഹാൻഡ്ലിംഗ് ചാർജ് വർദ്ധിപ്പിച്ചുകൊണ്ട് പാവപ്പെട്ട നെൽക്കർഷകരെ അങ്ങ് പരിപാലിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

ഭൂനികുതിയുടെ കാര്യം ഇവിടെ പറഞ്ഞു. ഭൂനികുതി പരിഷ്കരിക്കുമ്പോൾ പാവപ്പെട്ട നെൽക്കർഷകർക്ക് അർഹമായ രീതിയിൽ അവരുടെ നികുതി ഭാരം വർദ്ധിപ്പിക്കാതെ ഒരു തീരുമാനമുണ്ടാക്കണം. പാടശേഖരങ്ങളിൽ അധികമായി ഭൂനികുതി ഏർപ്പെടുത്താതെ നെൽക്കർഷകരെ സംരക്ഷിക്കുന്നതിന് അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഒരു തീരുമാനമുണ്ടാകണം. കേരളത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളെല്ലാം

നമുക്കറിയാം. പ്രതിപക്ഷ കക്ഷികളോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, നിങ്ങൾ കേരളത്തിലെ പത്രങ്ങളെല്ലാം വായിച്ചുകാണണമെന്ന് ഞാൻ വിചാരിക്കുകയാണ്. ബഡ്ജറ്റ് അവതരണശേഷം കേരളത്തിലെ പത്രങ്ങളിലെ എഡിറ്റോറിയലുകളും ബഡ്ജറ്റിനെക്കുറിച്ചുള്ള അവരുടെ അവലോകനത്തിന്റെ കോപ്പിയുമെല്ലാം എന്റെ കൈവശമുണ്ട്. 'ഉണർവോടെ കാർഷികം' എന്നാണ് ഒരു പത്രം പറഞ്ഞിരിക്കുന്നത്. 'ബുദ്ധിമുട്ടുകൾ ഏറെയുണ്ടെങ്കിലും ബുദ്ധിമുട്ടിക്കില്ല ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി' എന്നാണ് മറ്റൊരുപത്രം പറഞ്ഞിരിക്കുന്നത്. കേരളത്തിലെ പത്രങ്ങളെല്ലാം എടുത്ത് പരിശോധിച്ചാൽ ഈ ബഡ്ജറ്റിന്റെ ഓരോ കാര്യങ്ങളും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എടുത്തുപറയുകയാണെങ്കിൽ, കാർഷികമേഖലയ്ക്ക് ഏറ്റവുമധികം കരുതൽ കാണിച്ച ഒരു സർക്കാരാണിത്.

കോവിഡ്-19-ന്റെ ഈ കാലഘട്ടത്തിൽ ഒട്ടേറെ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടും കേരളത്തെ താങ്ങി നിർത്തിയ ഒരു സർക്കാരിന്റെ തുടർച്ചയാണ് ഇന്നത്തെ സർക്കാർ. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കിഫ്ബി എന്നുപറയുമ്പോൾ തന്നെ എല്ലാവർക്കും അലർജിയായിരുന്നു.

കിഫ്ബി ഇവിടെ ആവശ്യമുണ്ടോയെന്നാണ് ചോദിച്ചത്. കിഫ്ബി ഫണ്ടുവഴി ഇന്ന് കേരളത്തിലെ നിയോജക മണ്ഡലങ്ങളിൽ എത്രയേറെ പ്രവർത്തനങ്ങളാണ് നടക്കുന്നത്. പ്രതിപക്ഷ അംഗങ്ങൾ പോലും അവരവരുടെ മണ്ഡലത്തിൽ ഈ പ്രവർത്തനങ്ങൾ കൊണ്ടുവരാൻ മത്സരിച്ച് നിൽക്കുകയാണ്. കൃഷിക്കാരുടെ കാര്യം സൂചിപ്പിക്കുകയാണെങ്കിൽ, ഇവിടെ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനങ്ങൾ പ്രശംസനീയമാണ്. കൃഷി സാർവ്വത്രികമാക്കാൻ പച്ചക്കറി കൃഷിയെ കേരളത്തിലെ വീടുകളിലെത്തിക്കാൻ അദ്ദേഹം നടത്തുന്ന ശ്രമങ്ങളെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. അതുപോലെ നമ്മുടെ ജലസേചന വകുപ്പുമന്ത്രി കേരളത്തിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാൻ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. കോടിക്കണക്കിന് രൂപയാണ് അതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. 25 വർഷത്തെ വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. സാധാരണ ജനങ്ങൾക്ക് അധികഭാരം ഏൽപ്പിക്കുന്നില്ല എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

മാനവവിഭവ ശേഷിയുടെ ശാക്തീകരണം ലക്ഷ്യമിട്ട് അവതരിപ്പിച്ച

ബഡ്ജറ്റിനെ കേരള കോൺഗ്രസ്സ്(എം) പാർട്ടി ചെയർമാൻ ശ്രീ. ജോസ് കെ. മാണി വിശേഷിപ്പിച്ചത് അഗ്രി എഡിറ്റഡ് ബഡ്ജറ്റ് എന്നാണ്. കാർഷികം, വിദ്യാഭ്യാസം, ശാസ്ത്രസാങ്കേതികം തുടങ്ങിയ രംഗങ്ങളിൽ നല്കിയിട്ടുള്ള പരിഗണന കാണുമ്പോൾ ഈ വിശേഷണം തികച്ചും അനുയോജ്യമാണ്. കാർഷിക മേഖലയുടെ വികസനത്തിനും നിലവിലെ പദ്ധതികളുടെ വികേന്ദ്രീകരണത്തിനുമായി 881.96 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. മുൻ വർഷത്തേക്കാൾ 48 കോടി രൂപ അധികമാണ്. രണ്ടാം കുട്ടനാട് പാക്കേജിന് 140 കോടി രൂപയും ഇടുക്കി, വയനാട്, കാസർഗോഡ് പാക്കേജിന് 75 കോടി രൂപ വകയിരുത്തിയതും ശ്രദ്ധേയമാണ്. നെല്ലിന്റെ താങ്ങുവില 30 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനം ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ തന്നെ ഹാൻഡ്ലിംഗ് ചാർജിന് കാര്യമായ വർദ്ധനവ് ഉണ്ടാകണം. കാർഷിക ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഫാം പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് 29 കോടി രൂപയും കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് 100 കോടി രൂപയും വകയിരുത്തിയിരിക്കുന്നത്

അഭിനന്ദനാർഹമാണ്. അതോടൊപ്പം ഞാൻ ഇവിടെ ആവശ്യപ്പെടുന്ന ഒരു കാര്യം, കൃഷി ആവശ്യങ്ങൾക്ക് 6 പേരടങ്ങുന്ന കാർഷിക ഗ്രൂപ്പുകൾക്ക് 75000/- രൂപ വച്ച് ലോൺ കൊടുക്കുന്ന ഒരു പദ്ധതി ഉണ്ടായിരുന്നു. ദേശസാൽകൃത ബാങ്കുകൾ മുഖാന്തരം നടപ്പിലാക്കുന്ന ഒരു പദ്ധതിയായിരുന്നു. 2016 വരെ കൃഷിക്കാർ കൃത്യമായി തിരിച്ചടച്ചിരുന്നു. 2017 മുതലുണ്ടായ പ്രകൃതി ദുരന്തംമൂലം കൃഷിക്കാരുടെ തിരിച്ചടവിൽ കുടിശ്ശികയുണ്ടായി. എസ്.ബി.ഐ. വായ്പയുടെ 31% വാങ്ങി ക്ലോസ് ചെയ്യാൻ തീരുമാനിച്ചു. പക്ഷെ മറ്റ് ബാങ്കുകൾ ഒന്നുംതന്നെ ഇത്തരത്തിൽ നടപടി സ്വീകരിക്കുന്നില്ല. അടിയന്തരമായി സർക്കാർ ഇടപെട്ട് മറ്റ് ബാങ്കുകൾക്കുകൂടി കൃഷിക്കാരുടെ കൈയിൽ നിന്ന് വളരെ കുറച്ചുതുക വാങ്ങിച്ചുകൊണ്ട് അത് ക്ലോസ് ചെയ്യാനുള്ള തീരുമാനം ഉണ്ടാകണം.

അതോടൊപ്പം കോട്ടയം മീനച്ചിൽ നദീജല പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. കൂടാതെ കല്ല്, മണൽ, സിമന്റ് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റുകളിൽ കാലോചിതമായ വ്യത്യാസം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കണം. അതോടൊപ്പം

ചങ്ങനാശ്ശേരിക്ക് വേണ്ടി ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ചങ്ങനാശ്ശേരിയുടെ പടിഞ്ഞാറൻ ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ ബൈപ്പാസുകളുടെ ലിസ്റ്റിൽ ചങ്ങനാശ്ശേരി ബൈപ്പാസും പടിഞ്ഞാറൻ ബൈപ്പാസും ഉൾപ്പെടുത്തിക്കൊണ്ട് ചങ്ങനാശ്ശേരിക്ക് അനുകൂലമായ നിലപാടെടുക്കണമെന്ന് വളരെ വിനീതമായി ഞാൻ അപേക്ഷിക്കുന്നു.

ഭൂനികുതി വർദ്ധിപ്പിക്കുമ്പോൾ നെൽകൃഷിക്കാരുടെ ഭൂനികുതി അധികമായി വർദ്ധിപ്പിക്കാതെ അവർക്ക് വളരെ അനുകൂലമായ ഒരു രീതിയുണ്ടാക്കുകയാണെങ്കിൽ വളരെ നല്ലതായിരുന്നു. കാരുണ്യ പദ്ധതിവഴി കേരളത്തിലെ പാവപ്പെട്ട രോഗികൾക്കുവേണ്ടി 500 കോടി രൂപ അനുവദിച്ച കാര്യം എടുത്തുപറയേണ്ടതാണ്. കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കർഷകർക്ക് അനുകൂലമായ ബഡ്ജറ്റ് എന്ന് പലരും പറയുകയുണ്ടായി. പക്ഷെ സാമ്പത്തിക പ്രതിസന്ധി കാരണം കർഷകർ ബുദ്ധിമുട്ടുന്ന ഈ പശ്ചാത്തലത്തിൽ അടിസ്ഥാന ഭൂനികുതി നേരെ

ഇരട്ടിയാക്കിയിരിക്കുകയാണ്. 10 - 15 % വർദ്ധിപ്പിക്കുന്നത് മനസ്സിലാക്കാം. ഏറ്റവും പാവപ്പെട്ട സാധാരണക്കാരുടെ ഭൂനികുതി ഇരട്ടിയാക്കിയതിന് യാതൊരു നീതീകരണവുമില്ല. പത്തോ പതിനഞ്ചോ ശതമാനമാക്കി മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ താങ്ങുവില പ്രഖ്യാപിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. പല ഉല്പന്നങ്ങളുടേയും വില വളരെ താഴെയാണ്. ഏലം കർഷകർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ കൃഷിയുടെ കാര്യം വളരെ പരിതാപകരമാണ്. അതുകൊണ്ട് ഒരു മിനിമം സപ്പോർട്ട് പ്രൈസ് പോലും പ്രഖ്യാപിക്കാതിരുന്നത് ശരിയായില്ല. ഇനിയെങ്കിലും അതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. റബ്ബറിന്റെ താങ്ങുവില (സംഭരണ വില) 160/- രൂപ തീരെ അപര്യാപ്തമാണ്. എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ താങ്ങുവില 250/- രൂപയാക്കുമെന്നാണ് പറഞ്ഞിരുന്നത്. 200/- രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

പാക്കേജുകളെക്കുറിച്ച് പറയുകയാണെങ്കിൽ ഇടുക്കി പാക്കേജിന് 12000 കോടി രൂപയാണെന്നാണ് പറഞ്ഞിരുന്നത്. അതിപ്പോൾ 75 കോടി രൂപയായി ചുരുങ്ങിയിരിക്കുന്നു. ഇടുക്കി പാക്കേജ് ഫലപ്രദമായി

നടപ്പാക്കത്തക്കവണ്ണം നല്ല ഭേദഗതി വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വന്യമൃഗങ്ങളുടെ ആക്രമണം ഒഴിവാക്കണമെങ്കിൽ പ്രധാനമായും വന്യമൃഗങ്ങൾ വനത്തിൽത്തന്നെ കഴിയണം. അതിനാവശ്യമായ വെള്ളവും ആഹാരമുണ്ടാകണം. തടയണകൾ നിർമ്മിച്ചാൽ വേനൽക്കാലത്ത് മൃഗങ്ങൾ നാട്ടിലേയ്ക്ക് വരികയില്ല. ഈറ്റയും വെള്ളവുമുണ്ടെങ്കിൽ ആന അവിടെ നില്ക്കും. കുരങ്ങന്മാരെയൊക്കെ അവിടെ നിർത്താൻ പ്ലാവ് പോലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് ഉചിതമാണ്. അത്തരത്തിലൊരു പരിപാടി വനം വകുപ്പ് ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇടുക്കിയിലെ തന്നെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം 1964-ലെയും 1993-ലെയും കേരള ഭൂമി പതിവ് ചട്ടങ്ങളാണ്. ഹൈക്കോടതി ഇടപെട്ട ഒരു വിഷയമാണിത്. കൃഷി ചെയ്യാനും വീട് വയ്ക്കാനും മാത്രമേ ഈ പട്ടയം ഉപയോഗിക്കാവൂ. അത് മാറ്റണം. മാറ്റണമെന്ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലും ഏകദേശം തീരുമാനമായതാണ്. ഇന്നലെ എനിക്കൊരു ശുഭോതർക്കമായ കാര്യം വന്നു, മാർച്ച് 14-ാം തീയതി റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിയിൽ ഭൂമി പതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന്

ചീഫ് സെക്രട്ടറിയേയും നിയമവകുപ്പ് സെക്രട്ടറിയേയും അഡ്വക്കേറ്റ് ജനറലിനേയും ചുമതലപ്പെടുത്തിയതായി കാണുന്നു. അടിയന്തരമായി നടപടി സ്വീകരിച്ച് ഈ ഭൂമി പതിവ് ചട്ടങ്ങളിൽ മാറ്റങ്ങളുണ്ടാക്കണം.

കർഷകരുടെ അടിസ്ഥാനപരമായ വിഷയങ്ങൾ നിലനില്ക്കുമ്പോൾ കേരളാ ബാങ്ക് ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളും ബാങ്കുകളും വൻതോതിൽ ജപ്തി നോട്ടീസ് അയച്ചുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് ജപ്തി നോട്ടീസ് അയച്ചുകൊണ്ടിരിക്കുന്നത്. ഒരു വർഷത്തേയ്ക്കെങ്കിലും മൊറട്ടോറിയം വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെയാണ് പിഴപ്പലിശയുടെ കാര്യം. കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഇത്തരം കാര്യങ്ങളിൽ ധനകാര്യ വകുപ്പ് അടിയന്തരമായി ഇടപെട്ട് നടപടിയുണ്ടാകണം. സംസ്ഥാനത്തെ സാധാരണ ജനങ്ങളെ ബാധിക്കുന്ന ഒട്ടേറെ വിഷയങ്ങളുണ്ട്. അതിവിടെ പലരും സൂചിപ്പിച്ചു. യുക്രെനിൽനിന്ന് എത്തിയ കുട്ടികൾ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുകയാണ്. അവർക്ക് പഠനം തുടരുന്നതിനുള്ള നടപടിയുണ്ടാകണം. തുടർപഠനം നടത്തുന്നതിന് അവരെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതി പ്രഖ്യാപിക്കണം. ഓൺലൈൻ

പഠനത്തെ സംബന്ധിച്ച് ഫീസ് അടയ്ക്കണമെന്ന് അവിടെനിന്ന് കമ്മ്യൂണിക്കേഷൻ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ കുട്ടികളെ സഹായിക്കുന്നതിനുള്ള അടിയന്തര നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തെ ഏറ്റവും സാധാരണക്കാരായ ആളുകളെ ബാധിക്കുന്ന അടിസ്ഥാന ഭൂനികുതി വർദ്ധനവ് ഇരട്ടിയാക്കിയ നടപടിയിൽനിന്നും അങ്ങ് പിന്മാറണം. 10-15 ശതമാനത്തിൽ കൂടുതൽ വർദ്ധിപ്പിക്കാൻ പാടില്ല. റബ്ബറിന്റെ സംഭരണവില ഇരുനൂറ് രൂപയാക്കി പ്രഖ്യാപിക്കണം. കർഷകരെ സഹായിക്കാനുള്ള മിനിമം താങ്ങുവില എല്ലാ ഉല്പന്നങ്ങൾക്കും പ്രഖ്യാപിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. We cannot change the past, but we can change the future എന്നാണല്ലോ. നമുക്ക് ഭൂതകാലത്തെ മാറ്റിമറിക്കാനാവില്ല, എന്നാൽ ഭാവിയെ മാറ്റിയെടുക്കാനാവും എന്ന പ്രസിദ്ധമായ പ്രയോഗമുണ്ട്. അടുത്ത കാൽ

നൂറ്റാണ്ടിൽ കേരളത്തിലെ ജീവിത നിലവാരം വികസിത രാജ്യങ്ങളിലെ ജീവിത നിലവാരത്തിനൊപ്പമെത്തിക്കണമെന്ന വീക്ഷണം യാഥാർത്ഥ്യമാക്കാനുള്ള സുപ്രധാന കാൽവയ്പുകളാണ് ഈ ബഡ്ജറ്റിലുള്ളത് എന്ന് ആമുഖമായി പറയുകയാണ്. വളരെ വെല്ലുവിളികൾ നേരിടുന്ന പ്രതികൂല സാഹചര്യങ്ങളായിരുന്നു നമ്മുടെ മുന്നിലുണ്ടായിരുന്നത്. എന്നാൽ അവയെ അനുകൂലമാക്കിയെടുക്കാൻ ഭാവനയോടൊപ്പം അത്യദ്ധ്വാനവും ആവശ്യമാണെന്ന് ഈ ബഡ്ജറ്റ് നമ്മെ ബോധ്യപ്പെടുത്തുന്നു. ഭൂതകാലത്തിൽ അഭിരമിച്ചുകൊണ്ടിരിക്കുന്നവർക്ക് ഈ ബഡ്ജറ്റ് മനസ്സിലാകില്ല. സമൂഹത്തിന്റെ, സംസ്ഥാനത്തിന്റെ കാൽനൂറ്റാണ്ടിന് ശേഷമുള്ള സാമൂഹിക ജീവിതം എങ്ങനെയാവണം എന്ന കാഴ്ചപ്പാട് ഈ ബഡ്ജറ്റിലുടനീളം നമുക്ക് കാണാൻ സാധിക്കും. യു.ഡി.എഫ്. ഈ ബഡ്ജറ്റിനെ അവരുടെ പരമ്പരാഗതമായ സാമ്പത്തിക ആയുധങ്ങൾ മനസ്സിൽവച്ചുകൊണ്ട് കീറിമുറിക്കാനാണ് നോക്കുന്നത്. യു.ഡി.എഫ്.-ന്റെ പരമ്പരാഗതമായ ബഡ്ജറ്റ് സങ്കൽപ്പമെന്താണ്? ഓരോ വർഷത്തെയും വരവ്-ചെലവ് കണക്കുകൾ അവതരിപ്പിക്കുന്ന ഒരു കണക്കപ്പിള്ളയുടെ രീതിയോടൊപ്പമാണ് യു.ഡി.എഫ്. ഇപ്പോഴും നിൽക്കുന്നത്. എന്നാൽ

ഇടതുപക്ഷത്തിന്റെ ദീർഘവീക്ഷണ കാഴ്ചപ്പാടുള്ള ധനകാര്യ വകുപ്പുമന്ത്രിമാർ ഉയർന്ന നിലവാരമുള്ള സാമ്പത്തിക വിദഗ്ദ്ധരായി നിന്നുകൊണ്ടാണ് ഈ വിഷയങ്ങളെ കൈകാര്യം ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് കേരള ബഡ്ജറ്റ് ശ്രദ്ധേയമാകുന്നത്. 2016-ൽ നോട്ട് നിരോധനം, 2017-ൽ നിപ, 2018-ൽ മഹാപ്രളയം, 2020 മുതൽ കോവിഡ്, 2021-ലെ അതിവൃഷ്ടി തുടങ്ങിയവയൊക്കെ കേരള സമൂഹത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ ചെറുതാണോ? ഈ പ്രത്യാഘാതങ്ങൾക്കിടയിലും നിരവധി നേട്ടങ്ങളുണ്ടായിട്ടുണ്ട്. അവയെല്ലാം ഇവിടെ എടുത്ത് പറയണമെങ്കിൽ ഇന്ന് മുഴുവൻ പ്രസംഗിച്ചാലും തീരില്ല. അത്രയധികം നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് ഈ പ്രത്യാഘാതങ്ങൾക്കിടയിലും കഴിഞ്ഞു എന്നുള്ളതാണ് ഏറ്റവും സുപ്രധാനമായ കാര്യം. ഇത് തിരിച്ചറിയാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. പക്ഷേ നീതി ആയോഗിന് സാധിച്ചതിനാലാണ് നീതി ആയോഗിന്റെ ആദ്യത്തെ ബഹുമുഖ ദാരിദ്ര്യ സൂചികാ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളം മാറാനുള്ള കാരണം. അതുപോലെതന്നെ, വിവിധ സംസ്ഥാനങ്ങളിലെ വികസന സൂചികകൾ പരിശോധിച്ചുനോക്കിയാൽ, ആ

വികസന സൂചികകൾ പരിശോധിച്ച് പ്രസിദ്ധീകരിക്കുന്ന പബ്ലിക് അഫയേഴ്സ് സെന്ററിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് ഏറ്റവും മികച്ച ഭരണ നിർവ്വഹണം കേരളത്തിലാണ്. ഇതിന് ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. മികച്ച പൊതുവിദ്യാഭ്യാസമാണ് ഇവിടത്തേത്. ചരിത്രത്തിലാദ്യമായാണ് പൊതുവിദ്യാലയങ്ങളിലേയ്ക്ക് വിദ്യാർത്ഥികളുടെ എണ്ണം ഇത്രയധികം കൂടിയത്. ഏകദേശം എട്ടര ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് പണം കൊടുത്ത് പഠിച്ചിരുന്ന അൺ എയ്ഡഡ് സ്കൂളുകളിൽനിന്ന് നമ്മുടെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് വന്നത്. അവർ സ്വകാര്യ സ്ഥാപനങ്ങളിലായിരുന്നു എന്നോർക്കണം. ഇത് നിശ്ശബ്ദമായ വിദ്യാഭ്യാസ വിപ്ലവം തന്നെയാണ്. ഇത് ഇടതുപക്ഷത്തിന്റെ പരിപാടിയാണ്, നയമാണ്.

യുക്രൈൻ-റഷ്യ യുദ്ധത്തെ സംബന്ധിച്ച് നമ്മൾ കഴിഞ്ഞ ദിവസങ്ങളിലെല്ലാം ചർച്ച ചെയ്തതാണ്. നമ്മുടെ നാട്ടിലെ പതിനായിരക്കണക്കിന് കുട്ടികൾ യുക്രൈനിൽ പഠിക്കുന്നുണ്ട് എന്ന് നമ്മളെല്ലാം കൂടുതൽ അറിഞ്ഞത് യുക്രൈൻ-റഷ്യ യുദ്ധ സമയത്താണ്. സോവിയറ്റ് യൂണിയന്റെ കാലത്ത് യുക്രൈൻ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ മേഖല ശക്തിപ്പെടുകയും ആധുനികവൽകരിക്കുകയും

ചെയ്യപ്പെട്ടിരുന്നു. യുക്രൈൻ പോലുള്ള രാജ്യങ്ങൾ കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് നേടിയ വികസനത്തെത്തന്നെയാണ് ഇപ്പോഴും മാർക്കറ്റ് ചെയ്യുന്നത് എന്ന് നമുക്ക് കാണാൻ സാധിക്കും. ആ മാർക്കറ്റിംഗിന്റെ ഭാഗമായിത്തന്നെയാണ് കൊച്ചു കേരളത്തിൽനിന്നടക്കം ഇപ്പോഴും ആയിരക്കണക്കിന് കുട്ടികൾ അവിടെപ്പോയി വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നത്. യുക്രൈൻ യുദ്ധം ഇപ്പോൾ അന്യരാജ്യത്ത് നടക്കുന്ന ഒരു യുദ്ധമായി നമുക്ക് കാണാൻ കഴിയുന്നില്ല. ഇവിടെയുള്ള പല എം.എൽ.എ.-മാരും ആ കുഞ്ഞുങ്ങളുടെ വീടുകളിലേയ്ക്ക് പോകുന്നതും അവരെ ആശ്വസിപ്പിക്കുന്നതും കണ്ടു. നമ്മുടെ നാട്ടിൽ നടന്ന ഒരു സംഭവമായിത്തന്നെ നമ്മളതിനെ കാണുകയാണ്. നമ്മുടെ കുഞ്ഞുങ്ങൾ കുറേയധികം പേർ അവിടെ പഠിക്കുകയാണ് എന്നുള്ളതാണ് നമ്മുടെ നാട്ടിലെ പ്രശ്നംപോലെ തോന്നാൻ കാരണം. മികച്ച പൊതുവിദ്യാഭ്യാസം ഇടതുപക്ഷത്തിന്റെ എല്ലാക്കാലത്തെയും നയവും പരിപാടിയുമാണ് എന്നതിന്റെ സാധൂകരണം കൂടിയാണ് യുക്രൈനിൽ അത്രയധികം കുഞ്ഞുങ്ങൾ പഠിക്കുന്നത്. അവിടത്തെ വിദ്യാഭ്യാസ നിലവാരത്തെപ്പറ്റി നമ്മൾ ചർച്ച ചെയ്തതുകൂടിയാണ്. കേരളത്തിൽ നമ്മുടെ വിദ്യാലയങ്ങൾ കെട്ടിലും മട്ടിലും

മാറി. പ്രതിപക്ഷഭാഗത്തുള്ളവർക്കെല്ലാമറിയാം, എതിർക്കാൻവേണ്ടി പറഞ്ഞാലും നിങ്ങൾക്കറിയാം. എല്ലാ അർത്ഥത്തിലും പഴയ സ്കൂൾ കെട്ടിടങ്ങളാണോ ഇപ്പോഴുള്ളത്? ഓരോ എം.എൽ.എ.-മാരും അവർക്ക് കിട്ടുന്ന ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് എത്രയോ ഭംഗിയായിട്ടാണ് ചെയ്യുന്നത്. നടക്കാവ് ഗേൾസ് സ്കൂൾ മോഡലൊക്കെ ഉദാഹരണങ്ങളാണ്. ഇവിടെ ഒരുപാട് ചർച്ച ചെയ്തതാണ് എന്നതിനാൽ ആവർത്തിക്കുന്നില്ല. അതുപോലെതന്നെയാണ് ആരോഗ്യ മേഖലയും. ആർദ്രം മിഷനുണ്ട്. എങ്ങനെയായിരുന്നു പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെന്നും ഇപ്പോൾ അവ എങ്ങനെയാണ് ഫാമിലി ഹെൽത്ത് സെന്ററായി മാറിയത്, മരുന്നുകൾ എങ്ങനെ അവിടെയെത്തി, ഡോക്ടർമാർക്ക് അവരുടെ സമയം അധികമായി എങ്ങനെ അവിടെ ചെലവഴിക്കാൻ കഴിഞ്ഞു തുടങ്ങിയ കാര്യങ്ങളെല്ലാം ഓരോ എം.എൽ.എ.-മാർക്കും അറിയാം. വലിയ രോഗങ്ങൾക്ക് മെഡിക്കൽ കോളേജിലേയ്ക്ക് പോകാം. അങ്ങനെയൊരു പൊതുജനാരോഗ്യ നയം രൂപപ്പെടുത്തിയെടുക്കാനും ഈ പറഞ്ഞ പ്രതിസന്ധികൾക്കിടയിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ പണ്ട് ഇങ്ങനെയേ ആയിരുന്നില്ല. പുതിയ കാലം, പുതിയ നിർമ്മാണം എന്നത്

അക്ഷരാർത്ഥത്തിൽ സാധിച്ചു എന്നുള്ളതാണ്. റോഡുകൾക്കും കെട്ടിടങ്ങൾക്കും പുതിയ മുഖം വന്നു. അങ്ങനെ അടിസ്ഥാന സൗകര്യ വികസനത്തിൽ സ്ഥായിയായ പരിവർത്തനങ്ങൾ ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണം ഇടതുപക്ഷത്തിന്റെ വ്യക്തമായ ഒരു നയമാണ്. പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലൂടെ ഒട്ടേറെ പരിപാടികൾ കേരളത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കൃഷി, വ്യവസായം, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങിയവയ്ക്ക് കൂടുതൽ ഊന്നൽ നൽകാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. സാമൂഹ്യ സുരക്ഷയുടെയും സ്ത്രീ ശാക്തീകരണത്തിന്റെയും മെച്ചപ്പെടുത്തൽ പോലുള്ള കാര്യങ്ങളിൽ പതിറ്റാണ്ടുകൾക്കിടയിലെ ഏറ്റവും വലിയ മാറ്റങ്ങൾ കൊണ്ടുവരാനും നമുക്ക് കഴിഞ്ഞിരിക്കുന്നു. ഈ ബഡ്ജറ്റിലൂടെ അതിന്റെയെല്ലാം തുടർച്ച കാണാൻ കഴിയുന്നുണ്ട്. കേവലമായ ഒരു സമ്പദ് ഘടന എങ്ങനെ വളർച്ച കൈവരിക്കണമെന്നല്ല ഈ ബഡ്ജറ്റിലൂടെ പറഞ്ഞത്. സമ്പദ് ഘടന സമഗ്രമായ ഒരു വളർച്ച കൈവരിക്കണം എന്ന കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്.

ഏറെ ശ്രദ്ധേയമായ നിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ട്.

ഗുണനിലവാരത്തെപ്പറ്റിയൊക്കെ ഒരുപാട് ചർച്ച ചെയ്തിട്ടുള്ളതാണ്. ആ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മയുള്ളതാക്കാനും ശാസ്ത്ര സാങ്കേതിക രംഗത്തെ ഗവേഷണം വിപുലപ്പെടുത്തി വിജ്ഞാന മേഖലയെ ഉൽപ്പാദന രംഗവുമായി ബന്ധപ്പെടുത്താനുമുള്ള ഏറ്റവും ശ്രദ്ധേയമായ നിർദ്ദേശം ഈ ബഡ്ജറ്റിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കട്ടെ. അതോടൊപ്പംതന്നെ, വികസനത്തോടൊപ്പം ക്ഷേമം എന്നതാണ് എന്നും ഇടതുപക്ഷത്തിന്റെ നയം. ഭക്ഷ്യ സുരക്ഷയ്ക്കായി രണ്ടായിരം കോടി രൂപ വകയിരുത്തിയിരിക്കുന്നത് ഒരു ചെറിയ കാര്യമല്ല. കാർഷിക മേഖലയ്ക്കും വലിയ പ്രാധാന്യം ബഡ്ജറ്റിൽ കാണാം. കേരളം എന്നും ആദരിക്കുന്ന ഒരു വലിയ എഴുത്തുകാരനാണ് തകഴി ശിവശങ്കരപ്പിള്ള. അദ്ദേഹം ജനിച്ചുവളർന്ന വീട്ടിൽനിന്ന് ഒരു വളവിനപ്പുറം എനിക്ക് താമസിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊരു മഹാഭാഗ്യമായി കാണുന്ന ആളാണ് ഞാൻ. സമുദ്ര നിരപ്പിൽനിന്നും താഴെ സ്ഥിതി ചെയ്യുന്ന, മണ്ണിൽ അദ്ധ്വാനിക്കുന്ന, മണ്ണിന്റെ ഗന്ധമുള്ള കർഷകരുടെ നിരവധി കഥകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. സ്വന്തം നിലയ്ക്ക് അദ്ദേഹം നല്ലൊരു കർഷകനായിരുന്നു. അന്ന് തകഴിയുടെ കൃഷിക്കാരനോ തകഴി വിതച്ച പാടങ്ങളോ ഇന്നില്ല. കാരണം കാലാവസ്ഥയും ഘടനയും

മാറി, കാർഷിക രംഗം തന്നെ മാറിയിരിക്കുന്നു. നമ്മൾ കൊയ്ത്ത വയലുകൾ നമ്മുടേതായ കാലഘട്ടം സൃഷ്ടിക്കാനും ഇടതുപക്ഷത്തിന് കഴിഞ്ഞിരിക്കുന്നു. ഈ മാറ്റമാണ് ബഡ്ജറ്റിലും പ്രതിഫലിക്കുന്നത്. പരമ്പരാഗതമായ കാർഷിക വിഭവങ്ങളുടെ വിപണിയിൽനിന്ന് വികസിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലേയ്ക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് ഉൾപ്പെടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള ബദൽ മാർഗ്ഗവും ഈ ബഡ്ജറ്റ് വിഭാവന ചെയ്യുന്നതായി കാണാം. ഇത് മാറിയ കാലത്തിന്റെ ബഡ്ജറ്റാണ്.

ഈ ബഡ്ജറ്റിലെ ഒരുപാട് ടേമുകളുണ്ട്. പതിനഞ്ച് വർഷം മുമ്പ് ബഡ്ജറ്റ് പരിശോധിക്കുമ്പോൾ ഇത്തരത്തിലുള്ള ടേമുകളൊന്നും കാണാൻ കഴിയില്ല. ഈ ബഡ്ജറ്റിലെ പല ടേമുകളും ഈ കാലത്തെ അഡ്രസ് ചെയ്യുന്നതാണ് എന്ന് കാണാൻ കഴിയും. വികസനവും ക്ഷേമവും മാത്രമല്ല ഇടതുപക്ഷത്തിന്റെ ലക്ഷ്യം. സാംസ്കാരിക പ്രവർത്തനത്തിന്റെയും രാഷ്ട്രീയ പ്രവർത്തനത്തിന്റെയും ഭാഗമായിട്ടാണ് ഈ ബഡ്ജറ്റ് കാണുന്നത്. ആരോ അസ്വസ്ഥതപ്പെടുന്നത് കണ്ടു. ലോക സമാധാനത്തിനുവേണ്ടി സംസാരിക്കാൻ ഈ കൊച്ചുകേരളത്തിന് പറ്റില്ല എന്നൊക്കെ ആക്ഷേപിക്കുന്നത് കണ്ടു. നിങ്ങളെയൊക്കെ ഓർത്ത് സഹതാപം

മാത്രമേയുള്ളൂ. ഈ ബഡ്ജറ്റിന്റെ മൂന്നാമത്തെ പേജിൽ സമാധാന പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നീക്കിവയ്ക്കുന്ന ഒരു പ്രഖ്യാപനമുണ്ട്. അത്യന്തം ആഹ്ലാദത്തോടെയാണ് ഈ പ്രഖ്യാപനത്തെ നോക്കിക്കാണുന്നത്. റോഡും കെട്ടിടവും പാലവും മറ്റ് നിർമ്മിതികളും മാത്രമല്ല, നവോത്ഥാന നിർമ്മിതികളുടെ ഓർമ്മപ്പെടുത്തലുംകൂടി ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ കാണാൻ സാധിക്കും. കഴിഞ്ഞ അഞ്ച് വർഷം ഇവിടെ ഉണ്ടായിരുന്ന പല എം.എൽ.എ.-മാരുമുണ്ട്. നിങ്ങളോർക്കുന്നില്ലേ, കേവലമായ വികസന പ്രവർത്തനങ്ങളിലൂടെ മാത്രമാണോ ഒന്നാം പിണറായി സർക്കാർ പോയത്? അല്ല എന്ന് എടുത്തുപറയാൻ കഴിയും. ഡോ. എം. കെ. മുനീറൊക്കെ ഓർക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. എല്ലാ ജില്ലകളിലും എല്ലാ മണ്ഡലങ്ങളിലും ഈ ഗവൺമെന്റ് വലിയ ശബ്ദത്തിൽ വിളിച്ചുപറഞ്ഞുകൊണ്ട് 'നമുക്ക് ജാതിയില്ല' വിളംബരത്തിന്റെ വാർഷിക പരിപാടികൾ ഭംഗിയായി നടത്തി. ഈ ഗവൺമെന്റ് ക്ഷേത്രങ്ങളിലേയ്ക്ക് ദളിത് വിഭാഗത്തിൽനിന്ന് പൂജാരിമാരെ നിയമിച്ചു. സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ വാർഷികം ഓർമ്മപ്പെടുത്തി ഈ ഗവൺമെന്റ് എല്ലാ ജില്ലകളിലും പരിപാടി നടത്തിയില്ലേ. മഹാത്മാ

ഗാന്ധിയെ കോൺഗ്രസ് മറന്നെങ്കിലും ഇടതുപക്ഷ ഗവൺമെന്റ് ഗാന്ധി രക്ഷസാക്ഷിത്വത്തിന് ദിവസങ്ങളോളം പരിപാടികൾ നടത്തിക്കൊണ്ട് ജനങ്ങളുടെ ഇടയിൽ ഓർമ്മപ്പെടുത്തി. ശ്രീനാരായണഗുരുവിന്റെ പേരിൽ ഒരു കലാശാലതന്നെ ഈ ഗവൺമെന്റ് തുടങ്ങി. ഇതൊക്കെ ഈ പ്രതിപക്ഷം കാണുന്നതേയില്ല. പ്രതിപക്ഷത്തെ നമുക്ക് ഒരിക്കലും ഉണർത്താൻ പറ്റില്ല, കാരണം അവർ ഉറക്കം നടിച്ചിരിക്കുകയാണ്. ഉറങ്ങുന്നവരായിരുന്നെങ്കിൽ തട്ടിവിളിക്കാമായിരുന്നു. കേരളത്തിന്റെ ഗവൺമെന്റ് എങ്ങനെയാണ് ഇന്ത്യയിൽ വ്യത്യസ്തമാകുന്നതെന്ന് ഉറക്കം നടിച്ചുകൊണ്ടിരിക്കുന്ന പ്രതിപക്ഷം കാണണം. ഇന്നലെ സിൽവർ ലൈൻ പദ്ധതിക്കെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉയർത്തിയ പ്രധാന വിമർശനം ഞാനിവിടെ കേട്ടുകൊണ്ടിരിക്കുകയാണ്. ഇതൊരു വൻകിട പദ്ധതിയാണ് എന്നും വൻകിട പദ്ധതിക്ക് ഊന്നൽ നൽകുന്നത് ഇടതുപക്ഷ സമീപനത്തിന് വിരുദ്ധമാണ് എന്നുമാണ് അദ്ദേഹം പറയുന്നത്. പക്ഷെ സമൂഹത്തിന്റെ അടിത്തട്ടിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് സ്ഥായിയായ വികസനം സൃഷ്ടിക്കുക എന്നുള്ളതാണ് ഇടതുപക്ഷത്തിന്റെ ഊന്നൽ എന്നതാണ് കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ. വീട് കൊടുത്തതും വിദ്യാഭ്യാസ,

ആരോഗ്യ മേഖലകളിൽ നടത്തിയ പരിഷ്കാരങ്ങളും സ്ത്രീ ശാക്തീകരണത്തിന് നടത്തിയ പുതിയ പ്രവർത്തനങ്ങളുമൊന്നും ഞാനിവിടെ വിശദീകരിച്ച് കൂടുതൽ സമയം പാഴാക്കുന്നില്ല. കാരണം നിങ്ങൾക്കെല്ലാമതറിയാം. ക്രിസ്തു സൂചിത കഥകൾ പറഞ്ഞിട്ടുണ്ട്, അവ മനോഹരമാണ്, കവിതപോലെയാണ്. അതിൽ ഒരു കഥ ഇങ്ങനെയാണ്, 'കലപ്പയിൽ കൈവച്ചുകൊണ്ട് പിന്തിരിഞ്ഞുനോക്കുന്ന ഒരുവനും ദൈവരാജ്യത്തിന് യോഗ്യതയില്ല' എന്നാണ്. ഭൂതകാലത്തേയ്ക്ക് നോക്കി നിൽക്കുന്നവർക്ക് വർത്തമാനകാലം അനുയോജ്യമാകില്ല. കോൺഗ്രസ്സിന്റെ ഭൂതകാല പ്രതാപം നോക്കിനിൽക്കുന്നത് വെറുതെയാണ് എന്ന് ഈ സൂചിത കഥകളിലൂടെ പോകുമ്പോൾ നമുക്ക് തോന്നും.

അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അടപടലം തോറ്റു. നിങ്ങൾ അധികാരത്തിൽ വന്നില്ല എന്ന സത്യം ഞങ്ങൾ പറഞ്ഞപ്പോൾ അവിടെയുള്ള ചിലർ പറയുന്നത് കേട്ടു, 'കമ്മ്യൂണിസ്റ്റുകാർ എവിടെ?' എന്ന്. കമ്മ്യൂണിസ്റ്റുകാരുടെ ലക്ഷ്യം ആത്യന്തികമായി അധികാര രാഷ്ട്രീയത്തിലേയ്ക്ക് വരിക എന്നുള്ളതല്ല. അടുത്തിടെ അന്തരിച്ച ലോക പ്രശസ്ത മാർക്സിസ്റ്റ് ചിന്തകനായ ഐജാസ് അഹമ്മദിന്റെ ഒരു വാചകം, അതിന്

മറുപടിയായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്... 'ആപത്കരമായ പ്രത്യയശാസ്ത്രമാണ് ആർ.എസ്.എസ്.-ന്റേത്. എന്നാൽ ആ പ്രത്യയശാസ്ത്രത്തിന് പിന്നിൽ ജനങ്ങളെ അണിനിരത്താൻ കൗശലപൂർണ്ണമായി പ്രവർത്തിക്കുന്ന സംഘടനാ സംവിധാനമൊരുക്കാൻ ആർ.എസ്.എസ്.-ന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ശരിയാണ് ' എന്ന് അദ്ദേഹം പറയുന്നുണ്ട്. 'അതേസമയം ശരിയും ശാസ്ത്രീയവുമായ വീക്ഷണമുള്ളവർക്ക് അതിനുവേണ്ടി കഴിയുന്നില്ല', അതാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. വടക്കേന്ത്യൻ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഇടതുപക്ഷം എവിടെ എന്ന് ചോദിക്കുന്നവർക്കായി ഈ വാചകം സമർപ്പിക്കുന്നു. ഇടതുപക്ഷത്തിന്റെ ആത്യന്തികലക്ഷ്യം അധികാര രാഷ്ട്രീയമല്ല, ജനകീയ ജനാധിപത്യ വിപ്ലവം സ്ഥാപിച്ച് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഇല്ലാതാക്കുക എന്ന സമീപനമാണ് ഇടതുപക്ഷത്തിന്റെ മനസ്സിലുമുള്ളത്. ആ പോരാട്ടം തുടരും എന്ന സന്ദേശത്തോടുകൂടിതന്നെയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

കഴിഞ്ഞ ദിവസം ഏറ്റവും പ്രധാനപ്പെട്ട ഒരു സ്റ്റേറ്റ്മെന്റ് ഞാൻ കണ്ടു.

ഒരുപക്ഷെ കോൺഗ്രസ്സിനകത്ത് ഒരു ശുദ്ധീകരണം നടക്കുമെന്ന പ്രതീക്ഷയോടുകൂടിതന്നെ ആ പ്രസ്താവന കാണുകയാണ്. എല്ലാ സാഹിത്യപ്രേമികളുടെയും ഉള്ളിലുള്ള ഒരു പേരാണ് ശ്രീ. ടി. പത്മനാഭൻ. കെ. പി. അപ്പൻ അദ്ദേഹത്തിന്റെ കഥകളെപ്പറ്റി പറഞ്ഞത് "പ്രണയത്തിന്റെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥ" എന്നാണ്. ഡി.സി.സി. ലൈബ്രറിയുടെ ഉദ്ഘാടന വേളയിൽ കോൺഗ്രസ്സിനെ വിമർശിച്ച് ശ്രീ. ടി. പത്മനാഭൻ പറഞ്ഞത് നിങ്ങളൊക്കെ വായിച്ചുകാണുമെന്ന് ഞാൻ കരുതുകയാണ്. തോൽവികളിലും പഠിക്കാതെ അധികാരവും പദവികളും വിടാത്ത കോൺഗ്രസ്സ് നേതൃത്വത്തിനെതിരെ പരസ്യ വിമർശനമാണ് അദ്ദേഹം എറണാകുളം ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി ആഫീസിൽ ആരംഭിച്ച പോൾ പി. മാണി സ്മാരക ഗ്രന്ഥശാലയുടെ ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞത്. 43-ാം വയസ്സിൽ ഖദർ ധരിച്ചുതുടങ്ങിയതാണ് താനെന്നും 93-ാം വയസ്സിലും തുടരുന്നുവെന്നും മരിച്ചാൽ ത്രിവർണ്ണ പതാക പുതയ്പ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. പക്ഷെ പിന്നീട് അദ്ദേഹം പറഞ്ഞത് 'ഡൽഹിയിൽ നേതാക്കളാരെങ്കിലും രാജിവച്ചോ എന്നാണ് കേരളത്തിലെ കോൺഗ്രസ്സിലെ നേതാക്കൾ ഉറ്റുനോക്കുന്നത്. എക്കാലത്തും

അട്ടയെപ്പോലെ അള്ളിപ്പിടിച്ചിരിക്കുന്നത് വളരെ ദാരുണമായ കാര്യമാണ്. മനുഷ്യന് ആർത്തിയുണ്ടാകും പക്ഷെ ദുരാർത്തിയും ദുരാശയും മനസ്സിലാകുന്നില്ല' എന്ന് കോൺഗ്രസ്സ് നേതൃത്വത്തെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. 'മരിച്ചുകഴിഞ്ഞാൽ പിന്നെ നമുക്ക് എന്തുണ്ടാകും. നിങ്ങളിൽ ഒരുവനായാണ് ഞാനിത് പറയുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരാഴ്ച മുൻപ് റോബർട്ട് വഡേര പറഞ്ഞത് ഞാനും രാഷ്ട്രീയത്തിലിറങ്ങുമെന്നാണ്. കോൺഗ്രസ്സിനെ നന്നാക്കാൻ പാഠം പഠിച്ചുകൊണ്ട് പാഠപുസ്തകം തുറന്നുകൊണ്ടിരിക്കുന്ന രാഹുൽ ഗാന്ധി നിരാശനായി എന്നാണ് കേൾക്കുന്നത്. ഇനിയെങ്കിലും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തുന്ന വികസന ക്ഷേമ പ്രവർത്തനം നിങ്ങൾ അംഗീകരിച്ചില്ലെങ്കിലും ഭാവിയിലേയ്ക്ക് 25 വർഷക്കാലം മുന്നിൽ കണ്ടുകൊണ്ട്........ (മൈക്ക് ഓഫ്)...

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഈ സഭ പ്രസാദപൂർണ്ണമായ മുഖത്തോടെയും തികഞ്ഞ ആത്മവിശ്വാസത്തോടെയുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ

പ്രസംഗം കേട്ടതും തുടർന്ന് ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗങ്ങൾ കേട്ടുകൊണ്ടിരിക്കുന്നതും. ആത്മസംതൃപ്തിയോടെയുള്ള ഈ അന്തരീക്ഷത്തിൽ പുനലൂർ ബാലന്റെ 'ഇരുട്ടിൽ പൊതിഞ്ഞ തിരിനാളം' എന്ന കവിതയിലെ ഒരു വരി ഓർത്തുപോകുന്നു, 'എല്ലാം നശിച്ചുപോയിട്ടില്ല പോകില്ല,.....' എന്ന് കവി പറഞ്ഞതുപോലെ ഈ ബഡ്ജറ്റും പുതിയ ഭാവിയുടെ ജൈവപ്രഭാവമാണ്. 2016 മുതൽ 2021 വരെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാരിൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും തുടങ്ങിയ മന്ത്രിമാർ നടത്തിയ ക്രിയാത്മകമായ ജനക്ഷേമ പ്രവർത്തനങ്ങളാണ് പ്രളയവും കോവിഡും സൃഷ്ടിച്ച ദുരന്തത്തെയും ദുരിതത്തെയും തരണം ചെയ്യാനും സമത്വ സുന്ദര ലോകത്തെ സൃഷ്ടിക്കാനുമുള്ള കരുത്ത് നൽകിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണനേട്ടമാണ് ഒരു തുടർ ഭരണത്തിന് വഴിയൊരുക്കിയത് എന്നത് പകൽവെളിച്ചംപോലെ സത്യമാണ്. പ്രളയവും കോവിഡും സൃഷ്ടിച്ച പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്ത് മുന്നോട്ടുപോകാനുള്ള കരുത്തും ആർജ്ജവവുമുള്ള സർക്കാരാണ് ഇന്ന് കേരളം

ഭരിച്ചുകൊണ്ടിരിക്കുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഒരു വർഷത്തിനുള്ളിൽ എണ്ണിയാലൊടുങ്ങാത്ത നിരവധി ജനക്ഷേമ പ്രവർത്തനങ്ങളും പദ്ധതികളും ഇച്ഛാശക്തിയോടെ നടപ്പിലാക്കുന്ന പിണറായി വിജയൻ സർക്കാരിന്റെ ആസൂത്രണം കണ്ടറിഞ്ഞും കേട്ടറിഞ്ഞുമുള്ള സംതൃപ്തിയും സന്തോഷവും എല്ലാ ജനങ്ങൾക്കുമുണ്ട്. ഈ ബഡ്ജറ്റ് ഇതിനുള്ള മികച്ച ഉദാഹരണവും രൂപരേഖയുമാണ്. എനിക്ക് ഒരു ആക്ഷേപമുണ്ട്, നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കാർ സന്നദ്ധമായി മുന്നോട്ടുപോകുമ്പോൾ ചില സാങ്കേതിക തടസ്സങ്ങളും മുടന്തൻ ന്യായങ്ങളും പറഞ്ഞ് ബൃഹത്തായതും മഹത്തായതുമായ ചില ജനക്ഷേമ പദ്ധതികളും ദീർഘവീക്ഷണമുള്ള ചില നിർദ്ദേശങ്ങളും മരവിച്ചുപോകുന്നു. ഇതിന് ആരാണ് ഉത്തരവാദികൾ എന്ന് നാം തിരിച്ചറിയണം. ചട്ടുലവും ചലനാത്മകവുമായി ഇവ പൂർത്തീകരിക്കാനാവശ്യമായ ശക്തമായ ഇടപെടലുകൾ വകുപ്പുമന്ത്രിമാരിൽനിന്നും വകുപ്പ് മേലധ്യക്ഷന്മാരുടെ ഭാഗത്തുനിന്നുമുണ്ടാകണം. എന്നാൽ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ജില്ലാതല വകുപ്പുമേധാവികളുടെ തന്നിഷ്ടവും ദോഷകരമായി ബാധിക്കുന്നുണ്ട്.

അതിൽ ബഹുമാനപ്പെട്ട മന്ത്രിമാരും സർക്കാരും ഇടപെടണം. രാജ്യത്തെ ഓരോ പൗരനും ദാരിദ്ര്യത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടെ ദയനീയാവസ്ഥയിൽ മുഖം താഴ്ത്തുകയാണ്. വികലമായ നയങ്ങളും കോർപ്പറേറ്റുകളോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രണയവുമാണ് ഇതിന് കാരണം. ഇന്ത്യ ദാരിദ്ര്യത്തിൽ മുന്നേറുമ്പോൾ ഇതിന് പരിഹാരമെന്നു പറയുന്നത് സോഷ്യലിസ്റ്റ് കാഴ്ചപ്പാടാണ്. സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രസക്തി വർദ്ധിക്കുകയാണ്.

പോസ്റ്റ് കോവിഡ് ലോകം കൂടുതൽ കരുതലോടെ കാണേണ്ടിയിരിക്കുന്നു. കോവിഡിനുശേഷമുള്ള ആരോഗ്യപരമായ ദുരിതങ്ങളെയും ബുദ്ധിമുട്ടുകളെയും പരിഹരിക്കുന്നതിന് ആരോഗ്യരംഗത്ത് പുതിയ ഒരു സംവിധാനംതന്നെ സാർവ്വത്രികമായി നടപ്പിലാക്കണം. വിലക്കയറ്റം നിയന്ത്രിക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും 2000 കോടി രൂപ വകവരുത്തിയ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിനെ ഒന്നുകൂടി മുക്തകണ്ഠം പ്രശംസിക്കുന്നു. ഭക്ഷ്യസുരക്ഷ പോലെതന്നെ പ്രധാനപ്പെട്ടതാണ് ആരോഗ്യ സുരക്ഷ നൽകുന്ന ഭക്ഷണവും. എന്നാൽ ലാഭക്കണ്ണോടുകൂടി അമിത കീടനാശിനികളുടെയും രാസവളങ്ങളുടെയും പ്രയോഗം സംസ്ഥാനത്തെ

കൃഷിഭൂമിയെ വിഷഭൂമിയാക്കി മാറ്റുകയാണ്. ബഡ്ജറ്റിൽ സൂചിപ്പിച്ചതുപോലെ മഞ്ഞൾപ്പൊടിക്ക് പകരം മഞ്ഞപ്പൊടി പോലെ, ജൈവപച്ചക്കറി എന്ന ലേബലിൽ ജനം വഞ്ചിതരാകുന്നുണ്ട്. കീടനാശിനിയും രാസവളങ്ങളും ചേർന്ന തദ്ദേശീയ കാർഷിക വിഭവങ്ങളാണ് ഇന്ന് ജൈവ കാർഷിക വിഭവങ്ങൾ എന്ന നിലയിൽ വിൽപ്പന നടത്തി പൊതുജനത്തെ ചൂഷണം ചെയ്യുന്നത്. ഇത് പരിശോധിക്കാനും പരിഹരിക്കാനും ആവശ്യമായ ലാബ് അടക്കമുള്ള സംവിധാനം സുലഭമായി ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. ഞാൻ മൂല്യവർദ്ധിത കാർഷിക മിഷനെ സ്വാഗതം ചെയ്യുന്നു. നമ്മെ വിട്ടുപിരിഞ്ഞുപോയ കാർഷിക ശാസ്ത്രജ്ഞൻ ഡോ. ആർ. ഹേലി പറഞ്ഞ ഒരു വാക്ക് ഓർക്കുകയാണ്. കാർഷിക അധ്വാനം + ചെലവ് + ഉൽപ്പാദനം + വരവ് = നഷ്ടം. നഷ്ടമാണ് കൃഷിഭൂമിയിൽനിന്നും കർഷകൻ ഒഴിഞ്ഞുപോകാനും കൃഷിമേഖല തകരാനും ഇടയായത്. കർഷകന് ലാഭകരമായ മേഖലയായി കൃഷിഭൂമി മാറ്റാൻ കഴിയണം. നൂതന കാർഷിക യന്ത്രങ്ങളും നൂതന കാർഷിക സമ്പ്രദായങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കാർഷിക ഉൽപ്പന്നങ്ങൾക്ക് മതിയായ വിലയും ആവശ്യമായ വിപണിയും തുടങ്ങിയ സംവിധാനങ്ങൾ കാർഷിക മേഖലയിൽ

നടപ്പിലാക്കാൻ സാധിക്കണം.

ഇന്ന് കൃഷിയിടങ്ങളിൽ പോയി ജോലി ചെയ്യാൻ സാധിക്കാത്ത ജനറേഷനാണുള്ളത്. പക്ഷെ അതിന് പകരം യന്ത്രങ്ങൾ നടപ്പിലാക്കണം. KAMCO (Kerala Agro Machinery Corporation Ltd.) ഇതിന് ഉദാഹരണമാണ്. ലോകത്തുതന്നെ പ്രശസ്തമായതാണ് നമ്മുടെ KAMCO factory. കൂടുതൽ നൂതനമായ കാർഷിക യന്ത്രങ്ങളുടെ ഉൽപ്പാദനത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ വലിയവെളിച്ചത്ത് വ്യവസായ കേന്ദ്രത്തിൽ ആരംഭിച്ച KAMCO യൂണിറ്റിന് യങ് ജനറേഷൻ പവർ ടില്ലർ അടക്കം ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു. പക്ഷെ ഇപ്പോഴും അത് ആ സ്ഥിതിയിൽതന്നെയാണ്, കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ല. കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കണം. നൂതന കാർഷിക യന്ത്രങ്ങളുടെയും നൂതന കാർഷിക സമ്പ്രദായങ്ങളുടെയും പരിശീലനം നൽകുന്നതിനുവേണ്ടി തുടങ്ങിവച്ച ബയോ റിസോഴ്സ് സെന്റർ ഇന്നും പൂർണ്ണ ലക്ഷ്യത്തിലെത്തിയിട്ടില്ല. ചെറുപ്പക്കാർക്ക് കൃഷി എങ്ങനെ ചെയ്യണമെന്നതിനെക്കുറിച്ചുള്ള ബാലപാഠം പറഞ്ഞുകൊടുക്കാൻ

വേണ്ടിയുള്ളതായിരുന്നു അത്. Bio Resource Cum Agro Service Centre എന്ന രൂപത്തിൽ ആരംഭിച്ച പദ്ധതി അതിന്റെ ലക്ഷ്യത്തിലെത്തിയിട്ടില്ല. ഇതിനാവശ്യമായ നടപടി സ്വീകരിക്കണം. ഗുണമേന്മയുള്ള നടീൽവസ്തുക്കളും വിത്തുകളും വളങ്ങളും യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിൽ മേഖലയിൽ നിരവധി നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ സവിസ്തരം രേഖപ്പെടുത്തിയതിൽ ഞാൻ സന്തോഷിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ നവോദയ കുന്നിനോട് ചേർന്ന് കിൻഫ്ര ഭൂമി ഏറ്റെടുക്കുന്നു. അഞ്ഞൂറ്റി ആറ് ഏക്കർ സ്ഥലമാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യും അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയുമായിരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ കാലത്ത് തുടങ്ങിവച്ച നടപടി ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. കിൻഫ്രയുടെ ഈ ഭൂമിയിൽ യുവതലമുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന പ്രായോഗിക ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങളും കണ്ണൂർ ഫുഡ്പാർക്ക് ഉൾപ്പെടെ സ്ഥാപിക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ഫുഡ്പാർക്ക് കിൻഫ്ര കേന്ദ്രത്തിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും കൃഷിമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

പഴവർഗ്ഗങ്ങളിൽനിന്നും വീര്യംകുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുവാൻ ബഡ്ജറ്റ് പ്രോൽസാഹിപ്പിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ, പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ കശുമാങ്ങയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന മദ്യം നിയമവിരുദ്ധമാണെങ്കിലും അത് ആഗോള പ്രശസ്തമാണ്. അതിനുപകരം കോടിക്കണക്കിന് ടൺ കശുമാങ്ങയാണ് ഓരോ വർഷവും കണ്ണൂരിൽ നശിച്ചുപോകുന്നത്. അതുശേഖരിച്ച് നിയമാനുസരണം വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിച്ചാൽ നല്ല വിലയ്ക്ക് അത് വിൽക്കാൻ സാധിക്കും. അതിനുള്ള നടപടി സ്വീകരിക്കണമെന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്. ബഡ്ജറ്റിൽ കാർഷികമേഖലയിൽ തൊഴിൽസേന രൂപീകരിക്കുന്നതിനെക്കുറിച്ച് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. കുടപ്പനക്കുന്നിൽ മാതൃകാപരമായ പ്രവർത്തനമാണ് എട്ടുവർഷങ്ങൾക്കുമുമ്പ് നടത്തിയത്. സംസ്ഥാനത്ത് കാർഷിക കർമ്മസേന തുടങ്ങാനും തൊഴിൽരഹിതർക്ക് വരുമാനത്തിന് അവസരവും ഒരുക്കിയിരുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും കുടുംബശ്രീകൾക്ക് തൊഴിൽസേന രൂപീകരിച്ച് അമ്പതു ശതമാനം സബ്സിഡിയോടെ യന്ത്രസാമഗ്രികൾ വാങ്ങാനും അവസരം ഒരുക്കേണ്ടതുണ്ട്. മുതിർന്ന പൗരന്മാരുടെ

സംരക്ഷണത്തിന് ഊന്നൽ നൽകിയിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. മുതിർന്ന പൗരന്മാർക്ക് മസ്റ്ററിങ്ങിനായി ട്രഷറികൾ സന്ദർശിക്കേണ്ടി വരുന്നതുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ ഒഴിവാക്കുന്നതിന് വാതിൽപ്പടി സേവനം ട്രഷറി വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി എൺപതു കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ് വീട്ടുപടിക്കൽ എത്തിക്കാനുള്ള ബഡ്ജറ്റിലെ നിർദ്ദേശത്തിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. മുതിർന്ന പൗരന്മാരുടെ സംരക്ഷണംപോലെ പുതുതലമുറയുടെ കരുതലും നമുക്ക് അനിവാര്യമാണ്. മയക്കുമരുന്നിനെതിരെ 'ഉണർവ് പദ്ധതി' എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്ന എന്ന നിർദ്ദേശത്തിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെയും അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളെയും പരിരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. 'ആശ്വാസകിരണം' പോലെയുള്ള വളരെ ഉപകാരപ്രദമായ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇടപെടൽ ഉണ്ടാകണം. ഇതിനുപല സംഘടനകളും എം.എൽ.എ.-മാർക്കും മന്ത്രിമാർക്കും നിവേദനം

നൽകിയിട്ടുണ്ട്. അത് പരിഗണിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഭീമമായ പ്രതിസന്ധികൾക്കിടയിലും അടിയന്തരവും അനിവാര്യവുമായ ആവശ്യങ്ങൾക്കുനേരെ അലംഭാവമില്ലാതെ മുന്നേറാൻ കഴിഞ്ഞുവെന്നുള്ളതാണ് ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ നേട്ടവും മുഖമുദ്രയും. അതിന്റെ നേർക്കാഴ്ചയാണ് ഈ ബഡ്ജറ്റ്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളെയും കാര്യങ്ങളെയുംക്കുറിച്ച് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്തതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ സൂചിപ്പിച്ചിട്ടുണ്ട്. അതിന് അനുവദിച്ചത് ടോക്കൺ തുക നൂറ് രൂപയാണ്. ആ പ്രവൃത്തികൾ കാര്യക്ഷമമായി, സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചാൽ കേരളത്തിലുള്ള എല്ലാ റോഡുകളും നല്ല രീതിയിൽ മേന്മയുള്ള റോഡുകളായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. അത് ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായി മാറും. അതിനുള്ള സംവിധാനംകൂടി ഒരുക്കണമെന്നാണ് പറയാനുള്ളത്. 2022-2023 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തുപണികൾക്ക് വോളിയം 2 പ്രതിപാദിച്ച പ്രവൃത്തികൾ ഭരണാനുമതി നൽകി കേരളത്തിലെ മരാമത്ത് രംഗത്ത് കൂടുതൽ പ്രവർത്തനം നടത്തി

ഗതാഗതയോഗ്യമാക്കാൻ സാധിക്കും. ഇതിനായി മുപ്പത് കോടിയോളം രൂപ വരുമെങ്കിലും നീക്കിവച്ചിരിക്കുന്നത് നൂറ് രൂപയുടെ ടോക്കൺ എമൗണ്ട് മാത്രമാണ്. അതിന്റെ പ്രവൃത്തി സാധൂകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇടപ്പെട്ടാൽ നമ്മുടെ പ്രദേശത്തുള്ള ഗ്രാമീണമേഖലയിലെ പൊതുമരാമത്ത് റോഡുകൾ നന്നായിവരും. ഇത് ജനങ്ങൾക്കുവേണ്ടിയുള്ള ബഡ്ജറ്റ് എന്ന നിലയിൽ എല്ലാവരും ഇതിനെ പിന്തുണയ്ക്കുന്നുണ്ട്. ഞാനും ഇതിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. മുകേഷ്: സർ, 2022-2023 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് നിർദേശങ്ങളെ ഞാൻ പൂർണമായും പിന്തുണയ്ക്കുകയാണ്. സംസ്ഥാന ബഡ്ജറ്റിൽ കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രത്യാഘാതങ്ങളെ മറികടക്കാനുള്ള സാമ്പത്തിക മുന്നൊരുക്കങ്ങളാണ്. വലിയ തോതിൽ തൊഴിൽ നഷ്ടവും വരുമാനനഷ്ടവും ഉണ്ടായ സാഹചര്യത്തെ ധീരതയോടെ നേരിടാനുള്ള മാർഗ്ഗരേഖയാണ് സംസ്ഥാന ബഡ്ജറ്റിലുള്ളത്. ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് നടന്നുകയറേണ്ട മുഴുവൻ പടികളും കാണണമെന്നില്ല, ആദ്യപടിയിൽ കാൽവയ്ക്കുകയാണ് വേണ്ടത്. ധനമന്ത്രി

സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് നിർദേശങ്ങളിലൂടെ കടന്നുപോയപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. സ്വീകാര്യമായ ഒരു ബദൽ മാതൃക, കാൽനൂറ്റാണ്ടിനുശേഷമുള്ള കേരള മാതൃക. ഭാവി കേരളത്തെ വിഭാവനം ചെയ്യുന്നതാണ് സംസ്ഥാന ബഡ്ജറ്റ്. വരുംകാല കേരളം എങ്ങനെ ആയിരിക്കണമെന്നുള്ളതിന്റെ രൂപരേഖയായി സംസ്ഥാന ബഡ്ജറ്റിനെ കാണാം. അതേസമയം സമകാലീനപ്രശ്നങ്ങളെ നേരിടാനുള്ള ധീര നടപടികളും ബഡ്ജറ്റിലുണ്ട്. വിലക്കയറ്റം പിടിച്ചുനിർത്താൻ രണ്ടായിരം കോടി രൂപ വകയിരുത്തിയതും നെല്ലിന് താങ്ങുവില പ്രഖ്യാപിച്ചതും റബ്ബർ സബ്സിഡിക്ക് അഞ്ഞൂറ് കോടി രൂപ നീക്കിവച്ചതും കാരുണ്യ പദ്ധതിക്ക് അഞ്ഞൂറ് കോടി രൂപ വകയിരുത്തിയതും ഇത്തരം നടപടികളിൽപ്പെടുന്നു. കൊല്ലത്തെക്കുറിച്ചുള്ള ഏതു പരാമർശവും കൊല്ലത്തെ ജനപ്രതിനിധിയെന്ന നിലയിൽ, കൊല്ലക്കാരനെന്ന നിലയിൽ ജാഗ്രതയോടെ ഞാൻ ശ്രദ്ധിക്കാറുണ്ട്. സമീപകാല ബഡ്ജറ്റുകളിൽ ഏറ്റവും മുന്തിയ പരിഗണനയാണ് ഈ ബഡ്ജറ്റിൽ കൊല്ലം ജില്ലക്ക് ലഭിച്ചത്. ജില്ലയുടെ സമഗ്ര വികസനത്തിന് സഹായകരമായ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടും കൊല്ലം-ചെങ്കോട്ട റോഡിന്റെയും എം. സി. റോഡിന്റെയും

വികസനത്തിനായി കിഫ്ബി വഴി ആയിരത്തി അഞ്ഞൂറുകോടി രൂപ അനുവദിച്ച ബഡ്ജറ്റ് പ്രഖ്യാപനം ശ്രദ്ധേയമാണ്. കൊല്ലം- ചെങ്കോട്ട റോഡിനെക്കുറിച്ച് ആദ്യം പറയാം. ചെങ്കോട്ട റെയിൽവേ ലൈൻ ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. 1904-ലാണ് മീറ്റർ ഗേജ് പാതയ്ക്ക് തുടക്കമായത്. അതിലും പഴക്കമാണ് കൊല്ലം-ചെങ്കോട്ട റോഡിനുള്ളത്. രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ ബന്ധിക്കപ്പെടുന്ന പുരാതന പാതയാണത്. ഏറെ തിരക്കുള്ള ഈ പാത ഇന്നും വികസനമില്ലാത്തതുകാരണം ശ്വാസം മുട്ടുകയാണ്. ഈ അന്തർസംസ്ഥാന പാതയ്ക്ക് ശാപമോക്ഷം സംഭവിക്കാൻ പോകുകയാണ്. വീതികുറഞ്ഞ ഈ പുരാതന റോഡിൽ പലയിടങ്ങളിലും അപകടസാധ്യത കൂടുതലാണ്. ചെറുതും വലുതുമായ അപകടങ്ങളുടെ പലവിധ സംഭവങ്ങളും പലകാലത്തും ഉണ്ടായിട്ടുണ്ട്. ആദ്യം എനിക്ക് സംഭവിച്ച ഒരു അനുഭവകഥ തന്നെ പറഞ്ഞുതുടങ്ങാം. വർഷങ്ങൾക്കുമുമ്പ് എന്റെ ആദ്യത്തെ ചിത്രം 'ബലൂൺ' കൊട്ടാരക്കര പുത്തൂർ ഭാഗത്താണ് ഷൂട്ട് ചെയ്തത്. ഞാനും ശ്രീ. മമ്മൂട്ടിയുമായിരുന്നു പ്രധാന നായകന്മാർ. ബൈക്ക് ഭ്രാന്തനായ മമ്മൂട്ടി ഷൂട്ടിംങ്ങിന്റെ ഇടവേളകളിൽ എന്നെ പിടിച്ച് പുറകിലിരുത്തി കൊല്ലം-ചെങ്കോട്ട റോഡിൽകൂടി പോകും. ആരും ഞങ്ങളെ തിരിച്ചറിയുന്ന കാലമല്ല.

റോഡെന്ന് പറയാൻ പറ്റില്ല. കുട്ടതലും മെറ്റലും ചെങ്കല്ലുമൊക്കെയാണ്. ഒരു വളവുതിരിഞ്ഞതും ബൈക്ക് വീണു, ഞാൻ ചാടിയിറങ്ങി. ഞാൻ കാണുന്നത് മമ്മൂട്ടി നെറ്റിയിൽ വലിയ മുറിവുമായി രക്തം ചീറ്റി നിൽക്കുന്നതാണ്. സാധാരണ നമ്മൾ കണ്ടിട്ടുള്ള മമ്മൂട്ടി 'സെൻസിറ്റിവിറ്റി, സെൻസിബിലിറ്റി' എന്നൊക്കെ പറഞ്ഞ് ആക്രോശിക്കുന്ന പൗരുഷത്തോടെയുള്ള ആൾ ഒരു കൊച്ചുകുട്ടിയെപ്പോലെ പൊട്ടി കരയുകയാണ്. ഇനി എന്നെ ആരെങ്കിലും സിനിമയിൽ എടുക്കുമോ...., മുഖത്തെ ഈ പാട് വച്ചിട്ട് സിനിമ ഭാവി ഉണ്ടോ എന്നുള്ള കരച്ചിൽ ഇന്നും എന്റെ മനസ്സിൽ തിളങ്ങിനിൽക്കുന്നു, മുഴങ്ങി നിൽക്കുന്നു. ആ മുഴക്കവും ശോചനീയാവസ്ഥയും ഈ ബഡ്ജറ്റിലൂടെ ഇല്ലാതാകുകയാണ്. ശാപമോക്ഷം ലഭിക്കുകയാണ്. അഷ്ടമുടി കായലിന്റെയും വേമ്പനാട് കായലിന്റെയും ശാസ്താംകോട്ട കായലിന്റെയും ശുചീകരണത്തിനായി പ്രഖ്യാപിച്ച ഇരുപത്തിയൊന്ന് കോടി രൂപ ടൂറിസം മേഖലയോടുമാത്രമല്ല പാരിസ്ഥിതിക വിഷയങ്ങളോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയ്ക്കും ഉദാഹരണമാണ്. കേവലം ഒരു ശുചീകരണ പദ്ധതിയല്ല ഇത്. അഷ്ടമുടി കായലിനെയും കൊല്ലം ജില്ലയിലെ മറ്റ് ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെയും ബന്ധിപ്പിച്ച് നടപ്പാക്കുന്നതിനായി കഴിഞ്ഞ വർഷം

പ്രഖ്യാപിച്ചിരുന്ന ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ടിനുകൂടി സഹായകമാകുന്ന നിർദ്ദേശമാണ്. ഈ പദ്ധതിക്ക് കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത്തിയഞ്ച് കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ബയോ ഡൈവേഴ്സിറ്റി പദ്ധതിയുടെ ശാക്തീകരണത്തിന് അഷ്ടമുടികായലിന്റെ ശുചീകരണ പദ്ധതി അനുബന്ധഘടകമായി മാറും. ടൂറിസം മേഖലയിൽ കാരവാൻ ടൂറിസം പോലുള്ള നവീന ആശയങ്ങളുണ്ടാക്കിയ ചലനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. കോവളം, കൊല്ലം, കോഴിക്കോട്, മംഗലാപുരം വഴി ഗോവയിലെത്തുന്ന ക്രൂയിസ് ടൂറിസം പദ്ധതി രാജ്യാന്തരതലത്തിൽ ശ്രദ്ധിക്കപ്പെടുന്നു. ദേശീയപാത 66-ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ നിർമ്മിക്കാനുള്ള തീരുമാനം ഐ.ടി. മേഖലയ്ക്ക് പുതുജീവൻ നൽകും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽനിന്നും കൊല്ലത്തേയ്ക്കുള്ള ഐ.ടി. ഇടനാഴി കൊല്ലം നഗരത്തിന്റെ മുഖച്ഛായമാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. കൊല്ലം-കണ്ണൂർ ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ലാൻഡ് പൂളിൽനിന്ന് ആയിരം കോടി രൂപ വകയിരുത്താവാനുള്ള തീരുമാനം ഈ മേഖലയ്ക്ക് കരുത്തുനൽകും. കൊല്ലം തുറമുഖവികസനത്തിനായി പത്തുകോടി രൂപ അനുവദിച്ച നടപടിയും ഏറെ

ശ്ലാഘനീയമാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ഏഴുകോടി രൂപ അനുവദിച്ചതിനുപുറമെ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കാനുള്ള പ്രഖ്യാപനവും വന്നുകഴിഞ്ഞു. ഗുരുവിന്റെ നാമധേയത്തിൽ കൊല്ലത്ത് നിർമ്മാണം പുരോഗമിക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. നൂറുദിനകർമ്മ പരിപാടിയുടെ ഭാഗമായി ഉദ്ഘാടനം നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊല്ലത്തിന്റെ അഭിമാനവും സംസ്ഥാനത്തിന്റെ പ്രിയ കവിയുമായ ജ്ഞാനപീഠം ഒ. എൻ. വി. കുറുപ്പിന് കൊല്ലം നഗരത്തിൽ ഒരു സ്മാരകമുണ്ടാകേണ്ടതുണ്ട്. നിർദ്ദിഷ്ട സാംസ്കാരിക സമുച്ചയത്തിന്റെ പ്രവേശന വീഥിയിൽ ആശ്രാമം മൈതാനത്തിന് മുൻവശം ഒ.എൻ.വി. കുറുപ്പിന്റെ പൂർണകായ പ്രതിമ അദ്ദേഹത്തിന്റെ സ്മാരകമായി സർക്കാർ സ്ഥാപിക്കണം. ഇതിനായുള്ള തുകകൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കലാസാംസ്കാരിക മേഖലയ്ക്ക് മുന്തിയ പരിഗണന ബഡ്ജറ്റിൽ ലഭിച്ചിട്ടുണ്ട്. ഈ മേഖലയോടുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ പ്രതിബദ്ധതയുടെ അടയാളമായി 175 കോടി രൂപ

വകയിരുത്തി. മലയാള സിനിമാ ചരിത്ര മ്യൂസിയവും ശ്രദ്ധേയമായ പ്രഖ്യാപനമാണ്. കോവിഡാനന്തരം കലാസാംസ്കാരിക മേഖല ഉണർവിന്റെ പാതയിലാണ്. കലാകാരന്മാർ പൊതുവിലും നാടകം, ഗാനമേള, മിമിക്രി, നാടൻ കലകൾ, അനുഷ്ഠാന കലകൾ തുടങ്ങി അവതരണകലകളിലെ കലാകാരന്മാരും കലാസമിതികളും വളരെയധികം ബുദ്ധിമുട്ടുകളിലൂടെയാണ് കടന്നുപോകുന്നത്. നാടകം ഉൾപ്പെടെയുള്ള അവതരണ കലകൾക്കും കലാസമിതിക്കും മൂലധന സഹായമായി സർക്കാർ സഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയും അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. പുതിയ നാടകമോ ഗാനമേളയോ തുടങ്ങാൻ ആരുടെയും കൈയിൽ കാശില്ല. സംസ്ഥാന ബഡ്ജറ്റ് ദിനം ജനങ്ങൾക്ക് സുദിനമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പൊതുയോഗത്തിൽ പറഞ്ഞതുപോലെ പ്രതിപക്ഷത്തിന്റെ കഴിഞ്ഞ കുറച്ച് ദിവസങ്ങൾ ദുർദിനങ്ങളായിരുന്നു. വർഗ്ഗീയ ശക്തികൾക്കെതിരെ പോരാടാൻ കോൺഗ്രസ് നിലനിൽക്കേണ്ടത് രാജ്യത്തിന്റെ ആവശ്യമാണ്. എന്നാൽ ആ ഉത്തരവാദിത്വം അവർ നിർവ്വഹിക്കുന്നില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ വളരെ പ്രമുഖനായ നേതാവ് ശ്രീ.

രാഹുൽ ഗാന്ധി കേരളത്തിൽ വന്ന് മത്സരിച്ചു. അദ്ദേഹം വടക്കേ ഇന്ത്യയിലും മത്സരിച്ചെങ്കിലും അവിടെ തോറ്റു, ഇവിടെ ജയിച്ചു. വളരെ അപകടകരമായ ഒരു സൂചനയാണ് ഇപ്രാവശ്യം നൽകുന്നത്. പലരും പഞ്ചാബിൽനിന്നും ഉത്തർപ്രദേശിൽനിന്നും കേരളം സുരക്ഷിത സ്ഥാനമാണെന്ന് കരുതി ഹൈക്കമാൻഡിന്റെ അനുവാദത്തോടുകൂടി വരാനുള്ള പരിപാടിയുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. നിങ്ങൾ അതിന് സമ്മതിക്കരുതെന്നാണ് എന്റെ സുഹൃത്തുക്കളായ കേരളത്തിലെ കോൺഗ്രസ്സുകാരോട് പറയാനുള്ളത്. ഇപ്രാവശ്യം കോൺഗ്രസ്സിന് തീരെ സുരക്ഷിതമല്ലാത്ത ഒരു സ്ഥലമാണ് കേരളം. അവരെ ബോധവൽക്കരിച്ച് ആ സത്യം അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. 1972-ൽ പ്രസിദ്ധ കാർട്ടൂണിസ്റ്റായ ആർ. കെ. ലക്ഷ്മൺ ഒരു കാർട്ടൂൺ വരച്ചു. ഒരു വലിയ മൈക്രോസ്കോപ്പിന് മുന്നിൽ നിൽക്കുന്നു, താഴെ എഴുതിയിരിക്കുന്നത്, 'കോൺഗ്രസ് ഇങ്ങനെ അടി തുടങ്ങിയാൽ കുറച്ചുകാലം കഴിയുമ്പോൾ ഒരു യഥാർത്ഥ കോൺഗ്രസ്സുകാരനെ കാണാൻ ഈ ഡിവൈസിലൂടെ നോക്കേണ്ടി വരും' എന്നാണ്. അത് വളരെ അർത്ഥവത്തായിരിക്കുകയാണ്. ഈ നാട്ടിലെ കോൺഗ്രസ്സുകാർ കേരളത്തിലെ പ്രൊഫഷണൽ നാടക പ്രവർത്തകരെ

കണ്ടുപഠിക്കണമെന്നാണ് അനുഭവത്തിന്റെ വെളിച്ചത്തിൽ എന്റെ സുഹൃത്തുക്കളോട് പറയാനുള്ളത്. അവരുടെ അഭിനയം നിങ്ങളുടെ അത്രയും വരില്ല. പക്ഷെ അവിടെ നല്ല ജനാധിപത്യമുള്ള സ്ഥലമാണ്. അഭിപ്രായ വ്യത്യാസങ്ങൾ, വഴക്കുകൾ, അടിപിടി, ശണ്ഠ, പോർവിളികൾ എല്ലാമുണ്ട്. പക്ഷെ അടുത്ത ബെല്ലോടുകൂടി നാടകം ആരംഭിക്കുന്നുവെന്ന അനൗൺസ്മെന്റ് വന്നാൽ അവർ ഒറ്റക്കെട്ടാണ്. നാടകം ഗംഭീരമാക്കാൻവേണ്ടിയുള്ള സ്നേഹവും സന്തോഷവും സാഹോദര്യവുമെല്ലാം നമ്മൾ നേരിട്ട് കാണും. അതായത്, പെർഫോമൻസ് ടൈമിൽ എല്ലാം മറന്ന് നിങ്ങൾ ഒന്നിക്കണം. ഈ രംഗത്തോടുകൂടി നാടകം പൂർണ്ണമാകുമെന്ന് മറ്റൊരു അനൗൺസ്മെന്റ് വരുമ്പോൾ അടി വീണ്ടും തുടങ്ങും; അത് വേറെ കാര്യം. പക്ഷെ പെർഫോമൻസ് ടൈമിൽ എല്ലാവരും ഗംഭീരമായിരിക്കും. ഞാൻ ഇതൊക്കെ പറയുന്നത് നിങ്ങൾ കേരളത്തിലെ ശക്തമായ പ്രതിപക്ഷമായി സ്ഥിരമായി നിൽക്കണമെന്ന ആഗ്രഹം കൊണ്ടുമാത്രമാണ്. സംസ്ഥാന ബഡ്ജറ്റിനെക്കുറിച്ച് പലവിധ പരാമർശങ്ങളും കേൾക്കുകയുണ്ടായി. വെറും വാചകമടി എന്ന് പ്രതിപക്ഷ നേതാവ് വിമർശിച്ചു. പ്രതിപക്ഷ നേതാവിനെ എനിക്ക് വലിയ ഇഷ്ടമാണ്. അദ്ദേഹം

സുന്ദരനും സുമുഖനുമാണ്. പലസന്ദർഭങ്ങളിലും ഞാൻ അദ്ദേഹത്തെ ഇവിടെനിന്ന് നോക്കിയിട്ടുണ്ട്. അദ്ദേഹം രാഷ്ട്രീയത്തിൽ വന്നില്ലായിരുന്നെങ്കിൽ നല്ലൊരു സിനിമാ നടനാകുമായിരുന്നു. ഒരു ചെറിയ കഥ ഞാൻ പറയാം. 'വലിയ നിലയിൽ നിന്നിരുന്ന ഒരാൾ പൊളിഞ്ഞ് പോയി. അദ്ദേഹം തിരിച്ച് വരാൻ വളരെ പ്രയാസപ്പെടുന്നു. എന്റെയെല്ലാം നഷ്ടപ്പെട്ടു, എനിക്ക് തിരിച്ച് വരണമെന്ന് അദ്ദേഹത്തിന്റെ പഴയ ഗുരുവിനെ കണ്ട് പറഞ്ഞു. അപ്പോൾ ഗുരു പറഞ്ഞു, നിങ്ങളൊരു കാര്യം ചെയ്യണം അടുത്തുള്ള വലിയ കുന്നിന്റെ മുകളിൽ പോയി രണ്ട് ദിവസം ഇരിക്കണം, അപ്പോൾ ബോധോദയമുണ്ടായി ഒരു വഴി തെളിഞ്ഞുവരും. അയാൾ രണ്ട് ദിവസം അവിടെ ഇരുന്നു. എപ്പോഴൊക്കെയോ സൂര്യൻ പ്രകാശിക്കുമ്പോൾ അരുവി മിന്നും കുറച്ച് കല്ലുകൾ തിളങ്ങുന്നതല്ലാതെ അയാൾ ഒന്നും കണ്ടില്ല. അദ്ദേഹം തിരിച്ച് വന്നശേഷം, എന്നെ പറ്റിച്ചതല്ലേയെന്ന് ഗുരുവിനോട് ചോദിച്ചു. എന്തൊക്കെ കണ്ടുവെന്ന് ഗുരു അയാളോട് ചോദിച്ചു. അയാൾ പറഞ്ഞു, അവിടെ സൂര്യൻ പ്രകാശിക്കുമ്പോൾ എന്തോ ഒരു തിളക്കം മാത്രമെ ഞാൻ കണ്ടുള്ളൂ. ഗുരു പറഞ്ഞു, നിങ്ങൾ കണ്ട ആ തിളങ്ങുന്ന കല്ലുകൾ രത്നങ്ങളായിരുന്നു. പക്ഷെ നിങ്ങളത് വേണ്ടവിധം കണ്ടില്ല.

ലാഭത്തെക്കുറിച്ചുള്ള ചിന്തയിൽ നിങ്ങൾ കാണേണ്ടത് കാണാതെപോയി.' രാഷ്ട്രീയ ലാഭത്തെക്കുറിച്ചുള്ള ചിന്തയിൽ പ്രതിപക്ഷം കാണേണ്ടത് കണ്ടില്ല. ബഡ്ജറ്റിൽ രത്നങ്ങൾപോലെ ഭാവി സൂചനകൾ തിളങ്ങുന്നു. വിമർശിക്കുംമുമ്പ് കാണേണ്ടത് കാണാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞങ്ങൾ ഇത്രയൊക്കെ വൃത്തികേടുകൾ കാണിച്ചിട്ടും നിങ്ങളെന്തുകൊണ്ടാണ് ശക്തമായി പ്രതികരിക്കാത്തതെന്നുള്ള ദു:ഖമാണ് ശ്രീ. എം. മുകേഷിന്റെ വാക്കുകളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. ഞങ്ങൾ ഇത്രയൊക്കെ ചെയ്തിട്ടും നിങ്ങൾ ഇത്രയല്ലേ ചെയ്യുന്നുള്ളുവെന്നാണ്. ക്രമസമാധാനം പൂർണ്ണമായി തകർന്ന ഒരു സംസ്ഥാനത്ത് ലോക സമാധാനത്തിനുവേണ്ടി 2 കോടി രൂപ നീക്കി വച്ചിരിക്കുന്നു. മന്ത്രി സ്വയം ട്രോളിയതാണോയെന്ന് എനിക്ക് സംശയമുണ്ട്. യുക്രൈനും റഷ്യയുംകൂടി ചേർന്ന് കേരളത്തിലെ ക്രമസമാധാനത്തിനുവേണ്ടി അവരുടെ ബഡ്ജറ്റിൽ എന്തെങ്കിലും തുക വകയിരുത്തുമോയെന്നുള്ള പേടിയാണെനിക്കുള്ളത്. ക്രമസമാധാനം ഉറപ്പുവരുത്തേണ്ട പോലീസിന് പെട്രോളടിക്കാൻപോലും കാശില്ലാത്ത ഒരു നാട്ടിൽ 2 കോടി രൂപ

ലോകസമാധാനത്തിനുവേണ്ടിയെന്ന് പറയുന്ന നിങ്ങളെ രണ്ട് കൈയും നീട്ടി നമസ്കരിക്കാതെ വേറെ ഒരു മാർഗ്ഗവുമില്ല. ഞങ്ങൾ ഇത്രയൊക്കെ ചെയ്തിട്ടും നിങ്ങൾ ഇത്രയാണല്ലോ പ്രതികരിക്കുന്നതെന്നാണ് ശ്രീ. എം. മുകേഷ് പറഞ്ഞത്. എല്ലാ വർഷവും സാമൂഹ്യക്ഷേമ പെൻഷൻ 10 ശതമാനം വർദ്ധിപ്പിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞു. പക്ഷെ അതിനെക്കുറിച്ച് ഒരക്ഷരം ഈ ബഡ്ജറ്റിൽ മിണ്ടിയിട്ടില്ല. ഇതൊരു തെരഞ്ഞെടുപ്പല്ലാത്തതുകൊണ്ട് ഞങ്ങൾക്കൊരു അത്ഭുതവുമില്ല. കാരണം, തെരഞ്ഞെടുപ്പ് കാലത്ത് മാത്രം സാമൂഹ്യക്ഷേമത്തെക്കുറിച്ച് ചിന്തിക്കുന്ന ഒരു മുന്നണിയാണ് നിങ്ങളുടേത്. ഇവിടെ മാത്രമല്ല കേന്ദ്രത്തിലിരിക്കുന്ന സർക്കാരും തെരഞ്ഞെടുപ്പ് കാലത്താണ് ചിന്തിക്കുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പാണ് കർഷകർക്ക് 2000 രൂപ ബാങ്കിലിട്ട് കൊടുക്കാൻ തീരുമാനിച്ചത്. അസംബ്ലി തെരഞ്ഞെടുപ്പും പഞ്ചായത്ത് തെരഞ്ഞെടുപ്പും വന്നപ്പോൾ നിങ്ങൾ കിറ്റ് കൊടുത്തു, ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചു. എല്ലാ കാര്യങ്ങളിലുമെന്നപോലെ 'മോഡിസത്തിന്റെ' കേരള എഡിഷനാണ് ശ്രീ. പിണറായി വിജയനെന്ന് ഇക്കാര്യത്തിലും തെളിയിച്ചിരിക്കുകയാണ്. അതുകൊണ്ട് സാമൂഹ്യക്ഷേമ പെൻഷൻ

വർദ്ധിപ്പിക്കുമെന്നുള്ള നിങ്ങളുടെ പ്രഖ്യാപനം ഈ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിലുണ്ടാകണമെന്നാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൈത്തറി വസ്ത്രം ധരിച്ചുകൊണ്ടാണ് ബഡ്ജറ്റ് പ്രസംഗം നടത്തിയത്. കൈത്തറിക്ക് 40 കോടി രൂപ പോരാ, അത് വർദ്ധിപ്പിക്കണം. സ്കൂൾ യൂണിഫോം കൈത്തറിയിലേയ്ക്ക് മാറ്റിയത് വളരെ നല്ല കാര്യമാണ്. പക്ഷെ അവർക്ക് മൂന്ന് മാസത്തിനപ്പുറം ജോലിയില്ല, കാരണം മൂന്ന് മാസം നെയ്താൽ ആവശ്യത്തിന് തുണിയായി കഴിയും. ഏഴാം ക്ലാസ്സുവരെ മാത്രമെ കൈത്തറി യൂണിഫോമുള്ളൂ. ഹയർ സെക്കണ്ടറി തലംവരെ സ്കൂൾ യൂണിഫോം കൈത്തറി വസ്ത്രമാക്കണമെന്ന് ആവശ്യപ്പെടുകയാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി; അവ പ്രത്യേകമായി തുടരണം. ലൈഫ് പദ്ധതിയിൽനിന്ന് അത് വേർപ്പെടുത്തണം. കാരണം, ഇന്ന് പല മത്സ്യത്തൊഴിലാളികൾക്കും പട്ടയമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതുവരെയും മത്സ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുത്തിട്ടില്ല. അടിയന്തരമായി പട്ടയം കൊടുക്കണം. ലൈഫ് പദ്ധതിയുടെ പാരാമീറ്റേഴ്സ് വച്ച് പലപ്പോഴും ഈ

വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് അവർക്കുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി അടിയന്തരമായി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. സാമ്പത്തിക പ്രതിസന്ധി ഗുരുതരമാണെന്ന് എപ്പോഴും പറയുമെങ്കിലും അതിനുള്ള പരിഹാരമാർഗ്ഗങ്ങളൊന്നും സർക്കാരിന്റെ പക്കലില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണം അവസാനിച്ച് ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോൾ യു.ഡി.എഫ്. സർക്കാരിന്റെ മിസ്മാനേജ്മെന്റാണ് സാമ്പത്തിക പ്രതിസന്ധിക്കെല്ലാം കാരണമെന്ന് പറഞ്ഞ് ഒരു ധവളപത്രം പുറത്തിറക്കി. ഓരോ വർഷവും റവന്യൂ വരുമാനം 20 ശതമാനം വീതം വർദ്ധിപ്പിച്ച് അഞ്ച് വർഷംകൊണ്ട് റവന്യൂ വരുമാനം ഇരട്ടിയാക്കുമെന്നാണ് അന്ന് സർക്കാർ പറഞ്ഞത്. വരുമാനം ഇരട്ടിയാക്കുമെന്ന് പറഞ്ഞവർ കടമാണ് ഇരട്ടിയാക്കിയത്. 2016 മാർച്ച് 31-ന് 1,57,000 കോടി രൂപയായിരുന്ന കടം ഇപ്പോൾ 3 ലക്ഷം രൂപ കഴിഞ്ഞു. കിഫ്ബിയുടെകൂടെ ചേർക്കുമ്പോൾ മൂന്നര ലക്ഷം രൂപ കഴിഞ്ഞ് പോകുന്ന സ്ഥിതിയാണ്. ഒന്നാം എൽ.ഡി.എഫ്. സർക്കാരിന്റെ ധനകാര്യ കെടുകാര്യസ്ഥത പുതിയ മന്ത്രിക്കുകീഴിൽ മാറുമെന്ന പ്രതീക്ഷയും ഈ

ബഡ്ജറ്റോടുകൂടി അസ്ഥാനത്തായിരിക്കുകയാണ്. ആ സർക്കാരിൽനിന്നും ഒരു വ്യത്യാസവും ഈ സർക്കാരിനില്ല. ധനകാര്യ രംഗത്താണെങ്കിലും മറ്റ് ഏത് രംഗത്താണെങ്കിലും ഒരു മാറ്റവും കൊണ്ടുവരുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുള്ള വിശേഷണങ്ങളിൽ മാത്രമാണ് മാറ്റമുണ്ടായിട്ടുള്ളത്. അദ്ദേഹം ആദ്യം മുഖ്യമന്ത്രിയായപ്പോൾ ഇരട്ടച്ചങ്കൻ എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചത്. ഇപ്പോൾ ഉരുക്ക് മനുഷ്യൻ, കാരണഭൂതൻ എന്നൊക്കെ വിശേഷിപ്പിക്കുന്നു. അദ്ദേഹം ദൈവപുത്രനാണെന്ന് കഴിഞ്ഞ ദിവസം കുട്ടനാട് എം.എൽ.എ. പറഞ്ഞു. അദ്ദേഹത്തിന് ദൈവത്തെയും ദൈവപുത്രനെയും അറിയില്ലെന്നാണ് മനസ്സിലായിട്ടുള്ളത്. അദ്ദേഹം ഇത് പറഞ്ഞപ്പോൾ മുഖ്യമന്ത്രിക്ക് ആകെ അറിയാവുന്നത് ദൈവദോഷം മാത്രമാണെന്നാണ് എനിക്ക് ബോധ്യമായിട്ടുള്ളത്. പുതുക്കിയ ബഡ്ജറ്റിൽ 1,30,981 കോടി രൂപ റവന്യൂ വരവ് ഇനത്തിലും 1,47,891 കോടി രൂപ റവന്യൂ ചെലവ് ഇനത്തിലും വകയിരുത്തിയിരിക്കുന്നു. പക്ഷേ ചെലവ് 2,000 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ 13,000 കോടി രൂപ വരുമാനം കുറഞ്ഞു. ഇതിന്റെ ഫലമായി ബഡ്ജറ്റ് റവന്യൂ ഡെഫിസിറ്റ് എസ്റ്റിമേറ്റ് ചെയ്തത് 16,910 കോടിയിൽനിന്ന് 23,176 കോടി രൂപയായി വർദ്ധിച്ചു. മാർച്ച്

അവസാനത്തോടെ വർഷ്യാന്ത്യ കണക്കെടുപ്പ് നടത്തുമ്പോൾ ഇത് കൂടുതൽ വർദ്ധിക്കുമെന്നാണ് കാണാൻ കഴിയുന്നത്. ഇവിടെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളെക്കുറിച്ചെല്ലാം പറയുന്നു. 2021 അവസാനത്തോടുകൂടി ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ മഷിയിട്ട് നോക്കിയാൽപ്പോലും ഒരു ഭവനരഹിതനെ കണ്ടെത്താൻ കഴിയില്ലായെന്ന പ്രഖ്യാപനത്തോടുകൂടിയാണ് ഒന്നാം പിണറായി സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റ് പുറത്തിറക്കിയത്. എന്നാൽ ഇപ്പോഴത്തെ കണക്ക് എന്താണ്; രണ്ടേകാൽ ലക്ഷം വീടുകളാണ് പുതിയതായി നൽകിയത്. ഇപ്പോൾതന്നെ ആദ്യത്തെ അഞ്ചര ലക്ഷം അപേക്ഷകൾ സ്ക്രൂട്ടിനൈസ് ചെയ്തതിൽ രണ്ടേകാൽ ലക്ഷം വീടുകൾ മാത്രമേ നൽകിയിട്ടുള്ളൂ. വീണ്ടും പുതിയ അപേക്ഷകൾ ക്ഷണിച്ചു. പുതിയതായി ലഭിച്ച 9 ലക്ഷം അപേക്ഷകൾ ഇന്നുവരെ പരിശോധിച്ചുപോലും പൂർത്തിയാക്കിയിട്ടില്ല. 'ഭവന പദ്ധതിയെന്ന് പറഞ്ഞാൽ മറ്റുള്ളവരുടെ പദ്ധതിപോലെയല്ല ഞങ്ങളുടെ പദ്ധതി, ഞങ്ങളുടെ പദ്ധതിയെന്ന് പറഞ്ഞാൽ വീടിൽ അവസാനിക്കുന്നതല്ല, വീടിൽ തുടങ്ങുന്നതാണ്. ഞങ്ങൾ അവർക്ക് livelihood ഉണ്ടാക്കിക്കൊടുക്കും, വിദ്യാഭ്യാസം കൊടുക്കും, ആരോഗ്യം സംരക്ഷിക്കും'

എന്നെല്ലാം പറഞ്ഞിട്ട് നേരെചൊവ്വെ വീടുപോലും നൽകാതെ രണ്ടേകാൽ ലക്ഷത്തിൽ നിൽക്കുന്ന ഈ ഭവന പദ്ധതി എന്ന് പൂർത്തിയാക്കും? പണിതിട്ടും പണിതിട്ടും പണിതീരാത്ത വീടായ ഈ ലൈഫ് പദ്ധതിക്ക് പണിതീരാത്ത വീടെന്ന് പേരിടുന്നതായിരിക്കും നല്ലത്. 2,000 കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചു. ആ തുക എവിടെ ചെലവാക്കി? സാധാരണ ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾക്കുവേണ്ടി ചെലവാക്കുന്നതല്ലാതെ ഒരു പാക്കേജെന്നനിലയ്ക്ക് എത്രമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്? ആരോഗ്യ രംഗത്ത് നാലായിരം തസ്തികകൾ സൃഷ്ടിക്കുമെന്ന് പറഞ്ഞു. എത്ര തസ്തികകൾ എവിടെയെല്ലാം സൃഷ്ടിച്ചുവെന്ന് വ്യക്തമായ കണക്ക് പറയാൻ കഴിയുമോ; 2021-22-ലെ ബഡ്ജറ്റ് ഖണ്ഡിക 9-ൽ കിഫ്ബി വഴി 15,000 കോടി രൂപയുടെ പദ്ധതി പൂർത്തീകരിക്കുമെന്ന് പറഞ്ഞു. അതിൽ എത്ര പദ്ധതികൾ ആ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചു? വിദ്യാസമ്പന്നരായ 3 ലക്ഷം പേർക്കും അല്ലാത്തവരായ 5 ലക്ഷം പേർക്കും അങ്ങനെ 8 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞു. അതിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചു? ആ ബഡ്ജറ്റിലെ ഖണ്ഡിക 27-ൽ അഞ്ച് വർഷംകൊണ്ട് 20 ലക്ഷം തൊഴിൽരഹിതരായ

യുവാക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ നൽകുമെന്ന് പറഞ്ഞു. ഖണ്ഡിക 29-ൽ 2021-22-ൽ രണ്ട് ലക്ഷംപേർക്ക് ജോലി നൽകുമെന്ന് പറഞ്ഞു. ഇതിനോടകം 4 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി രജിസ്ട്രേഷൻ കഴിയേണ്ട സമയമായി. എത്രപേർക്ക് നൽകി? 50 ലക്ഷം എഡ്യൂക്കേറ്റഡ് യൂത്തിന് ട്രെയിനിംഗ് നൽകുമെന്ന് പറഞ്ഞു. ട്രെയിനിംഗ് നൽകുന്ന സ്കിൽ മിഷൻ എവിടെയാണ്? സമയക്കുറവുകൊണ്ട് ഞാൻ പറയുന്നില്ല. എത്രമാത്രം പറഞ്ഞാലും നടക്കാത്ത പദ്ധതികളാണ് കെ-ഫോൺ ഉൾപ്പെടെയുള്ളവ. പതിനെട്ട് മാസംകൊണ്ട് പൂർത്തീകരിക്കുമെന്ന് പറഞ്ഞ കെ-ഫോൺ പദ്ധതി ഇന്ന് 36 മാസം കഴിഞ്ഞിട്ടും എവിടെയുമെത്താത്ത സ്ഥിതിയിലാണ്. നടക്കാത്ത പ്രഖ്യാപനങ്ങൾ കുട്ടിക്കെട്ടി നടത്തുന്ന വെറും ഭരണഘടനാപരമായ ബാദ്ധ്യത നിറവേറ്റാൻ മാത്രമുള്ള ഒരു പ്രസംഗമായി ഈ ബഡ്ജറ്റ് പ്രസംഗം അവസാനിച്ചിരിക്കുന്നു. ഇതിനെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, രണ്ടാം പിണറായി സർക്കാരിന്റെ സമ്പൂർണ്ണ ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായ കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചതിനെ ഞാൻ പൂർണ്ണമായും

പിന്തുണയ്ക്കുന്നു. പ്രായോഗികമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഏറ്റവും ജനകീയമായ ഒരു ബഡ്ജറ്റാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. പുതുക്കാട് നിയോജകമണ്ഡലത്തിൽ പുതുക്കാട് ആസ്ഥാനമായ പുതുക്കാട് ടൗണിൽ ഒരു മിനി സിവിൽസ്റ്റേഷനുവേണ്ടി 10 കോടി രൂപ അനുവദിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ഈ ഘട്ടത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയും എന്റെ നന്ദി അറിയിക്കുകയും ചെയ്യുന്നു. പുതുക്കാട് ചുറ്റുവട്ടത്തുള്ള വിവിധ സർക്കാർ ഓഫീസുകളെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നത്. അതിന്റെ രണ്ട് ഘട്ടങ്ങളിലുള്ള മീറ്റിംഗുകളെല്ലാം കഴിഞ്ഞു. ജനങ്ങളുടെ ഏറെനാളത്തെ പ്രതീക്ഷയാണ് പൂവണിയാൻ പോകുന്നത്. ഈ പദ്ധതിക്കുവേണ്ടി 10 കോടി രൂപ അനുവദിച്ചതിന് ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരിക്കൽക്കൂടി ഞാൻ നന്ദി അറിയിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പുതുക്കാട് മണ്ഡലത്തിലെ മഞ്ഞൾ കൃഷിയെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. ആമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്കും വട്ടണാത്ര സർവ്വീസ് സഹകരണ

ബാങ്കും സംയുക്തമായി ഒരു കൺസോർഷ്യം രൂപീകരിച്ച് അവിടത്തെ കൃഷിക്കാരെ അണിനിരത്തിക്കൊണ്ട് മഞ്ഞൾ കൃഷിയിൽ കേന്ദ്രീകരിക്കുന്നതിനുവേണ്ടി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിരവധി നേട്ടങ്ങൾ ആ സഹകരണ സ്ഥാപനങ്ങൾക്കും അവിടത്തെ കൺസോർഷ്യത്തിനും ഉണ്ടായിട്ടുണ്ട്. ആ സംരംഭം മാതൃകാ സംരംഭമായി മാറിയതിൽ അഭിനന്ദിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. വളരെ സന്തോഷകരമായ പ്രസ്താവനയാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അങ്ങനെ കാണുമ്പോൾ അവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള വിപണി കണ്ടെത്തേണ്ടതുണ്ട്. വിപണിയുണ്ടെങ്കിലും സർക്കാരിന്റെ ഭാഗമായിട്ടുള്ള സംവിധാനങ്ങളിൽക്കൂടി ആ ഉല്പന്നങ്ങൾ വിറ്റഴിക്കാൻവേണ്ടിയുള്ള നടപടികളും ഇടപെടലുകളും ഉണ്ടാകേണ്ടതുണ്ട്. സിവിൽ സപ്ലൈസ്പോലുള്ള നിരവധി സംവിധാനങ്ങളിൽക്കൂടി 'മഞ്ഞപ്പൊടിയല്ലാത്ത' മഞ്ഞൾപ്പൊടിയെന്ന നിലയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻവേണ്ടി പ്രായോഗികമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് വിനീതമായി

അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി.-യുടെ ഒരു സ്വപ്ന പദ്ധതിയായിരുന്ന, പുതുക്കാട് സെന്ററിൽ മൂന്നേക്കർ സ്ഥലത്ത് കെ.എസ്.ആർ.ടി.സി.യുടെ മൊബിലിറ്റി ഹബ്ബ് എന്നനിലയിൽ ഒരു ഹബ്ബ് ആരംഭിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിലും ഗവൺമെന്റിനുവേണ്ടി ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിലും പറയുകയുണ്ടായി. അതുമായി ബന്ധപ്പെട്ട പദ്ധതിയുടെ നടപടികളിൽക്കൂടി കെ.എസ്.ആർ.ടി.സി. സഞ്ചരിക്കുന്നുവെന്നാണ് അറിയാൻ സാധിച്ചത്. ആ പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി ആവശ്യമായ ഫണ്ടുകൾ കിഫ്ബിയിൽനിന്നും അനുവദിക്കുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും കൈക്കൊള്ളണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് പ്രത്യേകമായി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ ത്രിതലപഞ്ചായത്ത് സംവിധാനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളിൽ ഒരു work near home പദ്ധതി ഉണ്ടാകണമെന്ന് പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി കൊടകര ബ്ലോക്ക്

പഞ്ചായത്തിൽ ഒരു പെൺതൊഴിലിടം (She workspace) എന്നനിലയിൽ 1000 സ്ത്രീകൾക്ക് തൊഴിൽ നൽകാവുന്ന ഒരു സംരംഭം മുന്നോട്ടുകൊണ്ടുപോകുകയാണ്. അതിനുവേണ്ടി ജില്ലാപഞ്ചായത്ത് ഒരു കോടി രൂപ നീക്കിവയ്ക്കുകയും സാമ്പത്തിക സഹായങ്ങൾക്കുവേണ്ടി ഗ്രാമപഞ്ചായത്തുകളെ സംയോജിപ്പിക്കുകയും ചെയ്തു. അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഡി.പി.ആർ. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയായ ശ്രീ. കെ. രാജൻ പങ്കെടുത്തുകൊണ്ട് പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട് എന്നും സ്ത്രീകൾക്കൊപ്പം നിൽക്കുന്ന സർക്കാർ തീർച്ചയായും വളരെ പ്രധാനപ്പെട്ട ഈ പദ്ധതിയെ സഹായിക്കാൻ മുന്നോട്ടുവരുമെന്നാണ് ഞാൻ കരുതുന്നത്. ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായിട്ടുള്ള മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ മാതൃകാസംരംഭത്തെ സഹായിക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായവും അതിനാവശ്യമായ പിന്തുണയും പ്രഖ്യാപിക്കുമെന്നാണ് ഞാൻ കരുതുന്നത്. ധാരാളം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കേരളീയ മനുഷ്യസമൂഹത്തെ മുന്നോട്ട് നയിക്കാൻ പര്യാപ്തമായ ബഡ്ജറ്റാണ് കേരളത്തിലെ ഗവൺമെന്റിനുവേണ്ടി ശ്രീ. കെ.

എൻ. ബാലഗോപാൽ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ നാടിന്റെ വ്യാവസായിക വികസനത്തിനാവശ്യമായിട്ടുള്ള പശ്ചാത്തല സൗകര്യങ്ങളും അസംസ്കൃത വസ്തുക്കളും ഉണ്ടാകണം. അതിനുവേണ്ടി റോഡുകളും വൈദ്യുതിയും വെള്ളവും ഉണ്ടാകണം. ആ നിലയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിൽ ഏറ്റവും നല്ല ഇടപെടലുകൾ നടത്തിക്കൊണ്ട് മുന്നോട്ടുപോകുകയാണ് കേരളം. എല്ലാത്തിനെയും എതിർക്കുന്ന പ്രതിപക്ഷത്തിന്റെ എതിർപ്പുകളെ അവഗണിച്ച് കേരളത്തിൽ ശക്തമായ ഭരണനടപടികളുമായും തീരുമാനങ്ങളുമായും മുന്നോട്ടുപോകാതിരുന്നെങ്കിൽ കേരളത്തിന്റെ സ്ഥിതി എന്താകുമായിരുന്നു? യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് പവർക്കട്ടും ലോഡ് ഷെഡിംഗുമുള്ളൊരു കേരളമല്ലേ നമ്മൾ കണ്ടത്? നേരത്തെ പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ചതുപോലെ ഇടമലയാർ-കൊച്ചി പവർ ഹൈവേ ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് നാലാളുകൾവന്ന് രണ്ട് മുദ്രാവാക്യം വിളിച്ചപ്പോൾ ഉപേക്ഷിച്ചുപോയതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. അന്ന് ഉപേക്ഷിച്ചുപോയത് എൽ.ഡി.എഫ് ഗവൺമെന്റ് ഏറ്റെടുത്തില്ലായിരുന്നെങ്കിൽ ഇന്ന് പ്രകാശ പൂരിതമായ

കേരളമാകുമായിരുന്നോ? ഇങ്ങനെ എന്തെല്ലാം കാര്യങ്ങൾ പറയാനുണ്ട് നമുക്ക്. നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് വയൽക്കിളികൾ കൂട്ടുകൂട്ടി. അവരെയെല്ലാം വിളിച്ച് വരുത്തി, അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും എന്താണെന്ന് മനസ്സിലാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ച് ഒരു തരത്തിലുള്ള പ്രശ്നങ്ങളുമില്ലാതെ തടസ്സങ്ങൾ നീക്കി ആ പദ്ധതികൾ പൂർത്തീകരിക്കുന്നു. അത്തരം നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാർ കേരളത്തിന്റെ വികസനവും ക്ഷേമവും മുൻനിർത്തിക്കൊണ്ട് എല്ലാ രംഗങ്ങളിലും ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. ഇവിടെ ഈ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഇന്ത്യയിലെ ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളെയും കോൺഗ്രസ് പിന്തുണയ്ക്കുകയാണ്. കേരളത്തിലെ എല്ലാ വികസന പ്രവർത്തനങ്ങളുടെയും ഭാഗമായി കാലത്തിനനുസരിച്ചുള്ള പുതിയ സംരംഭങ്ങൾ കൊണ്ടുവരുമ്പോൾ എല്ലാത്തിനേയും എതിർക്കുകയെന്ന സമീപനമാണ് കോൺഗ്രസ് സ്വീകരിക്കുന്നത്. അവിടെ എല്ലാത്തിനെയും അനുകൂലിക്കുകയാണ്. കർഷക നിയമങ്ങൾ കർഷകർക്കെതിരായി വരുമ്പോൾ, തൊഴിലാളി വിരുദ്ധ

നിയമങ്ങൾ വരുമ്പോൾ, വേജ് ബോർഡുകൾ നിയമങ്ങളായി വരുമ്പോൾ പ്രതിപക്ഷത്തിന്റെ പ്രധാന കക്ഷിയെന്ന നിലയിൽ പ്രതികരിക്കേണ്ട കോൺഗ്രസ് എവിടെയാണ്? പൗരത്വ നിയമവുമായി ബന്ധപ്പെട്ട് ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളെയാകെ ആക്രമിക്കാനായി മുന്നോട്ട് വന്നപ്പോൾ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് എവിടെയായിരുന്നു. അങ്ങനെ നിരന്തരം? ജനങ്ങളിൽനിന്നും നിങ്ങൾ ഒറ്റപ്പെടുകയാണ്. അവിടെ നിങ്ങൾ ഒറ്റപ്പെടുന്നു, ഇവിടെയും നിങ്ങൾ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയല്ലേ? ഇതാണ് വസ്തുത. നിങ്ങൾ ഒരിക്കലും നേരായ വഴിക്ക് കാര്യങ്ങൾ ചിന്തിച്ചുപോകുന്നില്ലെന്ന് അനുദിനം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളും ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുമെല്ലാം പറഞ്ഞുതീർക്കണമെങ്കിൽ എത്രമാത്രം ദിവസങ്ങൾ വേണ്ടി വരും. ഇതെല്ലാം ജനങ്ങൾക്ക് അറിയാവുന്നതാണ്. അതിന്റെ രേഖകളെല്ലാം ഈ പുതിയ കാലത്തിന്റെ പുതിയ സിസ്റ്റമനുസരിച്ച് എല്ലാവർക്കും മനസ്സിലാക്കാൻ കഴിയും. നമ്മുടെ ഗവൺമെന്റ് ഈ ദുരിത കാലത്ത് കേരളത്തിലെ ജനങ്ങളെ മുന്നോട്ട് നയിക്കാൻ പുതിയ

കാലത്തിനനുസരിച്ചുള്ള നൂതനമായ സംരംഭങ്ങൾ കൊണ്ടുവന്ന് അതിനാവശ്യമായ ഫണ്ടുകൾ കണ്ടെത്തി....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഒരുകാര്യം കൂടി സൂചിപ്പിച്ചിട്ട് ഞാൻ അവസാനിപ്പിക്കാം. കിഫ്ബിയെ എതിർത്തില്ലേ? നമ്മളെല്ലാവരും എം.എൽ.എ. മാരല്ലേ? ബി.എം.&ബി.സി. റോഡിലൂടെ സഞ്ചരിച്ചതിനുശേഷം നമ്മൾ വേറെ റോഡിലിറങ്ങുമ്പോൾ എന്തായിരിക്കും സ്ഥിതി. അതിന്റെ ഗുണം നമ്മൾ കാണുകയല്ലേ? ഇങ്ങനെയാണ് ഓരോരോ രാജ്യങ്ങളിൽപ്പോയി സഞ്ചരിക്കുന്നവർ, യാത്ര ചെയ്യുന്നവർ ഇവിടെ വന്ന് പലതും പറയുന്നത്. പുതിയകാലത്തിനനുസരിച്ച് ജനങ്ങൾക്ക് സഞ്ചരിക്കാനും നാടിന്റെ വികസനത്തിനുംവേണ്ടിയുള്ള പദ്ധതികളാണ് കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കുന്നതെന്നതുകൊണ്ട് എല്ലാവരും ഈ ബഡ്ജറ്റിന് പിന്തുണ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിന് ഒരിക്കൽക്കൂടി പിന്തുണ നൽകിക്കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 2022-2023 വർഷത്തേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ് ആധുനിക കേരളത്തിന്റെ വളർച്ചയ്ക്ക് ദീർഘവീക്ഷണത്തോടെയുള്ള മുന്നേറ്റത്തിന് സഹായകമായ ഒരു തറക്കല്ലിടലാണ്. കേരളം എന്നത് ലോകത്തിന് മാതൃകയായിട്ടുള്ളൊരു സംസ്ഥാനമാണ്. ആ കേരളത്തെ മധ്യയൂറോപ്യൻ രാജ്യങ്ങൾക്ക് തുല്യമായ മെച്ചപ്പെട്ടൊരു സംസ്ഥാനമായി പിടിച്ചുയർത്താൻവേണ്ടി വളരെ comprehensive ആയൊരു attitude ആണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ ബഡ്ജറ്റ് ഒരു മാസം മുൻപേയാണ് ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിക്കുകയും നമ്മുടെ രാജ്യം അത് കാണുകയും ചെയ്തത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി കടം വർദ്ധിപ്പിക്കുകയാണെന്നാണ് എനിക്ക് മുൻപേ സംസാരിച്ച ബഹുമാനപ്പെട്ട കോവളം എം.എൽ.എ. പറഞ്ഞത്. ഇവർ തുടർച്ചയായി ആക്ഷേപിച്ചുകൊണ്ടിരിക്കുന്നത് കേരളത്തെ കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുന്നു എന്നാണ്. 2011-ലെ കടക്കെണി 78,673 കോടി രൂപയാണ്. അത് 2015-16 ആയപ്പോൾ 1,57,670 കോടി രൂപയായി, ഇരട്ടിയിലേറെ കടമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ വകയുണ്ടായത്.

അവിടെനിന്നും നേരെ തിരിച്ച് 2021-26 ആകുമ്പോഴേയ്ക്കും 2,60,000 കോടി രൂപയാകും, ഇരട്ടിയായില്ല. ഇരട്ടിയിലേറെ കടം വർദ്ധിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണോ യു.ഡി.എഫ്. ഗവൺമെന്റാണോ? നിങ്ങൾ എന്താണ് മറച്ചുവയ്ക്കുന്നത്? ആധുനികമായി ഇന്നത്തെ കാലത്ത് കേരളംപോലൊരു സംസ്ഥാനത്തിന് വിഭവങ്ങളിലുണ്ടാകുന്ന പരിമിതിയുടെ ഭാഗമായി കടം വാങ്ങാതെ മുന്നോട്ടുപോകാൻ സാധിക്കുമോ? ഇന്ത്യയിൽ ഏത് സംസ്ഥാനത്തിനാണ്, ലോകത്ത് ഏത് രാജ്യത്തിനാണ് അങ്ങനെ മുന്നോട്ടുപോകാൻ കഴിയുന്നത്? ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ജനങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എന്താണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റ് ചെയ്തത്? നിങ്ങൾ ഉണ്ടയില്ലാത്ത വെടി തുടർച്ചയായി ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ ഇവിടെ ബഹുമാന്യരായ ഇടതുപക്ഷത്തിന്റെ എം.എൽ.എ. മാർ പറഞ്ഞതുപോലെ എത്ര കഠിനമായ പ്രശ്നങ്ങൾ നമ്മൾ അഭിമുഖീകരിച്ചു. ഈ നൂറ്റാണ്ടുകണ്ട പ്രളയവും വലിയ സാമ്പത്തിക പ്രയാസങ്ങളുമുണ്ടായി. എന്നാൽ ആ പ്രയാസങ്ങളെയെല്ലാം മറികടക്കാൻ നേരത്തെ ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റും ശ്രീ. എ. കെ.

ആന്റണിയുടെ ഗവൺമെന്റും പറഞ്ഞതുപോലെ മുണ്ട് മുറുക്കിയുടുത്ത് ജീവിക്കണമെന്നല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പറഞ്ഞത്. ജനങ്ങൾക്ക് നൽകിയ ഒരു ക്ഷേമാനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കാൻ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് തയ്യാറായോ? ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചില്ലെന്ന് പറയുകയാണ്. അത് 1600 രൂപ ആക്കിയത് ആരാണ്? 600 രൂപ പെൻഷനും കുടിശ്ശികയും ആക്കിയതിനുശേഷം പോയവരാണ് ഞങ്ങൾക്ക് നേരെ സംസാരിക്കുന്നത്. ദീർഘവീക്ഷണത്തോടെ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ബഡ്ജറ്റാണിത്. കേന്ദ്ര ഗവൺമെന്റിന്റെ കടം 100 ലക്ഷം കോടി രൂപയാണ്. 8.22 ലക്ഷം കോടി രൂപയാണ് പലിശയായി കേന്ദ്രഗവൺമെന്റ് അടയ്ക്കുന്നത്. ഇന്ത്യയിലെ കോർപ്പറേറ്റുകൾക്കേർപ്പെടുത്തിയിരുന്ന 30 ശതമാനം നികുതി എന്നത് 22 ശതമാനമായി വെട്ടിച്ചുരുക്കി. 1.45 ലക്ഷം കോടി രൂപ അവർക്ക് ലാഭമാണ്. കോർപ്പറേറ്റുകളുടെ സംരക്ഷണമായി ഒരു ബഡ്ജറ്റ് മാറിയപ്പോൾ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആധുനിക കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകമായ, ശ്രദ്ധേയമായ, ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചു. ഈ ബഡ്ജറ്റിൽ

പ്രഖ്യാപിച്ച ഗ്രാഫീൻ പാർക്ക്, വളരെ മോഡേൺ ആയ ഇന്നൊവേറ്റീവായ ഒരാശയമാണ്. അത് സുതാര്യമായ വജ്രത്തെക്കാൾ കാഠിന്യമുള്ളതും ചാലക ശേഷി ഏറ്റവും കൂടുതലുള്ളതുമായ പദാർത്ഥമാണ്. നിർമ്മാണ ഉത്പാദന മേഖലയിൽ വലിയ കുതിച്ചുചാട്ടത്തിന് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ ഉണർവേകുന്ന ഈ പദ്ധതി ഇന്ത്യയിലാദ്യമായി തൃശ്ശൂരിൽ ടാറ്റാ സ്റ്റീലുമായി ചേർന്ന് 86.4 കോടി രൂപ വകയിരുത്തി ആരംഭിക്കുകയാണ്. വൈഫൈ ഹോട്ട് സ്പോട്ടുകൾ, knowledge economy, 1000 കോടി രൂപയുടെ നാല് സയൻസ് പാർക്കുകൾ, ഇതൊക്കെ മുന്നോട്ട് കാണിക്കുന്നതെന്താണ്? ഛത്തീസ്ഗഢിലെ മുഖ്യമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കാൻ പോയത് ചാണകത്തിന്റെ പെട്ടിയുമായാണ്. യു.ഡി.എഫ്. നന്നായി ആലോചിക്കേണ്ടതാണ്. ശ്രീ. എ. എൻ. ഷംസീർ നിയമസഭയിൽ പ്രസംഗിച്ചതുപോലെ ആകെ രണ്ട് സംസ്ഥാനത്താണ് കോൺഗ്രസ് ജയിച്ചത്. നിങ്ങൾ പോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. (തുടരും)... ഇന്ത്യയുടെ മതനിരപേക്ഷ ജനാധിപത്യം സംരക്ഷിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ജനാധിപത്യപാർട്ടികളുണ്ടാക്കണം. നിങ്ങളെ പിന്തുണച്ച് ചോര വാർന്നുപോയവരാണ് ഞങ്ങൾ. ഇന്ത്യയുടെ മതനിരപേക്ഷ

ജനാധിപത്യം സംരക്ഷിക്കാൻ, ചക്രത്തിൽ കൈവിരലിട്ടുകൊടുത്ത പാർട്ടിയുടെ പേരാണ് സി.പി.ഐ.(എം)-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയും. ചോര വാർന്നുപോയത് ഞങ്ങൾക്കാണ്. നിങ്ങൾ സ്വീകരിക്കുന്ന സമീപനമെന്താണ്? വ്യക്തിപരമായി ആക്രമിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ശ്രീ. പിണറായി വിജയൻ 'മോണോലോഗ്' എത്ര സമർത്ഥമായിട്ടുള്ള പ്രയോഗമാണ്. ആ വാക്കിന്റെ അർത്ഥം ഉത്തരവാദിത്വത്തോടെയാണോ നിങ്ങൾ വിനിയോഗിക്കുന്നത്? 'മുണ്ടുടുത്ത ഫാസിസ്റ്റ്' എന്ന് ശ്രീ. പിണറായി വിജയനെ പറയുന്നു. കേരളത്തിന്റെ വികസന രംഗത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികൾ ആലോചിക്കേണ്ടത്, ജനകീയ ആസൂത്രണകാലത്ത് നിങ്ങൾ സ്വീകരിച്ച സമീപനമുണ്ട്. മുസ്ലീം ലീഗിലെ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബൊക്കെ ഇവിടെയുണ്ട്. വികസന വിരുദ്ധ സമീപനങ്ങൾ നിങ്ങൾക്ക് ഗുണകരമാണോ; ഇന്ത്യയിൽ ബി.ജെ.പി.-യാണ് അത്തരം നിലപാടുകൾ സ്വീകരിക്കുന്നത്. രാഷ്ട്രീയ കേരളചരിത്രത്തിൽ നാം ഇന്നുവരെ കണ്ടിട്ടില്ലാത്ത ഏറ്റവും വൃത്തികെട്ട നിലപാടായ 'ആന്റി കേരള' സ്വീകരിച്ചത് ബി.ജെ.പി.-യാണ്. അവർക്ക് ആ നിലപാട് സ്വീകരിക്കാം.

വാമനജയന്തി ആഘോഷിച്ചവരാണ് ബി.ജെ.പി. കേരളത്തിലൊരുകാര്യവും നൽകേണ്ടന്ന് അവരുടെ സംഘം കേന്ദ്രത്തിൽപോയി പറയുകയാണ്. ഇത്തരം വിചിത്ര സ്വഭാവത്തോടെയാണ് അവർ പ്രവർത്തിക്കുന്നത്. ആ കൂട്ടത്തിലേയ്ക്ക് യു.ഡി.എഫ്. എന്ന കേരളത്തിലെ പ്രബലമായ രാഷ്ട്രീയ മുന്നണി പോകാൻ പാടുണ്ടോ? ശ്രീ. ശശി തരൂർ ഒഴികെയുള്ള പതിനെട്ട് പേരുടെ നിലപാടെന്താണെന്ന് എല്ലാവരും പറഞ്ഞു. സ്വയം പൊളിറ്റിക്കൽ സൂയിസൈഡിനുള്ള ശ്രമമാണ് കേരളത്തിൽ യു.ഡി.എഫ്. ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങളെന്തിനാണ് ഇത്തരം വികലമായ നിലപാട് സ്വീകരിക്കുന്നത്? ഒരു പദ്ധതിയെ എതിർക്കുകയും അത് ശരിയല്ലെന്ന പിലപാട് സ്വീകരിക്കുകയും ചെയ്യാം. എന്നാൽ അതിന് വിരുദ്ധമായി ആ പദ്ധതി നടപ്പിലാക്കാൻ അനുവദിക്കാതിരിക്കുന്നത് ശരിയല്ല. കേരളത്തിന്റെ വികസനത്തിന് സഹായകരമായി മുന്നോട്ടുപോകുന്ന ഭാവികേരളത്തിന്റെ വളർച്ചയ്ക്ക് തറക്കല്ലിടുമ്പോൾ, ആ തറക്കല്ല് പറിക്കാൻ പുറപ്പെട്ടാൽ കേരളത്തിലെ ജനങ്ങൾ നിങ്ങളുടെ 'തറക്കല്ല്' പറിക്കുമെന്നതിൽ യാതൊരു തർക്കവുമില്ല. കേരളത്തിലെ ജനങ്ങൾ ബുദ്ധിയുള്ളവരാണ്.

ശ്രീ. പിണറായി വിജയനെതിരെ പോലീസിൽ ബുദ്ധിപരമായ ഒരു പുതിയ തന്ത്രം നിങ്ങൾ ആവിഷ്കരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിക്ക് പകരം ശ്രീ. പിണറായി വിജയൻ എന്നാണ്. അതിന് പോലീസിനെയടക്കംവയ്ക്കുന്നു. വർക്കല ശിവഗിരിമഠത്തിൽ കയറി സന്യാസിമാരെ ഭീകരമായി മർദ്ദിച്ചത് ആരുടെ കാലത്താണ്? ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെയുണ്ട്. ഈ നാട്ടിലെ വർഗ്ഗീയ സംഘർഷങ്ങളും കലാപങ്ങളും ലോക്കപ്പ് മരണങ്ങളുമുണ്ടായത് ആരുടെ കാലത്താണ്? സമയം കിട്ടുമ്പോൾ ശ്രീ. പിണറായി വിജയന്റെ കാലിലൊന്ന് നോക്കണം. അദ്ദേഹം അടിയന്തരാവസ്ഥ കാലത്ത് എം.എൽ.എ. ആയിരുന്നു. അന്ന് അദ്ദേഹത്തെ ഭീകരമായി മർദ്ദിച്ചു. ഫുഡ്ബോൾ കളിക്കാൻ പോയപ്പോൾ പരസ്പരം കാലടിച്ചതല്ല. ഇന്നും ആ കാലിൽ ചോര കട്ടപിടിച്ച കറുത്ത പാടുകളുണ്ട്. അദ്ദേഹം പോലീസ് ഭീകരതയുടെ ഭരണകൂടത്തിന്റെ ഇരയായി ജീവിക്കുന്ന ആളാണ്. ആ മനുഷ്യനെ നോക്കി മോണോലോഗ് എന്നാണ് പറയുന്നത്. ഞങ്ങൾ ആരുമായാണ് സംവദിച്ചത്? ഏത് പോലീസിനെയാണ് കയറൂരിവിട്ടത്? പോലീസ് എന്താണെന്ന് ഞങ്ങൾക്കറിയാം. ആ പോലീസിനെ ജനകീയമാക്കി ജനങ്ങളുടെകൂടെ ചേർത്തുനിർത്തി

നവീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുകയെന്ന ജനാധിപത്യപരമായ കാഴ്ചപ്പാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുവച്ചത്. അല്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? അദ്ദേഹത്തെ വ്യക്തിപരമായി തേജോവധം ചെയ്ത് ആക്ഷേപിച്ച് ഈ ഗവൺമെന്റിനെ മോശമായി ചിത്രീകരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. നിങ്ങൾ അദ്ദേഹത്തെ രാഷ്ട്രീയമായും അല്ലാതെയും ഇല്ലാതാക്കാൻ ശ്രമിച്ചതാണ്. ആ ശ്രമത്തെയെല്ലാം അതിജീവിച്ചാണ് അദ്ദേഹം രാഷ്ട്രീയ കേരളത്തിന്റെ ചരിത്രത്തിൽ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തുടർഭരണമെന്ന അഭിമാനകരമായ നേട്ടം കൈവരിച്ചത്. നിങ്ങൾ എല്ലാ ശ്രമവും നടത്തിയില്ലേ; നിങ്ങൾ ഇപ്പോഴും വ്യക്തിപരമായിട്ടാണ് പെരുമാറുന്നത്. ശ്രീ. നരേന്ദ്ര മോദി ക്ഷേത്രത്തിൽ പോകുമ്പോൾ പിറകെ പോകുന്നത് ആരാണ്? ശ്രീ. രാഹുൽ ഗാന്ധിയും പ്രിയങ്കാ ഗാന്ധിയുമാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ദേശീയ നേതാക്കന്മാർക്കുണ്ടായ അനുഭവമെന്താണ്; കുറ്റപ്പെടുത്തുകയോ നിങ്ങൾ യു.ഡി.എഫ്.-ന്റെ ഭാഗമല്ലാതായിമാറണമെന്നോ ഞാൻ പറയുന്നില്ല. പക്ഷേ, നിങ്ങളുടെ അനുഭവമെന്താണ്; യു.പി.-യിൽ പോയപ്പോൾ അവർ സ്വീകരിച്ച

സമീപനമെന്താണ്? ഇവിടെ കോൺഗ്രസ് പ്രതിസന്ധിയിലാകുമ്പോൾ സഭയിൽപ്പോലും അവർക്കുവേണ്ടി ജീവൻ കൊടുക്കാൻ നിങ്ങൾ തയ്യാറാകുകയാണ്. പക്ഷേ നിങ്ങളെ അവർ അപമാനിച്ചില്ലേ; ഇന്ത്യയുടെ മതനിരപേക്ഷ നിലപാട് സംരക്ഷിക്കാൻ ഇന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് കഴിയുമെന്ന് നിങ്ങളാരെങ്കിലും വിശ്വസിക്കുന്നുണ്ടോ? ഇറങ്ങിനിന്ന് നാല് വർത്തമാനം പറയാനും ശ്രീ. നരേന്ദ്ര മോദിക്കെതിരായി നിലപാട് സ്വീകരിക്കാനും നിങ്ങൾ കാണിക്കുന്നത് തോന്ന്യാസമെന്ന് പറയാനും ഇന്ത്യയെപ്പോലെ മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രത്തിന് യോജിച്ചതല്ലെന്ന് പറയാനും ആർജ്ജവമുള്ള ആരാണുള്ളത്? ഇന്ന് രാവിലെ ജി-23 കപിൽ സിബലിന്റെ സ്റ്റേറ്റ്മെന്റുണ്ട്. അതിൽ എന്താണ് പറഞ്ഞത്; ശ്രീമതി പ്രതിഭയെയും ടി. പത്മനാഭനെപ്പോലെയുമുള്ള പഴയകാല കോൺഗ്രസുകാർ പറഞ്ഞത് എന്താണ്? ആർ.എസ്.എസ്.-ന്റെ പൊളിറ്റിക്കൽ അജണ്ടയാണ് ഹിജാബ്, ഞങ്ങൾക്കറിയാം. ആർ.എസ്.എസ്.-ന് കേരളത്തിലും ഇന്ത്യയിലും അജണ്ടയുണ്ട്. ഇന്ത്യയിലെ അജണ്ട ഇന്ത്യയെ ഹിന്ദുത്വവൽക്കരിക്കുകയെന്നുള്ളതാണ്. യഥാർത്ഥ ഹിന്ദുവിന്റെ പാരമ്പര്യം ഞങ്ങൾക്കാണെന്ന് പറഞ്ഞ് അവരുടെ പിറകെ

നടക്കുന്നത് എന്ത് കാര്യത്തിനാണ്? ഇത് അവസാനിപ്പിക്കണം. ഇടതുപക്ഷ വിരുദ്ധമായൊരു സ്പീഡെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ പറഞ്ഞു. ഇടതുപക്ഷം അതിവേഗതയ്ക്ക് എതിരാണ്. അതുകൊണ്ടാണ് അർദ്ധ അതിവേഗ പാത കൊണ്ടുവരുന്നത്. ഞങ്ങൾ കാലാനുസൃതമായ വേഗതയുടെ കൂടെയാണ് നിൽക്കുന്നത്. ഇടതുപക്ഷമെന്നത് നാടിന്റെ ആധുനിക വികസനത്തിന് സഹായകരമായ പ്രോഗ്രസ്സീവായ കാഴ്ചപ്പാടാണ്. അതിന് സഹായകരമായ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ആ നിലപാടാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. ഇന്നത്തെ കേരളത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമായ ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കർമ്മംകൊണ്ട് തിരുവനന്തപുരത്തുകാരനും ജന്മംകൊണ്ട് വള്ളിക്കുന്നുകാരനുമായ അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ സോമേട്ടൻ എന്ന് എല്ലാവരും ബഹുമാനത്തോടെ വിളിക്കുന്ന ഇ. സോമനാഥിനെ ഞാനിവിടെ സ്മരിക്കുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇ. സോമനാഥിന്റെ 'നടുത്തളം', 'നിയമസഭാ അവലോകനങ്ങൾ' എന്നിവ

സൂക്ഷ്മ നിരീക്ഷണംകൊണ്ടും മൂർച്ചയേറിയ ആക്ഷേപ ഹാസ്യശരങ്ങൾകൊണ്ടും വേറിട്ട് നിന്നു. വിമർശനാത്മകമായി ആണെങ്കിൽപ്പോലും അതിൽ പേര് പരാമർശിക്കപ്പെടാൻ ആഗ്രഹിക്കാത്ത നിയമസഭാംഗങ്ങൾ കുറവായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ ഒരു മാധ്യമ പുരസ്കാരം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുന്നു.

ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. അടുത്ത 25 വർഷംകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഗണ്യമായി ഉയർത്തുകയെന്നതാണ് സംസ്ഥാന ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. ഇതിനായി വിജ്ഞാനത്തേയും ഉൽപ്പാദനത്തെയും ചേർത്തുനിർത്തി അനാവരണം ചെയ്ത ഇത്തരം കാഴ്ചപ്പാടുകൾ സംസ്ഥാനത്തിന്റെ ആകെ വളർച്ചയെ സംബന്ധിച്ചിടത്തോളം സ്വാഗതാർഹമാണ്. പക്ഷേ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ എങ്ങനെ നടപ്പാക്കുമെന്നതിലാണ് ആശങ്ക. 1.6 ലക്ഷം കോടി രൂപയാണ് ഈ വർഷം നികുതി വരുമാനം പ്രതീക്ഷിച്ചിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് വന്നപ്പോൾ അത് 1.64 ലക്ഷം കോടി രൂപയായി. അടുത്ത സാമ്പത്തിക വർഷം

പ്രതീക്ഷിക്കുന്ന വരുമാനം 1.73 ലക്ഷം കോടി രൂപയുമാണ്. അതായത് 9,000 കോടി രൂപ അധികമായി അടുത്ത വർഷം സർക്കാർ പ്രതീക്ഷിക്കുന്നു. തനതുനികുതി വരുമാനം വർദ്ധിപ്പിച്ച് അധിക വരുമാനം സമാഹരിക്കുമെന്നാണ് ബഡ്ജറ്റ് കണക്കുകൾ ചൂണ്ടിക്കാട്ടുന്നത്.

കഴിഞ്ഞ മാസം കംട്രോളർ ആൻഡ് ആഡിറ്റർ ജനറൽ തയ്യാറാക്കിയ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടിലൂടെ കണ്ണോടിച്ചാൽ ആശങ്കപ്പെടുത്തുന്ന കണക്കാണ് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റവന്യൂ വരവിൽ ഇതുവരെ സർക്കാർ എത്രമാത്രം മുന്നേറിയെന്ന റിപ്പോർട്ട് നോക്കിയാൽ മനസ്സിലാകും. ആകെ ലക്ഷ്യവും കടന്ന് മുന്നേറിയത് കടമെടുപ്പ് മാത്രമാണ്. 33,112 കോടി രൂപയാണ് നടപ്പുവർഷം കടമെടുക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ അത് ലക്ഷ്യവും കടന്ന് 44,313 കോടി രൂപയിലെത്തി. എം.എൽ.എ.മാർ ബഡ്ജറ്റുകളിൽ ഉൾപ്പെടുത്താൻ നൽകുന്ന എല്ലാ പദ്ധതികൾക്കും ഫണ്ട് വകയിരുത്തുവാൻ പ്രായോഗികമായി സാധിക്കില്ല. എന്നാൽ മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടം പരിശോധിച്ചാൽ രണ്ടിലധികം പദ്ധതികളിലെങ്കിലും ഏറ്റവും കുറഞ്ഞത് ഒരു

നിയോജകമണ്ഡലത്തിൽ 20 ശതമാനം ബഡ്ജറ്റ് പ്രോവിഷൻ ലഭിക്കുമായിരുന്നു. മുൻ സർക്കാരിന്റെ കാലംതൊട്ട് അത് ഒന്നായി കുറഞ്ഞു. അപ്പോഴും ആശ്വാസമായിരുന്നത് അടിയന്തരമായി നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്ക് എം.എൽ.എ. ആസ്തി വികസനഫണ്ട് ഉപയോഗിക്കാമെന്നതായിരുന്നു. നിലവിൽ അത് നഷ്ടപ്പെട്ടു. നാമമാത്രം അനുവദിക്കുന്ന തുകയുപയോഗിച്ച് യാതൊന്നും നിർവ്വഹിക്കുവാൻ കഴിയാത്ത അവസ്ഥയാണ് ഈ ബഡ്ജറ്റിലുള്ളത്. ഈ ബഡ്ജറ്റിൽ ആസ്തി വികസനഫണ്ട് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രഖ്യാപനങ്ങളുണ്ടായില്ലെന്നത് ഖേദകരമാണ്. മാത്രമല്ല, കോവിഡ് പ്രതിരോധത്തിനായി ആസ്തി വികസനഫണ്ടിൽനിന്നും സ്വരൂപിച്ച 564 കോടിരൂപയിൽനിന്നും നാളിതുവരെയായി ചെലവാക്കിയത് 36.2 കോടി രൂപ മാത്രമാണെന്ന് നിയമസഭാ രേഖകൾ പരിശോധിച്ചാൽ വ്യക്തമാകും. അതിൽ മലപ്പുറം ജില്ലയിൽ ഒരു രൂപപോലും ചെലവഴിച്ചതായി അറിവില്ല. പ്രഖ്യാപനങ്ങൾ ഒരുവഴിക്കും പദ്ധതികളുടെ നടത്തിപ്പ് വേറെ വഴിക്കും പോകുന്നതാണ് കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മൾ കണ്ടുപോരുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നടപ്പിലാക്കിയതുമായ

പദ്ധതികളുടെ കണക്കുകൾ സഭയിൽ അവതരിപ്പിച്ചുവെങ്കിൽ ബഡ്ജറ്റിന്റെ വിശ്വാസ്യത കൂടുമായിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ എന്റെ നിയോജകമണ്ഡലത്തിൽ 20 ശതമാനം പ്രൊവിഷൻ അനുവദിച്ചുകിട്ടിയ പുല്ലിപ്പുഴ സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക് ഡാം നിർമ്മാണത്തിന്റെ പ്രവൃത്തി ഇപ്പോഴും കടലാസുകളിൽ ഒതുങ്ങി നിൽക്കുകയാണെന്ന ദുഃഖകരമായ വസ്തുത ഞാനിവിടെ അറിയിക്കുകയാണ്. കോവിഡ് കാലഘട്ടത്തിൽ തകർന്നുപോയ വ്യാപാരികളുടെ ചെറുതും വലുതുമായ രണ്ട് ലക്ഷത്തിലധികം സ്ഥാപനങ്ങൾ പൂട്ടിപ്പോയതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ് ബഡ്ജറ്റിലില്ലാതെ പോയത് ഖേദകരമാണ്. കോവിഡ് പ്രതിസന്ധി കാരണം മടങ്ങിയെത്തിയ 15 ലക്ഷത്തോളം പ്രവാസികളിൽ ബഹുഭൂരിപക്ഷംപേർക്കും തിരികെപോകാൻ സാധിച്ചിട്ടില്ല. അതിൽ ഭൂരിഭാഗവും വരുന്നത് മലപ്പുറം ജില്ലക്കാരാണ്. കേരളത്തിന്റെ സമഗ്രവികസനത്തിന് നിർണ്ണായക പങ്കുവഹിച്ച പ്രവാസികളോട് ബഡ്ജറ്റ് നീതി പുലർത്തിയിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ തീരദേശമേഖല വറുതിയിലും പട്ടിണിയിലുമാണ്. ഓഖി, പ്രളയം, കാലാവസ്ഥാ വ്യതിയാനം, കടൽക്ഷോഭം,

പ്രകൃതിദുരന്തങ്ങൾ എന്നിവമൂലം കേരളത്തിലെ മത്സ്യോത്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കേരളത്തിലെ സൈന്യമെന്ന് നാം വിശേഷിപ്പിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വറുതി പാക്കേജ് വേണമെന്ന മത്സ്യത്തൊഴിലാളി സംഘടനകളുടെ ആവശ്യവും ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ ജീവിതോപാധിയായ ഉപകരണങ്ങൾക്കുള്ള മണ്ണെണ്ണ, ഡീസൽ ആവശ്യം, സബ്സിഡി എന്നിവ ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല. 2021-22 ബഡ്ജറ്റിൽ 25 രൂപയ്ക്ക് മണ്ണെണ്ണ നൽകുമെന്ന മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. എം. തോമസ് ഐസക്കിന്റെ വാഗ്ദാനം നടപ്പിലാക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 60 കോടി രൂപ ചെലവഴിച്ചിട്ടില്ല. ഭവനനിർമ്മാണ പദ്ധതികളില്ല; പുനർഗേഹം പദ്ധതിയിൽ വീട് നഷ്ടപ്പെടുന്നവരുടെ ധനസഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാതെയാണ് പദ്ധതി നടപ്പിലാക്കുമെന്ന് പറയുന്നത്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നിർത്തൽ ചെയ്യുന്നതോടൊപ്പം കടാശ്വാസമായി അനുവദിച്ച് കുടിശ്ശികയായുള്ള 200 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇരട്ട പെൻഷനില്ല; കടലാക്രമണ പ്രതിരോധ പദ്ധതികളില്ല;

മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന കടലിലെയും കായലുകളിലെയും മത്സ്യോത്പാദന വർദ്ധനവിന് പദ്ധതികളില്ല; പകരം സമ്പന്നവർഗ്ഗത്തിന് ഗുണംചെയ്യുന്ന മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങളിലേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഞാൻ ദീർഘകാലമായി ആവശ്യപ്പെടുന്ന തേഞ്ഞിപ്പാലം ഫയർ സ്റ്റേഷൻ, കോഴിക്കോട് വിമാനത്താവളം, കോഴിക്കോട് സർവ്വകലാശാല, ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റ്, കാക്കഞ്ചേരി കിൻഫ്ര തുടങ്ങിയ അതീവ സുരക്ഷ ആവശ്യമുള്ള നിരവധി സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം പഞ്ചായത്ത്. അടിയന്തരമായി അവിടെ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന് നിരന്തരമായി ഞാൻ ആവശ്യപ്പെടുകയും യൂണിവേഴ്സിറ്റി അതിനാവശ്യമായ സ്ഥലം നൽകിയിട്ടും ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കാത്ത കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മലപ്പുറം ജില്ലയിൽ

സർക്കാർ മേഖലയിൽ ആർട്സ് ആൻഡ് സയൻസ് കോളേജില്ലാത്ത ഏക നിയോജകമണ്ഡലം വള്ളിക്കുന്നാണ്. അവിടെ നിരവധി വിദ്യാർത്ഥികൾ ഉന്നതപഠനത്തിനുവേണ്ടി ബുദ്ധിമുട്ടുന്നതിനാൽ ആ ആവശ്യം പരിഹരിക്കുന്നതിനുവേണ്ട അടിയന്തരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ 7 കിലോമീറ്ററോളം വരുന്ന തീരദേശമേഖലയിൽ കടൽ സുരക്ഷാഭിത്തിയില്ലാത്തതുകാരണം കടൽക്ഷോഭം വന്നുകഴിഞ്ഞാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ദുരിതാശ്വാസ ക്യാമ്പുകളെ ആശ്രയിക്കാതെ മറ്റു മാർഗ്ഗങ്ങളില്ല. കടലുണ്ടി നഗരം മുതൽ അരിയല്ലൂർ പരപ്പാൽ വരെയുള്ള ഭാഗങ്ങളിൽ കടൽസുരക്ഷാഭിത്തി നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വച്ചിട്ടുള്ളത്.

ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം തുടങ്ങാത്ത ചേളാരി ഹയർ സെക്കണ്ടറി സ്കൂൾ, അവിടെയുള്ള കുട്ടികൾ സമരത്തിലാണ്. പ്ലാൻ ഫണ്ടിൽ 3.54 കോടി രൂപയും കിഫ്ബിയിൽ 3 കോടി രൂപയും അനുവദിച്ച് നിർമ്മാണമാരംഭിച്ചെങ്കിലും അകാരണമായി ആ നിർമ്മാണം

സ്തംഭനാവസ്ഥയിലായതിനാൽ അത് പരിഹരിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടുകയാണ്; അവിടെയുള്ള കുട്ടികൾ സമരത്തിലാണ്. അതിനാൽ അതിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ട അടിയന്തരനടപടി സ്വീകരിക്കണം.

കോഴിക്കോട് വിമാനത്താവളവുമായി ബന്ധപ്പെട്ട് യാതൊരുവിധത്തിലുള്ള പരാമർശവും ബഡ്ജറ്റിലില്ലെന്നുള്ളത് വളരെ ഖേദകരമാണ്. നിരന്തരമായി യാത്രാദുരിതം അനുഭവിക്കുന്ന ഒരു പ്രദേശത്ത് ആനങ്ങാടി മേൽപ്പാലം അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഇവിടെയുള്ള അടയ്ക്കാ കച്ചവടക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള എല്ലാവരെയും കണ്ട് നിവേദനം കൊടുത്തിട്ടുണ്ട്. ടാക്സ് ഇനത്തിൽ ഓരോ സ്ഥാപനത്തിനും കോടിക്കണക്കിന് രൂപയാണ് അധികബാധ്യതയായി അടയ്ക്കാൻ പറയുന്നത്. രണ്ട് ശതമാനം ടാക്സ് കൃത്യമായടച്ച ഈ കച്ചവടക്കാരോട് പിരിക്കാത്ത മൂന്ന് ശതമാനം ടാക്സ് കൂടിയടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവരുടെ വിഷമങ്ങളും പ്രയാസങ്ങളും കേൾക്കുകയും ചർച്ച ചെയ്യുകയും എത്രയുംവേഗം മൂന്ന് ശതമാനം ടാക്സ് പിൻവലിക്കുന്നതിനുള്ള നടപടി

സ്വീകരിക്കുകയും വേണം. ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2022-23 വർഷത്തെ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ആവർത്തിച്ചുണ്ടായ അതിതീവ്രമഴ, പ്രളയങ്ങൾ, ഓഖി തുടങ്ങിയ പ്രകൃതിദുരന്തങ്ങളിൽനിന്നും കേന്ദ്രസർക്കാരിന്റെ ജനദ്രോഹനയങ്ങളിൽനിന്നും ജനങ്ങളെ കരകയറ്റിയ പിണറായി സർക്കാർ ലോകജനതയ്ക്കുമുന്നിൽ വലിയ മാതൃകയാണ്. സംസ്ഥാനത്തിന്റെ വികസനം അടുത്ത 25 വർഷത്തേയ്ക്ക് മുൻകൂട്ടി കണ്ടുകൊണ്ടാണ് ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ്, നവകേരളത്തിന്റെ വികസനരേഖയായി മാറിയ ചരിത്രമാണ് ഈ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ നമുക്ക് കാണാൻ കഴിഞ്ഞത്. നമ്മുടെ ജനകീയ ബഡ്ജറ്റിനെ താരതമ്യം ചെയ്യേണ്ടത് കേന്ദ്രസർക്കാർ ഒരു മാസം മുമ്പ് അവതരിപ്പിച്ച ജനവിരുദ്ധ ബഡ്ജറ്റുമായിട്ടാണ്. കേന്ദ്ര ബഡ്ജറ്റിൽ ഇക്കുറിയും കേരളത്തിന് നിരാശ

മാത്രമാണ് സമ്മാനിച്ചത്. ദീർഘനാളത്തെ നമ്മുടെ ആവശ്യമായിരുന്ന AIIMS അടക്കമുള്ള ഒരു പദ്ധതിക്കും യാതൊരു പരിഗണനയും നൽകാതെയാണ് കേന്ദ്ര ബഡ്ജറ്റ് വന്നിട്ടുള്ളത്. സാധാരണക്കാരായ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനോ വരുമാനം ഉയർത്തുന്നതിനോ ഉതകുന്ന തരത്തിലുള്ള പദ്ധതികളില്ലെന്ന് മാത്രമല്ല നിലവിലുള്ള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെപ്പോലും ഇല്ലാതാക്കുന്ന തരത്തിലാണ് കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്.

കർഷകരുടെ വരുമാനവും ഗ്രാമീണമേഖലയിൽ തൊഴിലവസരവും വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു പ്രഖ്യാപനങ്ങളും കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിരുന്നില്ലെന്നത് ഈ അവസരത്തിൽ ഓർക്കുകയാണ്. വിള ഇൻഷ്വറൻസിൽ മാത്രം കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 489 കോടി രൂപയുടെ കുറവാണ് കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിരിക്കുന്നത്. രാജ്യത്തെ പൊതുമേഖലാസ്ഥാപനങ്ങളെല്ലാം വിറ്റുതുലയ്ക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എൽ.ഐ.സി., എയർ ഇന്ത്യ, എയർപോർട്ട്, ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) തുടങ്ങി നിരവധി പൊതുമേഖലാ

സ്ഥാപനങ്ങളാണ് കേന്ദ്ര സർക്കാർ വിറ്റുതുലച്ചുകൊണ്ടിരിക്കുന്നത്. ഏകദേശം 82000 കോടി രൂപ വിപണി മൂല്യമുള്ള എന്റെ നിയോജകമണ്ഡലത്തിലെ ബി.പി.സി.എൽ.-ന്റെ 45000 കോടി രൂപയുടെ ഓഹരികളാണ് വില്പനയ്ക്ക് വച്ചിട്ടുള്ളത്. നമ്മുടെ അഭിമാനമായിരുന്ന എയർ ഇന്ത്യയെ ടാലസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കാണ് ഏകദേശം 18000 കോടി രൂപയ്ക്ക് വിറ്റുതുലച്ചത്. വളം സബ്സിഡിക്കായി മാറ്റിവയ്ക്കാറുണ്ടായിരുന്ന തുകയിൽ 34900 കോടി രൂപയുടെ കുറവാണ് കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ വരുത്തിയിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങൾ കാരണം കേരളത്തിന്റെ വരുമാനത്തിൽ 32000 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം വർഷന്തോറും നൽകിവരുന്ന 13000 കോടി രൂപ ജൂലൈ മാസത്തോടുകൂടി നിലയ്ക്കും. ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ലഭിക്കുന്ന റവന്യൂ കമ്മി നികത്താനുള്ള ധനസഹായം 19000 കോടി രൂപയിൽ നിന്ന് 4000 കോടി രൂപയായി കുറയുന്നതോടുകൂടി ഏകദേശം 15000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിൽ വരാൻപോകുന്നത്.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച

ബഡ്ജറ്റിനെ വിലയിരുത്തേണ്ടത് ഈ വസ്തുതകളുടെ കൂടി അടിസ്ഥാനത്തിലായിരിക്കണം. രാജ്യത്ത് ആദ്യമായാണ് അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 64006 കുടുംബങ്ങളെ നിത്യദാരിദ്ര്യത്തിൽനിന്നും കൈപിടിച്ച് ഉയർത്തുന്നതിന്റെ ആദ്യഘട്ടമായി 100 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധതയെയാണ് കാണിക്കുന്നത്.

റീ-ബിൽഡ് കേരളയിലൂടെ 7824 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതിൽ 1185 കോടി രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ഈ ആവശ്യങ്ങൾക്കായി ഏകദേശം 1600 കോടി രൂപ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന വർഗ്ഗങ്ങളിലൊന്നായ പട്ടികജാതി വിഭാഗങ്ങൾക്ക് അടുത്ത് അഞ്ച് വർഷത്തിനുള്ളിൽ വീടുകൾ നൽകുമെന്നുള്ള ധീരമായ പ്രഖ്യാപനമാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്; മാത്രവുമല്ല പട്ടികജാതി സംരംഭകർക്കായി ഗ്രീൻ സ്റ്റാർട്ടപ്പ് പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ ഓൺലൈൻ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ, നൈപുണ്യ പദ്ധതി വഴി തൊഴിൽ പരിശീലനം നൽകി കൂടുതൽ പേർക്ക് തൊഴിൽ

ഉറപ്പാക്കൽ, പട്ടിക വിഭാഗക്കാർക്കായി ആരോഗ്യമേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ, പട്ടികജാതി വിഭാഗക്കാർക്കായി സ്റ്റാർട്ടപ്പ് പദ്ധതികൾ, പട്ടികവർഗ്ഗ വിഭാഗത്തിലെ യുവഗവേഷകർക്ക് പ്രത്യേക ധനസഹായങ്ങൾ, എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പട്ടികജാതിയിൽപ്പെടുന്ന കുട്ടികളുടെ പഠനനിലവാരമുയർത്തുന്നതിന് രണ്ടായിരത്തി അഞ്ഞൂറോളം പഠനമുറികൾ നൽകുന്നതടക്കം നിരവധി ക്ഷേമപദ്ധതികളാണ് എസ്.സി./എസ്.ടി. വകുപ്പും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും നടപ്പിലാക്കിവരുന്നത്. അതിന് പ്രത്യേകമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ പ്രധാന പ്രശ്നങ്ങളിലൊന്നായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജലജീവൻ മിഷനിലുൾപ്പെടുത്തി 13,090 കോടി രൂപ ചെലവിൽ 1151305 കണക്ഷനുകൾക്ക് ഭരണാനുമതി നൽകിയത് ഈ സർക്കാരിന്റെ ഈ വിഷയത്തിലുള്ള ആത്മാർത്ഥതയെയാണ് കാണിക്കുന്നത്. നമ്മുടെ നാട്ടിലെ ഭവനരഹിതരായ ആളുകളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ലൈഫ് പദ്ധതിയിൽ ലഭിച്ച 920260 അപേക്ഷകരിൽനിന്ന് അഞ്ചര ലക്ഷം അപേക്ഷകർക്ക് രണ്ടാംഘട്ട

പദ്ധതിയിലുൾപ്പെടുത്തി അർഹത നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് മികച്ച പ്രവർത്തനമാണ് സർക്കാർ നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 171733 റേഷൻ കാർഡുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പത്തുമാസത്തിനിടെ 2329632 അപേക്ഷകളാണ് സർക്കാരിന് ലഭിച്ചത്. അതിൽ 2287234 അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞതിന് ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 17183 കോടി രൂപ ചെലവുവരുന്ന 1557 പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളെടുത്തതിന് പിണറായി സർക്കാരിനെ ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

വൈദ്യുതി, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾവഴി പതിമൂന്നര ലക്ഷം തൊഴിൽ ദിനങ്ങളും മറ്റ് വകുപ്പുകൾവഴിയുള്ള പ്രത്യക്ഷ പരോക്ഷ തൊഴിലവസരങ്ങളുമെല്ലാം കണക്കാക്കിയാൽ 4.64 ലക്ഷം തൊഴിൽ ദിനങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിവരസാങ്കേതിക സംവിധാനം സാധാരണക്കാരായ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് ഓരോ

നിയോജകമണ്ഡലത്തിലും നൂറ് കുടുംബങ്ങൾക്കുവീതം 30000 കെ-ഫോൺ കണക്ഷനുകളാണ് നൽകാൻ പോകുന്നത്. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'ഞങ്ങളും കൃഷിയിലേയ്ക്ക് ' എന്നതടക്കം നിരവധി പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നത്. ഇതിനാവശ്യമായ തുക മാറ്റിവച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. അഞ്ച് വർഷംകൊണ്ട് 20 ലക്ഷം പേർക്ക് തൊഴിലുറപ്പാക്കും വിധത്തിൽ Kerala Development and Innovation Strategic Council (K-DISC)-ന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്ന പദ്ധതികൾക്ക് ഗവൺമെന്റ് അംഗീകാരം കൊടുത്തുകഴിഞ്ഞു. അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ നൽകുന്നതോടൊപ്പം മനുഷ്യവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന തരത്തിലുള്ള ഈ പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കുന്നത്. ഏകദേശം 10600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി പൂർത്തിയാകുമ്പോൾ കേരളത്തിൽ അതൊരു പുതിയ ചരിത്രമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

പുതുയാത്രാസംസ്കാരത്തിന് തുടക്കമിടുന്ന സിൽവർ ലൈൻ

പദ്ധതിയിലൂടെ കേരളത്തിലെ വിവിധ നഗരങ്ങൾ തമ്മിലുള്ള യാത്രാ സമയം ഗണ്യമായി കുറയ്ക്കുന്നതിനും ഏറ്റവും സുരക്ഷിതവും സുസ്ഥിരവുമായ ഈ പദ്ധതി കേരളത്തിന്റെ സമഗ്ര വികസനത്തിന് വഴിതെളിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ വ്യവസായ വികസനത്തിനുതകുന്ന തരത്തിൽ വിവിധ പദ്ധതികളാണ് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നത്. ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ, സയൻസ് പാർക്കുകൾ എന്നിവ ഇതിന് മികച്ച ഉദാഹരണങ്ങളാണ്. കോവിഡ് പ്രതിസന്ധിമൂലം സർക്കാർ വരുമാനം കുറഞ്ഞ സാഹചര്യത്തിലും പരമ്പരാഗത മേഖലയ്ക്ക് വലിയ പരിഗണന നൽകുന്നതായാണ് നമുക്ക് ബഡ്ജറ്റിലൂടെ കാണാൻ കഴിഞ്ഞത്. കശുവണ്ടി, കയർ, ഖാദി വ്യവസായങ്ങൾക്കാവശ്യമായ പരിഗണന നൽകിയതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്.

നമ്മുടെ പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ രംഗങ്ങളിൽ മികവുറ്റ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. പഠനത്തോടൊപ്പം ജോലിയെന്ന ആശയം നടപ്പിലാക്കിയ സർക്കാരിനെ ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. വരുംവർഷങ്ങളിൽ

കായികരംഗത്തിന് കൂടുതൽ തുക മാറ്റിവയ്ക്കണമെന്ന അഭ്യർത്ഥനകൂടി ഈ അവസരത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മുമ്പാകെ വയ്ക്കുന്നതോടൊപ്പം ഒരു കാര്യംകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അടുത്ത വർഷം എം.എൽ.എ. ഫണ്ടിൽ കുറച്ച് തുകകൂടി കൂടുതൽ നൽകണമെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇടതുപക്ഷ സർക്കാർ ഇപ്രാവശ്യമുണ്ടായ തുടർഭരണമെന്നത് തുടർച്ചയായ ഭരണത്തിലേയ്ക്ക് നീങ്ങുന്നുവെന്ന തരത്തിലാണ് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, നവകേരള നിർമ്മിതിയുടെ അടിത്തറ പാകുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവയ്ക്കുന്ന ജനകീയ ബദലിന്റെ സാമ്പത്തിക മാനിഫെസ്റ്റോ ആയി ഈ ബഡ്ജറ്റിനെ കണക്കാക്കാം. അങ്കണവാടിയും സർവ്വകലാശാലകളും പരിസ്ഥിതിയും

വ്യവസായവും ആരോഗ്യവും കൃഷിയും കെ-റെയിലും ഉൾപ്പെടെ കേരളത്തിന്റെ സമസ്ത മേഖലകളെയും ഇവിടത്തെ മനുഷ്യരുടെ ഹൃദയത്തുടിപ്പുകളെയും ചേർത്തുപിടിക്കുവാൻ ഈ ബഡ്ജറ്റിന് സാധിച്ചിട്ടുണ്ട്. കവി വാക്യം പോലെ,

"ഒറ്റ നൂലിഴയിലീ നമ്മെയൊക്കെ

കോർത്തതീ മണ്ണിനുവേണ്ടിയല്ലാതെ പിന്നെന്ത് "

ഈ മണ്ണിനെ ഒറ്റ നൂലിഴയിൽ കോർക്കാൻ ഈ ബഡ്ജറ്റിന് സാധിച്ചിട്ടുണ്ടെന്നുള്ളതാണ് സത്യം. സമാനതകളില്ലാത്തൊരു പ്രതിസന്ധി, ഇവിടെ പലരും അത് സൂചിപ്പിച്ചു. ആ കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. അതിതീവ്ര മഴയും പ്രളയവും കോവിഡ് പ്രതിസന്ധിയും നിപയും ഓഖിയും തുടങ്ങി നിരവധി പ്രതിസന്ധികൾ തീർത്ത സാമ്പത്തിക ക്ലേശങ്ങളിൽ വൻകിട മുതലാളിത്ത രാഷ്ട്രങ്ങൾപോലും കൂപ്പുകുത്തുന്ന കാഴ്ച നാം കണ്ടു. റഷ്യ-ഉക്രൈൻ യുദ്ധസാഹചര്യമൊക്കെ നമ്മുടെ സാമ്പത്തിക പരിതസ്ഥിതി മോശമാക്കുന്ന സ്ഥിതിയുണ്ടായി. ചുരുക്കത്തിൽ വൻകിട സാമ്പത്തിക രാഷ്ട്രങ്ങളിലുൾപ്പെടെ ഈ പ്രതിസന്ധിയാകെ ചുഴറ്റിയെറിയുമ്പോഴും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോഴും

ഈ കൊച്ചുസംസ്ഥാനം അതിജീവനത്തിന്റെ പാതയിലൂടെ കാൽനൂറ്റാണ്ടിനപ്പുറത്തേയ്ക്കുള്ള വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കുകയാണ് ഈ ബഡ്ജറ്റിലൂടെ. ഇതുതന്നെയാണ് കേരളം ഉയർത്തിപ്പിടിക്കുന്ന ബദൽ. രാഷ്ട്രത്തിന്റെ ആസ്തികളെല്ലാം വിറ്റുതുലച്ചു. അതിസമ്പന്നരുടെ നികുതി ഒഴിവാക്കി. സാധാരണ ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേല്പിക്കുന്ന ജനവിരുദ്ധ സമ്പന്നാനുകൂല കോർപ്പറേറ്റ് പ്രീണനം മുഖമുദ്രയാക്കിയ കേന്ദ്രസർക്കാരിന് ബദലായി ജനപക്ഷത്തുനിന്ന് കേരളം തീർക്കുന്ന മാതൃകകൂടിയാണ് ഈ ബഡ്ജറ്റ്. മനുഷ്യരിൽ വിഭജനത്തിന്റെ മഹാമതിലുകൾ തീർക്കാതെ അവരുടെ അടിസ്ഥാന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവർക്കൊപ്പം നിലകൊള്ളാൻ ഇടതുപക്ഷ ബോധ്യത്തിലൂന്നിയ രാഷ്ട്രീയം ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നു. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി തീർക്കാനുള്ളതാണ് ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ. പൊതുവിദ്യാലയങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളത്. ഈ ബഡ്ജറ്റിലും പൊതുവിദ്യാലയങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമുണ്ട്. പൊതുവിദ്യാലയങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ അതിനെ തകർക്കുന്ന

സമീപനം സ്വീകരിച്ചത് ആരായിരുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. സർവ്വകലാശാലകളടക്കം ഉന്നതവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള മഹത്തായ പരിശ്രമത്തെയും ഈ അവസരത്തിൽ അഭിനന്ദിക്കാതെ പോകാൻ കഴിയില്ല. കേരളം ഒരു ജ്ഞാനസമൂഹമായി മാറുകയും അതുവഴി അനന്തമായ ജ്ഞാനോല്പാദനവും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും നമ്മുടെ മാനവശേഷി ഉയരുകയും കേരളം ഒരിക്കൽക്കൂടി രാജ്യത്തിനും ലോകത്തിനും മാതൃകയാകുകയും ചെയ്യും. ഇതിനൊക്കെ കരുത്ത് പകരുന്നതുകൂടിയാണ് ഈ ബഡ്ജറ്റ്. സാധാരണ മനുഷ്യർ പ്രത്യേകിച്ച് പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ഭൂമി, പാർപ്പിടം, മറ്റ് വികസന പദ്ധതികൾ എല്ലാത്തിനും വലിയ തുകയാണ് നീക്കിവച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹധനസഹായത്തിനും തുക നീക്കിവച്ചിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായം, മോഡൽ റസിഡൻഷ്യൽ ഹോസ്റ്റലുകളുടെയും സ്കൂളുകളുടെയും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും മെസ് അലവൻസ് വർദ്ധിപ്പിക്കുന്നതിനും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മാനവശേഷി വികസനം കൂട്ടുന്നതിനും അങ്ങനെ ഈ

വിഭാഗത്തെ വല്ലാത്ത നിലയിൽ പരിഗണിക്കപ്പെടുന്ന ബഡ്ജറ്റുകൂടിയാണിത്. തീർച്ചയായും പ്രത്യേകമായി ഈ അവസരത്തിൽ അഭിനന്ദിക്കാതെ പോകാൻ കഴിയില്ല. യു.ഡി.എഫ്. സർക്കാർ തകർത്തെറിഞ്ഞ കുടുംബശ്രീയെ സംസ്ഥാനത്തെ മുഖ്യദാരിദ്ര്യ ലഘൂകരണ സംവിധാനമാക്കി മാറ്റുന്നതിന് പ്രധാന തൊഴിൽ സൃഷ്ടിക്കുന്ന ഏജൻസിയായി മാറ്റാനുള്ള രൂപരേഖയും ഈ പദ്ധതിയിലുണ്ട്. അഞ്ച് വർഷംകൊണ്ട് 8 ലക്ഷം തൊഴിലവസരങ്ങൾ കുടുംബശ്രീവഴി സൃഷ്ടിക്കുന്നതിലൂടെ കേരളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് സുപ്രധാന ചാലകശക്തിയായി കുടുംബശ്രീ മാറുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. 2030-ഓടുകൂടി ജലാശയങ്ങളിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ നിരക്ക് ഇരട്ടിയാകുമെന്നും 2040-ഓടുകൂടി സമുദ്രമേഖലയിൽ പ്ലാസ്റ്റിക് മലിനീകരണത്തിന്റെ അളവ് ഏകദേശം മൂന്നിരട്ടിയാകുമെന്നുമാണ് ഐക്യരാഷ്ട്ര സംഘടനയുടെ പഠനങ്ങൾ വ്യക്തമാക്കുന്നത്. പ്രതിവർഷം 23 മുതൽ 37 ദശലക്ഷം മെട്രിക് ടൺ പ്ലാസ്റ്റിക് നമ്മുടെ സമുദ്രത്തിലെത്തുമെന്ന് കണക്കാക്കുന്നു. ഞങ്ങളുടെ പ്രദേശത്തെ അച്ചൻകോവിലാറിലും പമ്പയാറിലും കെ.ഐ.പി. കനാലിലും

പമ്പയാറിന്റെ കനാലിലുമെല്ലാം നിരവധി പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടുന്നത് നമുക്ക് കാണാൻ കഴിയും. ഈ സാഹചര്യത്തിൽ കായലുകളിലും പുഴകളിലും സമുദ്രങ്ങളിലുമെല്ലാം അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടിയുള്ളതാണ് ശുചിത്വസാഗരം പദ്ധതി. മലിനജല ശുചീകരണം, കുടിവെള്ള മാലിന്യ നിർമ്മാർജ്ജനം ഇതെല്ലാം ഭാവി കണ്ടുകൊണ്ടുള്ള സർക്കാരിന്റെ വിവിധ പദ്ധതികളാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എങ്ങനെയും തകർക്കുകയെന്നത് കേന്ദ്രഗവൺമെന്റിന്റെ നയമാണ്. 2020-21-ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 1,11,170 കോടി രൂപയാണ് ചെലവഴിച്ചത്. ഇപ്പോഴത് 73,000 കോടി രൂപയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അങ്ങനെ തൊഴിലുറപ്പ് പദ്ധതിയെ തകർക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇവിടെ തൊഴിലുറപ്പ് തൊഴിലാളികളെ ഹൃദയത്തോട് ചേർത്തുപിടിച്ചുകൊണ്ട് അവരുടെ എല്ലാ കാര്യങ്ങൾക്കുംവേണ്ടി ഏറ്റവും നന്നായി പദ്ധതികൾ ആവിഷ്കരിക്കുന്ന സർക്കാരായി മാറുകയാണ്. പക്ഷെ കേന്ദ്ര ഗവൺമെന്റ് ആ പദ്ധതിയെ തകർക്കാനാണ് ശ്രമിക്കുന്നത്.

ഈ കാലഘട്ടത്തിൽ 1,06,000 വീടുകൾ സാധാരണക്കാർക്ക് നിർമ്മിച്ച് നൽകാനാവശ്യമായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. 2,950 ഫ്ലാറ്റുകൾ നിർമ്മിക്കാൻ ഈ സർക്കാർ തയ്യാറാകുന്നു. ഫ്ലാറ്റുകൾ നൽകരുത്, സാധാരണക്കാരന് വീട്, ഭൂമി എന്നിവ ഉണ്ടാകരുതെന്ന് പ്രഖ്യാപിച്ചവർ ആരാണ്; അതിനെതിരായി നിന്നവർ ആരാണ്; അവരെയെല്ലാം ജനങ്ങൾ ഒരു മൂലയ്ക്ക് ഇരുത്തിയിരിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. ഇങ്ങനെയുള്ള സംവിധാനങ്ങളുമായി പ്രതിപക്ഷം മുന്നോട്ടുപോയാൽ വരുംകാലങ്ങളിൽ പ്രതിപക്ഷത്തുതന്നെ തുടരേണ്ടിവരുമെന്ന് ഓർമ്മപ്പെടുത്താൻകൂടി ഈയവസരം ഉപയോഗപ്പെടുത്തുകയാണ്.

ശാസ്ത്ര മ്യൂസിയങ്ങൾ, പാർക്കുകൾ, സയൻസ് സിറ്റികൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ കാലത്തോട് നീതി പുലർത്തുകയാണ് ചെയ്യുന്നത്. സത്യാനന്തര കാലത്ത് ഭരണകൂടം ശാസ്ത്രവിരുദ്ധതയിൽ, കപട ശാസ്ത്ര നിർമ്മിതി കൊണ്ടും അന്ധവിശ്വാസവും അബദ്ധജഡിലവുമായ ഇടപെടലുകളിലൂടെ മനുഷ്യരുടെ ബോദ്ധ്യങ്ങളിൽ ഇരുട്ട് പടർത്തുമ്പോൾ ശാസ്ത്രത്തെ ഉയർത്തിപിടിക്കുകയും ശാസ്ത്രാവബോധം വർദ്ധിപ്പിക്കുകയും

ചെയ്യേണ്ടത് ജനാധിപത്യ സർക്കാരിന്റെ നിർബന്ധിത കടമയാണ്. അങ്ങേയറ്റം നിശ്ചയദാർഢ്യത്തോടെ കേരളം അത് നിറവേറ്റുകയാണ്.

ഛത്തീസ്ഗഡ് സംസ്ഥാനത്തിലെ കോൺഗ്രസിന്റെ മുഖ്യമന്ത്രി എങ്ങനെയാണ് ബഡ്ജറ്റ് അവതരിപ്പിക്കാൻ വന്നത്; ചാണകം കൊണ്ട് നിർമ്മിച്ച ഒരു പെട്ടിയിലാണ് ബഡ്ജറ്റ് കൊണ്ടുവന്നത്. ചാണകം കൊണ്ട് നിർമ്മിച്ച പെട്ടിയുമായി മുന്നോട്ടുവരുന്നവർ വയ്ക്കുന്ന രാഷ്ട്രീയം എന്താണ്; ഇങ്ങനെ വരുന്ന ഒരു കോൺഗ്രസ് മുഖ്യമന്ത്രിയോട്, കോൺഗ്രസ്സിനോട് ഇത് നല്ലൊരു വളമാണെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിൽ കാർഷിക വിളകൾക്കൊക്കെ ഇത് ഇട്ടുകഴിഞ്ഞാൽ അത് നന്നായി തഴച്ചുവളരും. കോൺഗ്രസ് ബി.ജെ.പി.യുടെ ഏറ്റവും നല്ലൊരു വളമായി മാറിയിരിക്കുകയാണെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ബി.ജെ.പി. തഴച്ചു വളരുന്നതിനുള്ള വളമായി കോൺഗ്രസ് മാറിയിരിക്കുന്നു. വേഷപ്രച്ഛന്നരായി മാറാൻ മാത്രമാണ് ഇപ്പോൾ കോൺഗ്രസ്സിന് കഴിയുന്നത്.

2019-ലെ പാർലമെന്റ് ഇലക്ഷനിൽ പ്രതിപക്ഷ ഐക്യനിരയെ തകർക്കാൻ ശ്രമിച്ചത് കോൺഗ്രസ്സാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.പി. യിലെ ബി.ജെ.പി. ജയിച്ച

നിയോജകമണ്ഡലങ്ങളിൽ അവർ നേടിയ ഭൂരിപക്ഷത്തെക്കാൾ കൂടുതൽ വോട്ട് കോൺഗ്രസ് പിടിച്ചുമാറ്റുന്നതായി കാണാൻ കഴിയും. ഉദാഹരണത്തിന് സുൽത്താൻപൂർ നിയോജകമണ്ഡലത്തിൽ ശ്രീമതി മേനകാ ഗാന്ധി വെറും 14,724 വോട്ടിനാണ് ബി.ജെ.പി.യിലെ ചന്ദ്രപതി സിംഗിനെ പരാജയപ്പെടുത്തിയത്. അവിടെ കോൺഗ്രസ് 41,681 വോട്ടാണ് പിടിച്ചുമാറ്റി പ്രതിപക്ഷ സഖ്യത്തിന് തിരിച്ചടിയായത്. ഇതുപോലെ ബസ്തി, സാൻകബീർദാസ് തുടങ്ങി നിരവധി നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസ് പ്രതിപക്ഷ ഐക്യനിരയെ തകർത്ത് ബി.ജെ.പി.ക്ക് വളരാനുള്ള അവസരം ഉണ്ടാക്കികൊടുക്കുന്നു. 2022-ലെ നിയമസഭാ തെരഞ്ഞെടുപ്പിലും 500-നും 1000-നും താഴെ വോട്ടുകൾ നേടി പല നിയോജകമണ്ഡലങ്ങളിലും ബി.ജെ.പി. ജയിക്കുകയുണ്ടായി. പതിനായിരത്തിനുതാഴെ വോട്ടുകൾനേടി അൻപതോളം സീറ്റുകളിൽ ബി.ജെ.പി. ജയിക്കുകയുണ്ടായി. ഇവിടെയൊക്കെ എല്ലാ സീറ്റുകളിലും മത്സരിച്ച് ബി.ജെ.പി.-ക്കെതിരായ മുന്നേറ്റം തകർക്കുവാനായി കോൺഗ്രസ് പ്രയത്നിക്കുന്ന, പ്രവർത്തിക്കുന്ന സാഹചര്യമാണ് ഈ തെരഞ്ഞെടുപ്പുകളിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. ഈ നാട്ടിൽ

ബി.ജെ.പി.-യെ വളർത്തുന്ന ഘടകമായി, വളമായി കോൺഗ്രസ് മാറിക്കൊണ്ടിരിക്കുകയാണ്.

ഭാവിയെ മുന്നിൽകണ്ടുള്ള പ്രവർത്തനങ്ങളുടെ ബഡ്ജറ്റാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഭാവി കേരളത്തെ അടയാളപ്പെടുത്താൻ കഴിയുന്ന, കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ പോകുന്ന പദ്ധതിയാണ് കെ-റെയിൽ. കേരള വികസനത്തിന് മാതൃകയായ ഈ ബൃഹത് പദ്ധതിയെ കേവലം രാഷ്ട്രീയ ലക്ഷ്യത്തോടെ, വികസന വിരോധത്തോടെ ബി.ജെ.പി.യും യു.ഡി.എഫും എതിർക്കുമ്പോൾ എങ്ങനെയൊക്കെ എതിർത്താലും ഈ വികസന ലക്ഷ്യങ്ങൾ ഈ ഗവൺമെന്റ് പൂർത്തീകരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. കേരള വികസനത്തിലെ കല്ലുമുടക്കികൾക്കുള്ള താക്കീത്കൂടിയാണ് ഈ ബഡ്ജറ്റെന്ന് ഈയവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭാവി കേരളത്തിന്റെ മാനിഫെസ്റ്റോയാണ് ഈ ബഡ്ജറ്റ്. മുൻ നിയമസഭാ സാമാജികൻ കടമ്മനിട്ട രാമകൃഷ്ണൻ റോബർട്ട് ഫ്രോസ്റ്റിന്റെ കവിതയുടെ പരിഭാഷയിലെ 'അതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ' എന്ന വരിയിൽ നമ്മുടെ സംസ്ഥാനത്തിന് വികസന പാതയിൽ അവിശ്രമം അതീവദൂരം

ഇടതോരം ചേർന്ന് നടക്കേണ്ടതുണ്ട്. തീർച്ചയായും അങ്ങേയറ്റം ആത്മസംതൃപ്തിയോടെയും അതിരുകളില്ലാത്ത അഭിമാനത്തോടുകൂടിയും ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പ്രാദേശിക അസന്തുലിതാവസ്ഥയും ഫണ്ട് വിതരണത്തിലെ രാഷ്ട്രീയ വിവേചനവും നയപാപ്പരത്വങ്ങളുടെ ഘോഷയാത്രയും അടങ്ങിയതാണ് ഈ ബഡ്ജറ്റ്. അതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം നമ്മുടെ വാട്സ് ആപ്പിൽ ഒരു കഥ വന്നു. മരിക്കുന്നതിനുമുമ്പ് വക്കീലിനെ വിളിച്ചിട്ട് വല്യപ്പൻ ഒരു വിൽപ്പത്രം എഴുതാൻ പറഞ്ഞു. മൂത്ത മകന് അഞ്ചേക്കർ തെങ്ങും പറമ്പും മൂന്ന് ലക്ഷം രൂപയും, രണ്ടാമത്തെയാൾക്ക് കവലയിൽ മൂന്ന് കടമുറിയും പതിനഞ്ച് പറ കണ്ടവും, ഇളയയാൾക്ക് വീടിനോട് ചേർന്ന് മൂന്നേക്കർ പുരയിടം, കാലശേഷം വീട് മൂന്നുപേർക്കുമായി ഉപയോഗിക്കാം. ഇത്രയും പറഞ്ഞിട്ട് വല്യപ്പൻ ഒന്നും മിണ്ടാതിരുന്നു. "എന്താ വല്യപ്പാ ആലോചിക്കുന്നത്, വല്ലതും വിട്ടുപോയോ" എന്ന് വക്കീൽ ചോദിച്ചു. അപ്പോൾ അല്ല വക്കീലേ ഇപ്പറഞ്ഞ സ്വത്തും മുതലുമെല്ലാം ഞാൻ ഈ പ്രായം കൊണ്ട് ഇനി എങ്ങനെയാണ്

ഉണ്ടാക്കുന്നതെന്നാണ് വല്യപ്പൻ വക്കീലിനോട് ചോദിച്ചത്. മാത്രമല്ല അടുത്തുള്ള മത്തായിയുടെ കൈയ്യിൽ നിന്ന് കടം വാങ്ങിയാണ് ഇപ്പോൾ റേഷൻ കടയിൽ റേഷൻ വാങ്ങാൻ പോകുന്നത്. ഇനിയും കടം വാങ്ങാൻ ചെന്നാൽ എന്റെ കാൽ തല്ലിയൊടിക്കുമെന്ന് മത്തായി പറഞ്ഞിട്ടുണ്ട്. ഇതേയൊരു അവസ്ഥയിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്.

2022-ലെ ഗവർണറുടെ നയപ്രഖ്യാപനം ഫെബ്രുവരി മാസം 18-ാം തീയതിയും മാർച്ച് 11-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണവും നടത്തി. രണ്ടുപേരും നവകേരളത്തിന്റെ സൃഷ്ടിയെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. ആറ് വർഷമായി നവകേരളം എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇപ്പോഴും കേരളത്തിന്റെ അവസ്ഥ പഴയതുതന്നെയാണ്. നവ കേരളത്തിനായി 2021-22 വർഷക്കാലത്ത് 1,830 കോടി രൂപ നീക്കിവച്ചുവെന്നാണ് പറഞ്ഞത്. എന്നാൽ ഇതുവരെയായി 308 കോടി രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കേന്ദ്രാനുമതിയോടുകൂടി 2,500 കോടി രൂപ പ്രളയ സെസായി പിരിച്ചെടുത്താണ് കണക്കുകൾ

സൂചിപ്പിക്കുന്നത്. ആ തുക ചെലവഴിച്ചതിന്റെ കണക്ക് എം.എൽ.എ.- മാർ ആവശ്യപ്പെട്ടിട്ട് ഇതുവരെയും നൽകിയിട്ടില്ല. ഇതുകൂടാതെ 1,780 കോടി രൂപയാണ് ലോകബാങ്ക് നൽകിയത്. ഇതെല്ലാം വകമാറ്റി ചെലവഴിച്ചതുകൊണ്ട് ലോകബാങ്ക് രണ്ടാമത് തുക നൽകാതെയുമായി. കേരളത്തിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ട് കാണുമ്പോൾ വളരെ നിരാശ തോന്നുകയാണ്. റിപ്പോർട്ടിന്റെ വാല്യം I-ലും 23-02-2022-ലെ എന്റെ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി തന്നെ നൽകിയ കണക്കുപ്രകാരവും നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 2,96,900 കോടി രൂപയാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അത് 3,71,692 കോടി രൂപയായി കൂടുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ സംസാരിച്ച ഒന്നുരണ്ട് ഇടതുപക്ഷ മെമ്പർമാർ കേരളം എല്ലാത്തിലും ഒന്നാമതാണെന്നാണ് പറഞ്ഞത്. കടബാദ്ധ്യതയുടെ കാര്യത്തിൽ കേരളം ഇന്ന് ഇന്ത്യയിലെ തന്നെ ഒന്നാമത്തെ സംസ്ഥാനമായി മാറിയിരിക്കുകയാണ്. കടബാദ്ധ്യതയുടെ വാർഷിക വളർച്ചാ നിരക്ക് 2019-20-ൽ 10.47 ശതമാനമായിരുന്നു. 2020-21-ൽ അത് 14.6 ആയി

ഉയർന്നിരിക്കുന്നു. ഈ രീതിയിലാണ് കേരളത്തിന്റെ സാമ്പത്തിക നിലയുടെ പോക്ക്. ശ്രീ. കെ. പി. എ. മജീദ് -ന്റെ പ്രസംഗത്തിൽ പ്രാദേശികമായ അസന്തുലിതാവസ്ഥയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ ബഡ്ജറ്റിൽ മലപ്പുറം ജില്ലയെ പാടെ അവഗണിച്ചിരിക്കുകയാണ്. ഞാനിത് വെറുതെ പറയുന്നതല്ല. സാമ്പത്തിക അവലോകന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പ്രതിശീർഷ വരുമാനത്തിൽ ഏറ്റവും പിന്നിലുള്ള ജില്ല മലപ്പുറമാണെന്ന് ഒരു പത്രത്തിൽ വാർത്ത വന്നിരിക്കുകയാണ് (കോപ്പി ഉയർത്തിക്കാട്ടി). സാധാരണനിലയിൽ പിന്നിൽ നിൽക്കുന്ന ജില്ലകൾക്ക് പ്രത്യേക പാക്കേജും ഉത്തേജനവും നൽകാറുണ്ട്. എന്നാൽ ഈ ബഡ്ജറ്റിൽ മലപ്പുറം ജില്ലയ്ക്ക് ഒന്നും നീക്കി വച്ചിട്ടില്ലെന്ന് മാത്രമല്ല അവഗണിക്കുകയും ചെയ്തിരിക്കുകയാണ്. അങ്ങനെ ഒരുപാട് ഉദാഹരണങ്ങളുണ്ട്. വികസിത സൂചികയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ജില്ലകൾക്ക് സ്പെഷ്യൽ സപ്പോർട്ട് പലതും പ്രഖ്യാപിക്കാറുണ്ട്. കാസർഗോഡ്, വയനാട്, എന്നിവിടങ്ങളിൽ കൊടുക്കാറുണ്ട്. ഇതൊന്നും നൽകിയില്ലെന്ന് മാത്രമല്ല, കേരളത്തിൽ നാല് സയൻസ് പാർക്കുകൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഈ നാല് സയൻസ് പാർക്കുകളും

തിരുവനന്തപുരം, കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ചും ഒരെണ്ണം ഡിജിറ്റൽ സർവ്വകലാശാലയെ കേന്ദ്രീകരിച്ചുകൊണ്ടുമാണ്. കേരളത്തിൽ ഇന്ന് പൊതുമേഖലയിൽ നിലനിൽക്കുന്ന ഏക എയർപോർട്ട് കാലിക്കറ്റ് എയർപോർട്ടാണ്. ആ കാലിക്കറ്റ് എയർപോർട്ടിനെ അവഗണിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്......... മലപ്പുറത്തുകാരും കൊണ്ടോട്ടി മണ്ഡലക്കാരും നികുതി കൊടുക്കുന്നവരല്ലേ? ഈ എയർപോർട്ടിലേയ്ക്കുള്ള റോഡിനുവേണ്ടി ഞാൻ ശിപാർശ കൊടുത്തിരുന്നു. എയർപോർട്ടിലേയ്ക്കുള്ള റോഡ് എന്നുപറയുന്നത് മലപ്പുറത്തുകാരും കൊണ്ടോട്ടി മണ്ഡലക്കാരും മാത്രം പോകുന്നതല്ലല്ലോ? ആ റോഡിന് 12 കോടി രൂപയുടെ എസ്റ്റിമേറ്റ് കൊടുത്തിട്ടും അതിന് അംഗീകാരമായിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 89-ാമത്തെ ഖണ്ഡികയിൽ നദീശുചീകരണത്തെക്കുറിച്ച് പറയുന്നുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലയിലെ ഏറ്റവും നല്ല കുടിവെള്ള സ്രോതസ്സാണ് ചാലിയാർ നദി. ചാലിയാറിനെ ശുദ്ധീകരിക്കുന്നതിനുവേണ്ടി ഇതിൽ പദ്ധതികളില്ല. അതുപോലെ നദീതീരങ്ങളെ സംരക്ഷിക്കുമെന്ന് പറയുന്നുണ്ട്. എന്റെ മണ്ഡലത്തിലുള്ള ചീക്കോട്, വാഴക്കാട്, വാഴയൂർ

പഞ്ചായത്തിൽ 2018-ലെയും 2019-ലെയും പ്രളയം കാരണം നദീതീരങ്ങൾ മുഴുവൻ നദിയെടുത്ത് പോയിട്ടുണ്ട്. മാത്രമല്ല, കൃഷിയിടങ്ങളും വീടുകളും നഷ്ടപ്പെട്ടിട്ടുണ്ട്. അവിടങ്ങളിൽ സംരക്ഷണ ഭിത്തികെട്ടുന്നതിൽ ചാലിയാർ നദിയുടെ കാര്യം മാത്രം പറഞ്ഞിട്ടില്ല. അതുപോലെ ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് ഭരണം മാറിയ സമയത്ത് 132 കോടി രൂപയുണ്ടായിരുന്നു. എന്നാൽ ഈ ഗവൺമെന്റ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റെടുത്ത സന്ദർഭത്തിൽ കൂടുതൽ ഫണ്ടുണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ അതിൽ നിരാശാജനകമാണ്. പ്രവാസികളുടെ കാര്യം പറയാതിരിക്കുകയാണ്. സ്ഥാനത്തും അസ്ഥാനത്തും നിരന്തരമായി പ്രയോഗിക്കപ്പെടുന്ന, ഉപയോഗിക്കുന്നവരാണ് പ്രവാസികൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യു.എ.ഇ.-യിലും മറ്റും പോയി പ്രസംഗിച്ചത് നമുക്കെല്ലാവർക്കുമറിയാം. പക്ഷേ പ്രവാസികൾക്കുവേണ്ടി ആകെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് 239 കോടി രൂപ മാത്രമാണ്. അവരെ പുനരധിവസിപ്പിക്കുന്നതിനോ അവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനോ വ്യവസായ സംരംഭം ഉണ്ടാക്കിക്കൊടുക്കുന്നതിനോവേണ്ടി ഒരു പദ്ധതിയും ഇതിൽ പറയുന്നില്ല.

മറ്റൊരു വലിയ വിവേചനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. മൊയീൻകുട്ടി വൈദ്യർ അക്കാദമിയുണ്ട്. മൊയീൻകുട്ടി വൈദ്യർ അക്കാദമിക്കുവേണ്ടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2013 മുതൽ യു.ഡി.എഫ്. ഭരിച്ച സമയത്ത് അഞ്ചുവർഷവും തുടർച്ചയായി അൻപത് ലക്ഷം രൂപ വീതം നീക്കിവച്ചിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി തൊട്ടടുത്ത വർഷം വന്നപ്പോൾ 65 ലക്ഷം രൂപ. പിന്നത്തെ വർഷവും 65 ലക്ഷം രൂപ കൊടുത്തു. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി മറ്റെല്ലാ അക്കാദമികൾക്കും അഞ്ച് കോടി രൂപ മുതൽ നാൽപത് കോടി രൂപ വരെ വേണ്ട തുകകൾ നൽകിയപ്പോൾ മൊയീൻകുട്ടി വൈദ്യർ അക്കാദമിക്ക് കൊടുക്കുന്നത് കേവലം ഇരുപത്തിഅഞ്ച് ലക്ഷം രൂപയാണ്. ഇത് വലിയൊരു അപാകതയാണ്. പൊതുവായി ഒരു കാര്യം കൂടി പറയട്ടെ, എം.എൽ.എ ഫണ്ടുണ്ടാക്കിയ അന്നുമുതൽ ഇന്നുവരെ അതിന്റെ വർദ്ധനവ് ഘട്ടംഘട്ടമായി നടന്നുവരുന്നിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം എം.എൽ.എ ഫണ്ടാകട്ടെ, എ.ഡി.എഫ്. ഫണ്ടാകട്ടെ, ഒന്നും വർദ്ധിപ്പിച്ച് തന്നില്ലെന്ന് മാത്രമല്ല ......... കാലാനുസൃതമായി എല്ലാ കാര്യങ്ങളും

വർദ്ധിച്ചുവരുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ അത് വർദ്ധിപ്പിച്ച് തരുന്നില്ലെന്ന് മാത്രമല്ല, കഴിഞ്ഞ വർഷം ഉണ്ടായിരുന്നത് പിടിച്ചെടുക്കുകയും ചെയ്തു.

<u>മി. ചെയർമാൻ</u>: സമയം കഴിഞ്ഞു, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബാങ്കുകളിൽനിന്നും ലോണുകളെടുത്ത് വലിയ സാമ്പത്തിക ബാധ്യത കാരണം ജപ്തി നടപടിയിലേയ്ക്ക് പോകുന്ന വലിയൊരു വിഭാഗമുണ്ട്. കൃഷിക്ക് ലോൺ എടുത്ത ആളുകൾ, ചെറിയ കച്ചവടം നടത്തുന്നതിനുവേണ്ടി ലോൺ എടുത്ത ആളുകൾ, അവരൊക്കെ ജപ്തി ഭീക്ഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. സർക്കാർ പലിശയും പിഴ പലിശയും സബ്സിഡിയായി കൊടുത്ത് അവരെ ഈ കടത്തിൽനിന്നും രക്ഷപ്പെടുത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ആശ്വാസ കിരണം പദ്ധതി തകിടം മറിഞ്ഞ് കിടക്കുകയാണ്. രണ്ട് വർഷമായി ആശ്വാസ കിരണം പദ്ധതിക്ക് ഒരു രൂപ പോലും ഗവൺമെന്റ് കൊടുക്കുന്നില്ല. ആശ്വാസ കിരണം പദ്ധതി മാനസികാരോഗ്യ വെല്ലുവിളി നേരിടുന്ന ആളുകൾക്കും കിടപ്പ് രോഗികൾക്കും അവരുടെ കൂടെ നിൽക്കുന്ന ആളുകൾക്കും വേണ്ടിയുള്ളതാണ്. ഇന്നുവരെ അത് കൊടുക്കുന്നില്ല.

മി. ചെയർമാൻ: അടുത്ത ആളിനെ വിളിക്കേണ്ടിവരും ആരും എടുക്കാത്ത സമയമാണ്. രണ്ട് മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. സംസ്ഥാനത്ത് എ.ഐ.പി സ്കൂളുകളുണ്ട്. 09-09-2021 തീയതിയിലെ ജി.ഒ.എം.എസ്. നം. 196/2021 പ്രകാരം കേരളത്തിലെ എ.ഐ.പി. സ്കൂളുകളുടെ അംഗീകാരം..... അവിടെ റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് പോലും പെൻഷൻ കിട്ടാത്ത രീതിയിലേയ്ക്ക് നിയമം വന്നിരിക്കുകയാണ്. അത് തിരുത്തണം. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ പരിഹരിക്കാതെ, ബാദ്ധ്യത പറയുന്ന ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നവകേരളം സൃഷ്ടിക്കുകയെന്ന വലിയ ലക്ഷ്യത്തോടെ 25 വർഷം മുന്നിൽ കണ്ടാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും കേരള ബഡ്ജറ്റിൽ താങ്ങും തണലുമായ പദ്ധതികൾ

പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ഫെബ്രുവരി ഒന്നിന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റ് സംഘപരിവാറിന്റെയും ബി.ജെ.പി.-യുടെയും ബഡ്ജറ്റായിരുന്നു. കോർപ്പറേറ്റുകൾക്ക് വാരിക്കോരി ആനുകൂല്യം നൽകുന്നതിൽ നല്ല ജാഗ്രതയാണ് അവർ പുലർത്തിയത്. കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്ന് 22 ശതമാനമായി കുറച്ച് 1.45 ലക്ഷം കോടി രൂപ അവർക്ക് നേട്ടമുണ്ടാക്കിക്കൊടുത്തു. ഒരു ശതമാനത്തിന് താഴെ വരുന്ന കോർപ്പറേറ്റുകളുടെ വരുമാനത്തിൽ 46 ശതമാനമാണ് വർദ്ധനവുണ്ടായത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിച്ച് കോർപ്പറേറ്റുകളുടെ കൈകളിലേയ്ക്ക് എത്തിക്കുന്ന നയമാണ് കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്നത്. കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ഓഹരികൾ വിൽക്കുന്ന ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിനെ ഏറ്റെടുക്കുന്ന സംസ്ഥാന സർക്കാർ നീക്കത്തിന് കേന്ദ്ര സർക്കാരിന്റെ വിലക്ക് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. 118 രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന 1400 കോടി രൂപ നിക്ഷേപ മൂല്യമുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് കോർപ്പറേറ്റുകളുടെ

കൈകളിലേയ്ക്ക് എത്തിക്കാനുള്ള നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. നഷ്ടം പറഞ്ഞ് സ്വകാര്യ മേഖലയ്ക്ക് കൈമാറാനിരുന്ന ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ 145.6 കോടി രൂപയുടെ ബാധ്യതയാണ് സംസ്ഥാന സർക്കാർ തീർത്തത്. അങ്ങനെ എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയിൽ ന്യൂസ് പ്രിന്റ് ഫാക്ടറി കേരളത്തിന് തിരിച്ചുകിട്ടി. രാജ്യത്ത് തൊഴിലില്ലായ്മ നിരക്ക് വൻതോതിൽ അധികരിക്കുമ്പോൾ കേന്ദ്ര സർക്കാർ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം ഇത്തവണയും വെട്ടിച്ചുരുക്കിയിരിക്കുകയാണ്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പന്ത്രണ്ട് കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ വർഷം അൻപത് ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും പ്രഖ്യാപിച്ചിരിക്കുന്നത് അങ്ങേയറ്റം പ്രശംസനീയമാണ്. കഴിഞ്ഞ വർഷം ഒക്ടോബർ മാസം കൊക്കയാർ, കൂട്ടിക്കൽ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലിലും പ്രകൃതിക്ഷോഭത്തിലും വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായത്. പ്രളയത്തിൽ തകർന്ന പാലങ്ങൾ പുനർനിർമ്മിക്കുവാൻ സംസ്ഥാന ബഡ്ജറ്റിൽ 92.88 കോടി രൂപ വകയിരുത്തിയത് സർക്കാരിന്റെ

ഇച്ഛാശക്തിയെയും ജനങ്ങളോടുള്ള കടപ്പാടിനെയുമാണ് സൂചിപ്പിക്കുന്നത്. പ്രളയത്തിൽ തകർന്ന മൂഴിക്കൽ-കൊക്കയാർ പാലം, ഏന്തയാർ പാലം, പൊരുകണ്ണി പാലം, പാലൂർക്കാവ് പാലം എന്നിവ പീരുമേട് മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പാലങ്ങൾ പുനർനിർമ്മിക്കാൻ വേണ്ട തുക അനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. മോദിയും യോഗിയും ചേർന്ന് നമ്മുടെ രാജ്യത്ത് വർഗ്ഗീയത പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ഭരണത്തിലെത്തി നാടിനെ കുട്ടിച്ചോറാക്കുന്ന പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കോവിഡിനെ നമ്മൾ നിശ്ചയദാർഢ്യത്തോടെ നേരിട്ടു. വാക്സിനേഷനിൽ വലിയ നേട്ടം കൈവരിച്ചു. നൂറുദിന പരിപാടി തൊഴിൽ രംഗത്ത് കുതിച്ചുചാട്ടമുണ്ടാക്കി. കിടപ്പാടം പൗരൻമാരുടെ അവകാശമായി പ്രഖ്യാപിച്ച സർക്കാരാണ് നമ്മുടേത്. എന്നാൽ പട്ടിണി പാവങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം വെട്ടിക്കുറയ്ക്കുന്ന മോദി സർക്കാരിന് നയങ്ങളുടെ നേർസാക്ഷിയായിരുന്നു കേന്ദ്ര ബഡ്ജറ്റ്. ഭക്ഷ്യ സബ്സിഡികൾക്കുള്ള തുക 28 ശതമാനത്തോളം വെട്ടിക്കുറച്ചു. എന്നാൽ സംസ്ഥാന ബഡ്ജറ്റ് പൊതുവിതരണ മേഖലയ്ക്ക് 2063.64 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എല്ലാ

നിയോജകമണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസം നൽകുന്ന പദ്ധതിയാണ്. കേന്ദ്ര ബഡ്ജറ്റിൽ രാസവള സബ്സിഡിയിൽ 34,900 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. യൂറിയയ്ക്കുള്ള സബ്സിഡിയിൽ 12,000 കോടി രൂപയുടെ കുറവുണ്ടായി. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ തോട്ടം മേഖലയ്ക്ക് ഉണർവ്വേകുന്ന പ്രഖ്യാപനങ്ങളുണ്ടായത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. റബ്ബർ ബോർഡിന് കേന്ദ്ര ബഡ്ജറ്റിൽ 268.76 കോടി രൂപയാണ് മാറ്റിവച്ചത്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ കഴിഞ്ഞ വർഷം 54 കോടി രൂപ അനുവദിച്ചിരുന്ന സ്ഥാനത്ത് ഇത്തവണ 500 കോടി രൂപ മാറ്റിവച്ച് ചരിത്രം സൃഷ്ടിക്കുകയാണ് നമ്മുടെ ധനകാര്യ മന്ത്രി ചെയ്തിട്ടുള്ളത്. മൂല്യവർദ്ധിത കൃഷിയും ഉൽപ്പന്നങ്ങളും പ്രോത്സാഹിപ്പിക്കാൻ ഏഴ് ജില്ലകളിലായി അഗ്രിടെക് ഫെസിലിറ്റി കേന്ദ്രങ്ങളാരംഭിക്കാൻ 75 കോടി രൂപ അനുവദിച്ചത് എടുത്തുപറയേണ്ടതാണ്. വിള ഇൻഷ്വറൻസിന് 30 കോടി രൂപയും മലയോരമേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന പഴ വർഗ്ഗങ്ങളും പച്ചക്കറികളും കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള

കോൾഡ് ചെയിൻ ശക്തിപ്പെടുത്തുവാൻ പത്തുകോടി രൂപ വകയിരുത്തിയത് കർഷകർക്ക് ആശ്വാസം നൽകുന്ന പ്രഖ്യാപനങ്ങളാണ്. തോട്ടം നയം നടപ്പിലാക്കി ഒരു വർഷം പിന്നിടുമ്പോഴും തോട്ടങ്ങളിൽ പുതിയ ഇടവിള കൃഷി അനുവദിക്കാനുള്ള നടപടികൾ മന്ദഗതിയിലാണ്. തോട്ടമുടമകളുടെ യോഗം എത്രയുംവേഗം വിളിച്ചുചേർത്ത് ചർച്ച നടത്തി അതിന്റെ പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. തോട്ടം മേഖലയെ മാത്രം ആശ്രയിക്കുന്ന പീരുമേട് മണ്ഡലത്തിൽ 22 വർഷമായി നാലായിരം ഹെക്ടർ തേയിലത്തോട്ടങ്ങൾ തോട്ടമുടമകൾ ഉപേക്ഷിച്ച് കാടുകയറി കിടക്കുകയാണ്. പ്രകൃതി വിഭവങ്ങളെ കൃത്യമായി പ്രയോജനപ്പെടുത്താതെ നശിച്ചുപോകുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഉടമകൾ ഉപേക്ഷിച്ചുപോയ ചീന്തലാർ, ലോൺട്രി, കോട്ടമല, ബോണാമി തുടങ്ങിയ തോട്ടങ്ങൾ സർക്കാർതന്നെ ഏറ്റെടുക്കുകയും കൃഷി വകുപ്പിനെ ഏൽപ്പിച്ച് ഫാം ടൂറിസത്തിനും മറ്റ് കൃഷികൾക്കും പ്രയോജനപ്പെടുത്തുന്ന രീതിയിൽ പ്രകൃതി വിഭവങ്ങളെ കൃത്യമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ചാൽ തീർച്ചയായും തൊഴിലില്ലായ്മയും അതുപോലെതന്നെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കും വളരെയധികം സഹായകരമായിരിക്കും.

ആയിരക്കണക്കിന് ഹെക്ടർ ഭൂമി യാതൊരു പ്രയോജനവുമില്ലാതെ കാടുകയറി കിടക്കുന്നത്, ഒരു തൊഴിലാളി പ്രവർത്തകനെന്ന നിലയിൽ വളരെ സങ്കടകരമായ കാഴ്ചയാണ്. ആയതിനാൽ തോട്ടം നയം കൃത്യമായി നടപ്പിലാക്കുകയും അതിലൂടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം കാർഷിക വിസ്തൃതിയുടെ 27.5 ശതമാനവും തോട്ടം മേഖലയിലാണ് എന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയേണ്ടതായിട്ടുണ്ട്. 2500 രൂപ വരെ ഒരു കിലോഗ്രാം ഏലത്തിനുണ്ടായിരുന്നത് ഇപ്പോൾ 750 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഏലം കർഷകർക്ക് താങ്ങുവില നൽകാൻ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. നവകേരളം സൃഷ്ടിക്കുക എന്ന വലിയ ലക്ഷ്യത്തോടെ 25 വർഷം മുന്നിൽ കണ്ട് ബഹുമാനപ്പെട്ട ധനമന്ത്രി ശ്രീ. കെ. എം. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. അതോടൊപ്പം നമ്മുടെ തോട്ടം മേഖലയുടെ സ്ഥിതിവിശേഷങ്ങൾ മാറ്റിയെടുക്കാൻ സമൂലമായ ചർച്ച, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും അതുപോലെ തൊഴിൽ വകുപ്പിന്റെയും വ്യവസായ വകുപ്പിന്റെയും സംയുക്ത യോഗം

വിളിച്ചുകൂട്ടി അടിയന്തര തീരുമാനം കൈക്കൊള്ളാൻ സമയം അതിക്രമിച്ചിരിക്കുകയാണ്. ഈ കാര്യത്തിൽ ഗൗരവകരമായ ഇടപെടൽ ഉണ്ടാവണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. തോട്ടം മേഖലയായ നമ്മുടെ ഹൈറേഞ്ച് പ്രദേശങ്ങളിലെ മിക്കവാറും തൊഴിലാളികളെല്ലാം കടക്കെണിയിലാണ്. അവർക്കെല്ലാംതന്നെ റവന്യൂ റിക്കവറി നോട്ടീസുകൾ വന്നുകൊണ്ടിരിക്കുകയാണ്. ദയവുചെയ്ത് ഇവിടെ സൂചിപ്പിച്ചതുപോലെ അവരുടെ കടക്കെണിക്ക് തെല്ലാശ്വാസം പകരാൻ, കുറച്ച് സാവകാശം അനുവദിക്കാനുള്ള നടപടിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്താങ്ങുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മുമ്പാകെ ഒരു പ്രധാനപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ ആശ്വാസ കിരണം പദ്ധതി വഴിയുള്ള സഹായം നിലച്ചിട്ട് ഏതാണ്ട് രണ്ട് വർഷമായി എന്നുള്ള വാർത്തകളാണ് പാലക്കാട്ടുനിന്നും വരുന്നത്. സംസ്ഥാനത്തുടനീളം തുച്ഛമായ

പത്തോ അറുന്നൂറോ രൂപയാണ് അവർക്ക് കൊടുക്കുന്നത്. പുതിയ അപേക്ഷകൾ സ്വീകരിച്ചിട്ടും എത്രയോ നാളായി. സ്വന്തം കുഞ്ഞുങ്ങളെ പരിചരിക്കുന്നതിനുവേണ്ടി മറ്റൊരു ജോലിക്കും പോകാൻ കഴിയാതെ വീട്ടിൽ നിൽക്കേണ്ടിവരുന്ന ആ പാവങ്ങളുടെ ആശ്വാസം നിലച്ചിട്ട് വർഷങ്ങളായി  എന്നുള്ള വാർത്തകൾ ഒരിക്കലും നമുക്ക് അഭികാമ്യമല്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് ആ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് അവർക്കത് വിതരണം ചെയ്യാനും പുതിയ അപേക്ഷകൾ സ്വീകരിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റിൽ ഓട്ടിസം ബാധിച്ചവർക്കോ, അല്ലെങ്കിൽ  സെറിബ്രൽ പാൾസി ബാധിച്ചവർക്കോ, മൾട്ടിപ്പിൾ ഡിസെബിലിറ്റി തുടങ്ങിയ അവസ്ഥകൾ നേരിടുന്നവർക്കോ പണം വകയിരുത്താത്തതിൽ രക്ഷിതാക്കൾക്ക് വലിയ സങ്കടവും പ്രയാസവുമുണ്ടെന്ന് അറിയിക്കുന്നു. അതിന്റെ വാർത്തകളാണ് കഴിഞ്ഞ ദിവസം പുറത്തുവന്നത്. അതുപോലെ പാലക്കാട്ട് മെഡിക്കൽ കോളേജിന് കിഫ്ബി വഴി ഏതെങ്കിലും തരത്തിലുള്ള സപ്പോർട്ട് ഇനിയും പ്രഖ്യാപിച്ചിട്ടില്ല. കിഫ്ബിയിൽ ചെലവഴിക്കുന്ന പണം സാമൂഹ്യനീതിയുടെ ഒരു അളവുകോൽകൊണ്ട് അളക്കുമ്പോൾ പലപ്പോഴും അർഹമായ

ആനുകൂല്യങ്ങൾ, അവകാശങ്ങൾ പല വിഭാഗങ്ങൾക്കും നിഷേധിക്കപ്പെടുകയാണ്. എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റ് തുടങ്ങിയ മെഡിക്കൽ കോളേജിന് ബഡ്ജറ്ററി സപ്പോർട്ടോ കിഫ്ബി വഴിയുള്ള ധനസഹായമോ ഇതുവരെ പ്രഖ്യാപിക്കപ്പെടാത്തൊരു സാഹചര്യം, പൊതു ആളുകളുടെ കൂടെ ചികിത്സയ്ക്ക് ആ സ്ഥാപനം നമ്മൾ ഉപയോഗപ്പെടുത്തുമ്പോൾ, അത് ശരിയല്ലെന്ന പരാതികൾ അവിടെനിന്നും ഉയർന്നുവരുന്നുണ്ട്. മരണപ്പെട്ടുപോയവരുടെ പേരിലുള്ള വായ്പകളുടെ പേരിൽ പോലും പ്രയാസങ്ങൾ, വീടുകളിലേയ്ക്ക് ജപ്തി നോട്ടീസായും മറ്റും വന്നുകൊണ്ടിരിക്കുകയാണ്. അവർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള കടാശ്വാസം പ്രഖ്യാപിക്കാൻ, വായ്പകൾ എഴുതിത്തള്ളാൻ കഴിയാവുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തണം. പ്രളയവും കോവിഡുമൊക്കെ വലിയ ദുരന്തങ്ങളും ദുരിതങ്ങളും നമ്മുടെ നാട്ടിലുണ്ടാക്കിയിരിക്കുന്ന സാഹചര്യം കൂടിയാണിത്. 28 രൂപ 72 പൈസ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പാലക്കാട് വന്നപ്പോൾ നെല്ലിന് താങ്ങുവിലയായി പ്രഖ്യാപിച്ചതാണ്. ആ 28 രൂപ 72 പൈസ പ്രഖ്യാപിച്ചത് ഇതുവരെയും കൊടുത്തിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ

ബഡ്ജറ്റിൽ പ്രഖ്യാപനം വന്നപ്പോൾ 28 രൂപ 72 പൈസ അല്ലെങ്കിൽ ഇരുപത്തിയൊൻപതോ മുപ്പതോയെങ്കിലും ആകണമെന്ന് ആഗ്രഹിച്ച നെൽകർഷകർക്ക് നിരാശയാണ് 28 രൂപ 20 പൈസ എന്നുള്ള പ്രഖ്യാപനമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. അതുപോലെ, പോലീസ് സേനയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും ചില പരാതികൾ പറയുന്നുണ്ട്. പോലീസുകാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന നോൺ സ്റ്റാറ്റ്യൂട്ടറി റിക്കവറി നിലവിൽ എസ്.ബി.ഐ.യെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് പറയുന്നു. പക്ഷേ അത് മാറ്റി, എച്ച്.ഡി.എഫ്.സി. പോലുള്ള പ്രൈവറ്റ് ബാങ്കുകൾക്ക് നിർബന്ധബുദ്ധിയോടെ അത് ഏൽപ്പിക്കണമെന്നും സേനാംഗങ്ങളുടെ എല്ലാവിധ ഡാറ്റകളും അവർക്ക് കൈമാറുന്നത് നിർബന്ധമാക്കിയതിനെ സംബന്ധിച്ചും അവർക്കിടയിൽത്തന്നെ വ്യാപകമായ പരാതികളുയരുന്നുണ്ട്. അത് പഴയതുപോലെതന്നെ ആക്കണമെന്ന ആവശ്യമാണ് അവർ മുന്നോട്ടുവയ്ക്കുന്നത്. അത്തരം കാര്യങ്ങളിലും അങ്ങയുടെ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഇന്ന് രാവിലെ ഞങ്ങൾ ഏതെങ്കിലും രാഷ്ട്രീയമായൊരു കാര്യം പറയാനോ ആക്ഷേപിക്കാനോ അല്ല ആഗ്രഹിച്ചത്. ഞങ്ങൾക്ക് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഒരു കാര്യത്തിന് വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് പ്രതിപക്ഷത്തിന്റെ ഒരു അവകാശത്തെ ഉപയോഗപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിച്ചത്. 2020 നവംബർ 11-ലെ ദേശാഭിമാനി ദിനപത്രത്തിൽ വന്നൊരു വാർത്തയാണ്, അതിന്റെ എഡിറ്റോറിയലാണ്. "വെഞ്ഞാറമൂട്ടിൽ തിരുവോണത്തലേന്ന് കൊല്ലപ്പെട്ട ഹഖിനും മിഥിലാജിനും ഭാര്യയും കൊച്ചുകുട്ടികളുമില്ലേ; അച്ഛനും അമ്മയുമില്ലേ; അനാഥരാക്കപ്പെട്ട അവരുടെ കണ്ണുനീർ കണ്ണുനീരല്ലേ' എന്നാണ് ദേശാഭിമാനി ചോദിച്ചത്. ദേശാഭിമാനി ചോദിച്ച ആ ചോദ്യംതന്നെയാണ് ഇന്ന് കേരളത്തിലെ പ്രതിപക്ഷത്തിനും ചോദിക്കാനുള്ളത്. അത് പറയാനാണ് ഒരുവസരം ഞങ്ങൾ ചോദിച്ചത്. അന്ന് അഞ്ച് വയസ്സുകാരനായ ഇർസാനും ആറര വയസ്സുകാരനായ ഇർഫാനും മിഥിലാജിന്റെ മക്കൾ, അതുപോലെ ഒന്നേകാൽ വയസ്സായ ഐറമോൾ; നമ്മൾ എല്ലാവരെയും ഈ നാട്ടിൽ 'എന്തിന് കൊന്നു കോൺഗ്രസേ' , എന്ന് ചോദിച്ചുനടത്തിയ പ്രചരണങ്ങൾക്കിടയിൽ ആ

കൊച്ചുകുഞ്ഞുങ്ങളുടെ സങ്കടം പറഞ്ഞിരുന്ന ആളുകളോട് ഞങ്ങൾ ചോദിക്കുന്നത്, ആ കൊച്ചുകുഞ്ഞുങ്ങളുടെ പിതാക്കന്മാരുടെ മരണത്തിന് കാരണക്കാരായ ഗൂഢാലോചനയുടെ പുറകിൽ ആരെല്ലാമുണ്ടെന്നുള്ള സത്യാവസ്ഥ അവരെ ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്തം ഇവിടത്തെ അന്വേഷണ സംവിധാനങ്ങൾക്കും പോലീസിനുമൊക്കെ ഇല്ലേ; വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത് കോൺഗ്രസ്സിന്റെ നേതാക്കന്മാരല്ല, വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത് യു.ഡി.എഫ്.-ന്റെ ഘടകകക്ഷിയിൽപ്പെട്ട ആളുകളല്ല. രണ്ട് തവണ സി.പി.ഐ(എം)-ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന, സി.പി.ഐ(എം)-ന്റെ ഏരിയ കമ്മിറ്റി മെമ്പറായിരുന്ന ഡി.വൈ.എഫ്.ഐ.-യുടെ ജില്ലാ കമ്മിറ്റി മെമ്പറായിരുന്ന ഡി. സുനിൽ എന്നുപറയുന്ന സി.പി.ഐ.-യുടെ ഇപ്പോഴത്തെ നേതാവാണ് ഈ പറയുന്ന വിവാദങ്ങളെ സംബന്ധിച്ച് ഫേസ്ബുക്കിൽ കുറിച്ചുവച്ചത്. അദ്ദേഹം കുറിച്ചുവച്ചതിലെ പ്രധാനപ്പെട്ട വാചകങ്ങളെന്താണ്? 2020-ലെ തിരുവോണനാളിൽ നിങ്ങളുടെ നേതാവും ജനപ്രതിനിധിയുമായ ആളെ കേട്ടാലറയ്ക്കുന്ന ഭാഷയിൽ ഗോകുലം മെഡിക്കൽ കോളേജിൽവച്ച് തെറിവിളിച്ചത് നിങ്ങൾതന്നെയല്ലേ? ഞങ്ങളാണോ; ആ

തിരുവോണനാളിൽ നിന്ന് കൃത്യം പന്ത്രണ്ട് ദിവസം പുറകിലോട്ട് പോയാലറിയാം എന്തുകൊണ്ടാണ് തെറിവിളി കേൾക്കേണ്ടിവന്നതെന്ന്. ഒരു ചെറുപ്പക്കാരനെ അസമയത്ത് ഒരിടത്തുവച്ച് ചില ആൾക്കാർ കാണുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നു. ചോദ്യം ചെയ്തവരെ ആക്രമിക്കാൻ മരണപ്പെട്ട ഒരാൾക്ക് ഈ ചെറുപ്പക്കാരൻ കൊടുത്ത ക്വട്ടേഷൻ, അതിന്റെ പേരിലുണ്ടായ മരണങ്ങളല്ലേയെന്ന് സി.പി.ഐ.(എം)-ന്റെ പഴയ ലോക്കൽ കമ്മിറ്റി സെക്രട്ടറി, ഇപ്പോഴത്തെ സി.പി.ഐ-കാരൻ വെളിപ്പെടുത്തുമ്പോൾ അത് അന്വേഷിക്കണമെന്ന് പറയേണ്ട ബാധ്യത ഞങ്ങൾക്കില്ലേ?+ 'എന്തിന് കൊന്നു കോൺഗ്രസ്സേ' എന്ന് ചോദിച്ച് 168 കോൺഗ്രസ്സിന്റെ ഓഫീസുകളാണ് ആ കാലത്ത് ഇവിടം അടിച്ചുതകർക്കപ്പെട്ടത്. നിരവധി കൊടിമരണങ്ങൾ....., നിരവധിപേർ അക്രമത്തിന് വിധേയമായി. പി.എസ്.സി. ഓഫീസിനുമുന്നിൽ ചെറുപ്പക്കാർക്കുവേണ്ടി ഒരു സമരം നടത്തിയ ഞങ്ങളുടെ സമരപന്തലിനുനേരെപ്പോലും വലിയ ആക്രമണങ്ങളുണ്ടായി. കോൺഗ്രസ്സല്ല കൊന്നത്; കോൺഗ്രസ്സല്ല ഗൂഢാലോചന നടത്തിയത്, കോൺഗ്രസ്സല്ല ഗുണ്ടകളെ അയച്ചത്; എന്തിന്റെ പേരിലാണെന്ന് അവരുടെ നേതാക്കന്മാർതന്നെ ഇവിടെ വെളിപ്പെടുത്തുന്നു.

---

\+ 17-03-2022-ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 4732/ഇ.ബി/2022/ നി.സെ) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ആ തിരുവോണത്തലേന്ന് നടത്തിയ കൊലപാതകത്തിന്റെ പേരിൽ മലയാളികളുടെ തിരുവോണ സദ്യയിൽ പായസത്തിനുപകരം രക്തം വിളമ്പിയത് കോൺഗ്രസ്സല്ല എന്നുള്ളത് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. ആരാണ് രക്തം വിളമ്പിയതെന്ന് ഇവർക്ക് അറിയണ്ടേ? CrPC 173(8) പ്രകാരം ഒരു പുനഃരന്വേഷണം നടത്താൻ എന്തിനാണ് ഇവർ മടിക്കുന്നത്? ഫോറൻസിക് റിപ്പോർട്ടുകൾ മാധ്യമങ്ങളിലൂടെ പുറത്തുവന്നു. ആദ്യത്തെ വാചകംതന്നെ, ഇത് രാഷ്ട്രീയ കൊലപാതകമാണെന്ന് സൂചന നൽകുന്നില്ല എന്നതാണ്. കണ്ടെത്തലുകളിലെ രണ്ടാമത്തെ പ്രധാനപ്പെട്ട വാചകം വാർത്തകളിൽവന്നത്, കൊല്ലപ്പെട്ടവർ കൊലപ്പെടുത്താൻ എത്തിയവരാണ് എന്നുള്ളതാണ്. പോലീസിന്റെ സൈബർ ഫോറൻസിക് വിഭാഗം ഇവരുടെ ചാറ്റുകൾ പരിശോധിച്ചു. ഇവരുടെ വോയിസ് കോളുകളെടുത്തു; ഇവരുടെ കോളുകൾ പരിശോധിച്ചു. അതിൽനിന്നെല്ലാം രണ്ട് സംഘങ്ങൾ തമ്മിലുള്ള പകയ്ക്ക് കാരണമായി അവിടെ ചൂണ്ടിക്കാണിക്കപ്പെട്ട പല കാര്യങ്ങൾ, ഒന്ന് തേമ്പാമൂട് ജനതാ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയെ 15 വയസ്സുകാരന്റെ കാല് അഞ്ച് എസ്.എഫ്.ഐ. കാർ ചേർന്ന് തല്ലിയൊടിച്ചത്

എന്തിനുവേണ്ടിയാണെന്നുള്ള അന്വേഷണം നടക്കണം. വേങ്കമല ക്ഷേത്രസമീപത്ത് വച്ച് ഈ കേസ്സിലെ ഒന്നാം പ്രതിയും ഒരു ജനപ്രതിനിധിയുടെ മകനുമായുണ്ടായി സംഘട്ടനത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ, എന്തിനുവേണ്ടിയാണെന്ന് പറയണം. രണ്ട് സംഘങ്ങളും ഒരേ സമയം ഒരേ സ്ഥലത്ത് എത്തിച്ചേരാൻ കാരണക്കാരനായ ഒരാൾപോലുമുണ്ട് എന്നുപറയുമ്പോൾ, പോലീസ് ചോദ്യം ചെയ്യുന്ന ഒരാളിനെ അന്ന് രാത്രി രണ്ടേമുക്കാലിന് ചെന്ന്, പോലീസ് സ്റ്റേഷനിൽ ചെന്ന് ഡി.വൈ.എഫ്.ഐ.-യുടെ അന്നത്തെ സംസ്ഥാന സെക്രട്ടറി കാണുമ്പോൾ, ആ കണ്ട് സംസാരിച്ചതിന്റെ അടിസ്ഥാനമായി ഇത് രാഷ്ട്രീയ കൊലപാതകമെന്ന പേരിൽ കോൺഗ്രസ്സിന്റെ മേലിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുമ്പോൾ, ഒരു വെളിപ്പെടുത്തൽ പുറത്തുവന്നിരിക്കുമ്പോൾ, ആ വെളിപ്പെടുത്തലിന് ഒരന്വേഷണം നടത്തി, അതിന്റെ പിന്നിൽ യഥാർത്ഥത്തിൽ പ്രവർത്തിച്ചത് ആരാണ്; അതിന്റെ ഗൂഢാലോചനയിൽ പങ്കാളികളായവർ ആരാണ് എന്നുള്ളതാണ് ഞങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നത്......(ബഹളം).... നിങ്ങൾ ബഹളമുണ്ടാക്കണ്ട, സത്യം പുറത്തുകൊണ്ടുവരണമെന്നേ ഞങ്ങൾ പറയുന്നുള്ളൂ. ഞങ്ങൾ അവാസ്തവമായ

ഒന്നും പറയുന്നില്ല. ഞങ്ങളുടെ വെളിപ്പെടുത്തലല്ല, ഞങ്ങളുടെ നേതാക്കന്മാരുടെ പ്രസ്താവനകളുമല്ല. ഞങ്ങൾ ചോദിക്കുന്നത് ഒരേയൊരൊറ്റ കാര്യം, ഞങ്ങൾ പറയുന്നത് ഒരേയൊരൊറ്റ കാര്യം, ഡി.വൈ.എഫ്.ഐ.-യിലെ നേതാക്കന്മാർ, ഡി.വൈ.എഫ്.ഐ.-യിലെ പ്രിയപ്പെട്ട സഹപ്രവർത്തകർ, ആ ഡി.വൈ.എഫ്.ഐ.യുടെ സഹപ്രവർത്തകർ കൊല്ലപ്പെട്ടതിനെ സംബന്ധിച്ച് സി.പി.ഐ.(എം)-ന്റെ മുൻനേതാക്കന്മാർ ....(ബഹളം).... സി.പി.ഐ.യുടെ ഇപ്പോഴത്തെ നേതാവ് ....(ബഹളം).... +

Mr. Chairman: Please sitdown...

ശ്രീ. ഷാഫി പറമ്പിൽ: അവരുടെ വെളിപ്പെടുത്തൽ അന്വേഷിക്കണമെന്ന് പറയാൻ ഞങ്ങൾക്ക് അവകാശമില്ലേ? ഞാൻ ആരുടെയും പേര് പറഞ്ഞിട്ടില്ല. അന്വേഷിക്കണമെന്ന് പറയാൻ ഞങ്ങൾക്ക് അവകാശമില്ലേ; നിങ്ങൾ ഇപ്പോൾ ബഹളം വയ്ക്കുന്നുണ്ടല്ലോ; കോൺഗ്രസ്സാണെന്നുപറഞ്ഞ് പത്ത് നൂറ്റിയറുപത്തിയെട്ട് ഓഫീസുകൾ അടിച്ചുപൊളിക്കുമ്പോൾ അന്ന് ഇതിനുപിന്നിലെ യാഥാർത്ഥ്യമെന്താണെന്നറിയാൻ നിങ്ങൾക്ക് ഇവിടെ ഭരണവും

+ 17-03-2022-ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 4732/ഇ.ബി/2022/ നി.സെ) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

അധികാരവുമുള്ളപ്പോൾ ശ്രമിക്കാമായിരുന്നില്ലേ; മുമ്പും അനുഭവമുണ്ട്. സിയാദ് എന്നുപറയുന്ന ഒരു ചെറുപ്പക്കാരൻ, ആ ചെറുപ്പക്കാരൻ ആലപ്പുഴ ജില്ലയിൽ കൊല്ലപ്പെട്ടപ്പോൾ കോൺഗ്രസ്സാണ് കൊന്നതെന്ന് പറഞ്ഞു. നിങ്ങളുടെ അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ് അത് മാറ്റിപ്പറഞ്ഞത്. അതുപോലെ തന്നെ ചിതറയിൽ ബഷീർ എന്നുപറയുന്നൊരാൾ കൊല്ലപ്പെട്ടപ്പോൾ, കൊന്നത് കോൺഗ്രസ്സാണെന്ന് നിങ്ങൾ പറഞ്ഞു. പിന്നീട് അന്വേഷണത്തിലാണ് അത് മരച്ചീനിയുമായി മറ്റോ ബന്ധപ്പെട്ട ഒരു വാദത്തിലാണ് കൊല്ലപ്പെട്ടത് എന്നുപറയുന്നു. ഞങ്ങളുടെ പേരിൽ ഈ കൊലപാതകം ആരോപിക്കപ്പെട്ട് നവമാധ്യമങ്ങളിലൂടെ കേരളത്തിലെ മുഴുവൻ കോൺഗ്രസ് ഓഫീസുകൾക്കുമെതിരായി ഇത്രയും വലിയ അതിക്രമങ്ങൾ നടത്തിയ ആളുകളോട് അവരുടെ കൂടെത്തന്നെ പ്രതികരിച്ചിരുന്നൊരാൾ നടത്തിയ വെളിപ്പെടുത്തലിൽ സത്യസന്ധമായ ഒരന്വേഷണം നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത് എങ്ങനെയാണ് ഒരു പാതകമായി മാറുന്നത്. ഡി.വൈ.എഫ്.ഐ.-ക്കാരൻ കൊല്ലപ്പെട്ടതിന്റെ യാഥാർത്ഥ്യം പുറത്തുവരണമെന്ന് ഭരണകക്ഷിക്കും ഡി.വൈ.എഫ്.ഐ.-യ്ക്കും ഇല്ലെങ്കിലും

പ്രതിപക്ഷത്തിനും യൂത്ത് കോൺഗ്രസ്സിനും അതുണ്ടെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അന്വേഷണം നടക്കട്ടെ.....(ബഹളം)...... അന്വേഷണം നടക്കട്ടെ. കൃത്യമായ അന്വേഷണം നടക്കട്ടെ. ഞങ്ങൾ ഇപ്പോഴുള്ള ഒരു പ്രതിയെയും രക്ഷപ്പെടുത്താൻ പറയുന്നില്ല. ഒന്നാം പ്രതി ഒന്നാം പ്രതിയായി തുടരട്ടെ. കുറ്റം ചെയ്ത പ്രതികൾ തുടരട്ടെ. ഗൂഢാലോചനയിൽ ആർക്കാണ് പങ്ക് എന്ന അന്വേഷണം ഞാൻ ആവശ്യപ്പെടുമ്പോൾ നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്; .....(ബഹളം)......ഒരാളെയും ജയിലിൽ നിന്ന് തുറന്നുവിടാൻ പറയുന്നില്ല. ഒരാൾക്കുവേണ്ടിയും കേസ് നടത്തുന്നില്ല. ഒരാൾക്കുവേണ്ടിയും പണപ്പിരിവും നടത്തുന്നില്ല. പ്രതികൾ അവിടെ നിൽക്കട്ടെ. അതിന്റെ ഗൂഢാലോചന പുറത്തുവരുന്നത് നിങ്ങൾക്കും നല്ലതല്ലേ; മരണപ്പെട്ടത് നിങ്ങളുടെ സഹപ്രവർത്തകനല്ലേ; നിങ്ങൾക്കൊപ്പം കൊടി പിടിച്ചവരല്ലേ; നിങ്ങൾക്കുവേണ്ടി പ്രവർത്തിച്ചവരല്ലേ; അവർ മരണപ്പെടുമ്പോൾ അതിന്റെ പിന്നിലെ യാഥാർത്ഥ്യം പുറത്തുവരുന്നത് ആർക്കാണ് ഇത്ര പ്രയാസം സൃഷ്ടിക്കുന്നത്; ഞാൻ ഏതെങ്കിലും പ്രതികൾ പ്രതികളല്ല എന്നുപറഞ്ഞോ; ഞാൻ ഒന്നാം പ്രതിയെ പ്രതിയല്ല എന്നുപറഞ്ഞോ; രണ്ടാം പ്രതി, അയാളല്ല പ്രതി എന്നുപറഞ്ഞോ; അയാളെ

പുറത്തുവിടണമെന്ന് ഞാൻ പറഞ്ഞോ? ഞാൻ പറഞ്ഞത് നിങ്ങൾക്കൊപ്പം പ്രവർത്തിച്ചയാളുകളെ....(ബഹളം)......നിങ്ങൾക്കൊപ്പം പ്രവർത്തിച്ചിരുന്ന ആളുകളെ...

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.........(ബഹളം).....

ശ്രീ. ഷാഫി പറമ്പിൽ: ആ ആളുകളെ കൊന്ന കേസ്സിലെ ഗൂഢാലോചന നടത്തിയ ആളുകളെ പുറത്തുകൊണ്ടുവരണമെന്നാണ്. ...(ബഹളം).....ഇതുപോലെ ബഹളം അന്ന് കണ്ടു.

Mr. Chairman: Let him finish, please sitdown.....please....

ശ്രീ. ഷാഫി പറമ്പിൽ: അന്ന് വ്യവസായ വകുപ്പുമന്ത്രി വന്ന് പറഞ്ഞത് ശ്രീ. അടൂർ പ്രകാശിന് ഈ കൊലപാതകത്തിൽ പങ്കുണ്ടെന്നാണ്. ശ്രീ. അടൂർ പ്രകാശിനുമേൽ അന്ന് പ്രചാരണങ്ങൾ നടന്നു. അദ്ദേഹം പറഞ്ഞു, സി.ബി.ഐ. അന്വേഷണം നടക്കട്ടെ. അദ്ദേഹം പാർലമെന്റിൽ പറഞ്ഞു, സി.ബി.ഐ. അന്വേഷണം നടക്കട്ടെ. അദ്ദേഹം വെഞ്ഞാറമൂട്ടിൽ ഉപവാസമിരുന്നു. സി.ബി.ഐ. അന്വേഷണം നടക്കട്ടെ.

Mr. Chairman: Time over....please conclude.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒന്നും അധികം പറയുന്നില്ല. ഒരാളെയും

വെറുതെ വിടാൻ പറയുന്നില്ല. ഒരു പ്രതിയെയും രക്ഷപ്പെടുത്താൻ പറയുന്നില്ല. അവർക്കുവേണ്ടി കേസ് നടത്തുന്നില്ല. അവർക്കുവേണ്ടി സർക്കാരിന്റെ പണം ചെലവഴിക്കുന്നില്ല. ഒറ്റക്കാര്യമേ ഞങ്ങൾ പറയുന്നുള്ളൂ. അവർ കൊല്ലപ്പെട്ടതിന്റെ പിന്നിൽ സി.പി.ഐ.(എം)-ന്റെ പഴയ ലോക്കൽ കമ്മിറ്റി സെക്രട്ടറി സി.പി.ഐ.-യുടെ ഇപ്പോഴത്തെ നേതാവ് നടത്തുന്ന വെളിപ്പെടുത്തലിനെ സംബന്ധിച്ച് ഒരന്വേഷണം നടത്തണമെന്നാണ് ഞങ്ങൾ പറയുന്നത്. എങ്ങനെയാണത് അപരാധമാകുന്നത്? ......(ബഹളം).....കാരണം ഞങ്ങൾക്കിത് പറയാനുള്ള ബാധ്യതയുണ്ട്. ഞങ്ങൾക്കുമേൽ വ്യാജമായി ആരോപിക്കപ്പെട്ട് കേരളം മുഴുവൻ തച്ചുതകർത്ത ഓഫീസുകളുടെ പേരിൽ, വ്യാജ ആരോപണങ്ങളുടെ പേരിൽ യഥാർത്ഥ ഗൂഢാലോചനയും പ്രതികളും ശിക്ഷിക്കപ്പെടണമെന്നുള്ള നിലപാട് എടുക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. അത് ഞങ്ങൾ എടുക്കും. അതിന് നിയമസഭയ്ക്ക് അകത്തും പുറത്തും നിയമപരമായും ജനാധിപത്യപരമായും ഞങ്ങൾ ഈ പ്രതിഷേധവുമായി മുന്നോട്ടുപോകും. ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു.

അതാണ് ഉന്നയിക്കുന്നത്. ശ്രീ. ഷാഫി പറമ്പിൽ കൊണ്ടുവന്ന ഒരു അടിയന്തരപ്രമേയം ഇന്ന് രാവിലെ അനുവദിക്കാത്തതുകൊണ്ട്...... അനുവദിക്കാത്തതിന്റെ കാരണമെല്ലാം റൂൾ ചെയ്തതാണ്. കുറച്ച് ആരോപണങ്ങൾ ഇവിടെ ഉന്നയിച്ചിരിക്കുകയാണ്. തികച്ചും അടിസ്ഥാനരഹിതമായ ഈ ആരോപണങ്ങൾ ....

മി. ചെയർമാൻ: അദ്ദേഹം ഒരാളുടെ പേരും പറഞ്ഞിട്ടില്ല.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ പറഞ്ഞോട്ടെ. ഞാൻ പോയിന്റിലേക്ക് വരികയാണ്. ഈ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ എന്തോ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണെന്നാണ് ഇപ്പോൾ പറയുന്നത്. ഒരു പുതിയ വെളിപ്പെടുത്തലും വന്നിട്ടില്ല.

മി. ചെയർമാൻ: ഇതിൽ പോയിന്റൊന്നുമില്ല. എക്സ്പ്ലനേഷനാണ്. അത് പിന്നെ പറയാം.

ശ്രീ. ഡി. കെ. മുരളി: ഈ കൊലപാതകത്തിന്റെ പ്രതികളെ മുഴുവൻ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നതാണ്. അവർ ഇന്ന് ജയിലിലാണ്. മുഴുവൻ പ്രതികളും ജയിലിലാണ്....(മൈക്ക് ഓഫ്)....

<u>മി. ചെയർമാൻ</u>: ഇതിൽ പോയിന്റ് ഇല്ല...please sitdown........let us finish it......please sitdown.....

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഒരു കാര്യം പറയാനുള്ളത്, രാവിലെ റൂളിംഗ് കൊടുത്ത വിഷയം, ബഹുമാനപ്പെട്ട സ്പീക്കർ തന്നെ റൂളിംഗ് കൊടുക്കുകയും ആ റൂളിംഗിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം എടുക്കാൻ കഴിയില്ല എന്ന് പറഞ്ഞൊരു വിഷയം വേറൊരു തരത്തിൽ ഇവിടെ അവതരിപ്പിക്കുന്നത് രേഖയിലുണ്ടാകുന്നത് ശരിയാണോ? അത് പരിശോധിച്ച് ചെയ്താൽ മതി. അങ്ങനെ സാധാരണഗതിയിൽ പറയാൻ പാടില്ലാത്തതാണ്.

<u>മി. ചെയർമാൻ</u>: അത് പരിശോധിക്കാം.+

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അത് പരിശോധിച്ചിട്ടല്ലാതെ ചെയ്യുന്നത് ശരിയല്ല. കാരണം പ്രസംഗിക്കുന്നത് ആരുടെ വായിൽ നിന്നും തടയാൻ പറ്റില്ല. പക്ഷേ ചെയ്യുന്നത് ഒരു പൊതുപ്രൊസീഡ്യുവർ അനുസരിച്ച് വേണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതിന് പ്രസക്തിയില്ല. കാരണം റൂൾ 50

---

\+ 17-03-2022-ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 4732/ഇ.ബി/2022/ നി.സെ) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

നോട്ടീസ് ഇവിടെ അവതരിപ്പിക്കാൻ...... റൂൾ 50-യുടെ നിബന്ധനകൾ അനുസരിച്ച് അത് ഇവിടെ അവതരിപ്പിക്കാൻ പാടില്ല എന്നുമാത്രമാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുള്ളത്. ഈ വിഷയം സഭയിൽ അവതരിപ്പിക്കാൻ പാടില്ല എന്ന് ചെയർ ഒരിക്കലും റൂളിംഗ് നൽകിയിട്ടില്ല. ഇവിടെ ബഡ്ജറ്റ് ചർച്ചയിൽ രാഷ്ട്രീയം പറഞ്ഞിട്ടുണ്ട്. ബഡ്ജറ്റുമായി ബന്ധപ്പെടാത്ത കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ധാരാളം കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. നോർത്ത് ഇന്ത്യയിലെ തെരഞ്ഞെടുപ്പുവരെ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. ആ ഒരു വിഷയം ഞങ്ങൾ അവതരിപ്പിച്ചു. അത് ഓർഡറിലാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ വാദത്തിന് ഒരു പ്രസക്തിയുമില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പരിശോധിക്കണമെന്നല്ലാതെ മറ്റൊന്നും ഞാൻ പറഞ്ഞിട്ടില്ല. പരിശോധിച്ചിട്ടാണ് അത് രേഖയിലുണ്ടാകുമോ ഇല്ലയോ എന്ന് പറയേണ്ടത്. പരിശോധിക്കണമെന്നേ പറയുന്നുള്ളൂ.

മി. ചെയർമാൻ: അത് പരിശോധിക്കാം. +

ശ്രീ. കെ. എൻ. ബാലഗോപാൽ: രേഖയിലുണ്ടാകുന്നത്, പരിശോധിച്ചതിനുശേഷം മാത്രമേ രേഖയിൽ വരാൻ പാടുള്ളൂ.

\+ 17-03-2022-ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 4732/ഇ.ബി/2022/ നി.സെ) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

പരിശോധിച്ചിട്ട് ബഹുമാനപ്പെട്ട ചെയറിന് അത് യുക്തമാണെന്ന് തോന്നുന്നുവെങ്കിൽ വരട്ടെ. സാധാരണഗതിയിൽ എന്റെയൊരു ധാരണ അനുസരിച്ച് അങ്ങനെയാണ്. ....

മി. ചെയർമാൻ: മിനിസ്റ്റർ, നമുക്കത് പരിശോധിക്കാം.+

ഡോ. കെ. ടി. ജലീൽ: സർ, മഹാമാരിയും പ്രളയവും സൃഷ്ടിച്ച ദുരന്തങ്ങൾ സാമ്പത്തിക മേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമാണ്. ലോംഗ് ഇക്കണോമിക് കോവിഡ് എന്നാണ് ലോകം ഈ സ്ഥിതിവിശേഷത്തെ വിശേഷിപ്പിച്ചത്. വിവിധ സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ പശ്ചാത്തലത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുണ്ടാകുമെന്ന് ഉറപ്പാണ്. അതോടെ കടത്തുകൂലി വലിയ തോതിൽ രാജ്യവ്യാപകമായി വർദ്ധിക്കും. ഇത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് തീർച്ചയായും വഴിയൊരുക്കും. നികുതി ഏകീകരണംവഴി സ്വരൂപിക്കപ്പെടുന്ന ജി.എസ്.ടി.-യിൽനിന്ന് സംസ്ഥാനങ്ങൾക്ക് കിട്ടേണ്ട വിഹിതം അന്യായമായി കേന്ദ്രസർക്കാർ വൈകിപ്പിക്കുകയാണ്. സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയെ ഇത് കുറച്ചൊന്നുമല്ല

+ 17-03-2022-ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 4732/ഇ.ബി/2022/ നി.സെ) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

പ്രതികൂലമായി ബാധിക്കുന്നത്. സ്റ്റേറ്റ് ഗവൺമെന്റുകളെ വരുതിക്ക് നിർത്താൻ ജി.എസ്.ടി.-യെ കേന്ദ്രം നിമിത്തമാക്കുന്നുണ്ടോയെന്ന സംശയം ബലപ്പെടുകയാണ്. അന്താരാഷ്ട്രരംഗത്ത് റഷ്യ-യുക്രൈൻ യുദ്ധം സൃഷ്ടിക്കുന്ന സാമ്പത്തിക-സാമൂഹിക പ്രത്യാഘാതങ്ങളും കേരളത്തിനുമേൽ കരിനിഴൽ വീഴ്ത്തുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് 2022-23 വർഷത്തെ ബഡ്ജറ്റ് രണ്ടാം പിണറായി സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സഭയിൽ അവതരിപ്പിച്ചത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒന്നാം പിണറായി സർക്കാരിന്റെ അവസാന വർഷം ആരംഭിച്ച വിപ്ലവം ഊർജ്ജസ്വലതയോടെ തുടരുമെന്ന പ്രഖ്യാപനം അത്യന്തം സ്വാഗതാർഹമാണ്. 2020-21-ൽ ഒരുപാട് വർഷങ്ങൾക്കുശേഷമാണ് സർവ്വകലാശാലകളിലും ഗവൺമെന്റ് എയ്ഡഡ് കോളേജുകളിലും 200 പുതിയ ന്യൂജെൻ കോഴ്സുകൾ ആരംഭിച്ചത്. അന്തർദേശീയ വിദ്യാർത്ഥികളെ നമ്മുടെ സർവ്വകലാശാലകളിലേക്ക് ആകർഷിക്കാൻ ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് 5 സർവ്വകലാശാലകൾക്ക് 100 കോടി രൂപ അനുവദിച്ചത് എന്തുകൊണ്ടും അഭിനന്ദനീയമാണ്. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന തോതിൽ

കേരളത്തിലെ 140 മണ്ഡലങ്ങളിലും ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുത്ത് നൈപുണ്യ കോഴ്സുകളാരംഭിക്കാൻ 140 കോടി രൂപ അനുവദിക്കുമെന്ന പ്രഖ്യാപനം വളരെ കൂടുതൽ പ്രസക്തമാണ്. സാങ്കേതികരംഗത്തെ തൊഴിൽ ദാനത്തിൽ മലബാർ ഇപ്പോഴും പിന്നോക്കമാണ്. അത് പരിഹരിക്കാൻ കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കാനുള്ള തീരുമാനം ആവേശമുളവാക്കുന്നതാണ്. ഇതിനായി സ്ഥലമേറ്റെടുക്കാൻ 500 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അന്താരാഷ്ട്ര വിമാനത്താവളങ്ങളോടനുബന്ധിച്ച് 1000 കോടി രൂപ മുതൽമുടക്കിൽ സയൻസ് പാർക്കുകൾ സ്ഥാപിക്കാനുള്ള ബഡ്ജറ്റിലെ പ്രഖ്യാപനം വൈജ്ഞാനിക വിസ്ഫോടനം ആഗ്രഹിക്കുന്നവർക്ക് സന്തോഷം പകരുന്നതാണ്. ഗ്ലോബൽ സയൻസ് ഫെസ്റ്റ് സംഘടിപ്പിക്കാനായി കേരള ശാസ്ത്ര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയത് ശാസ്ത്ര ഗവേഷണ മേഖലയ്ക്ക് വലിയ ഉത്തേജനം നൽകുമെന്ന കാര്യത്തിൽ സംശയമില്ല. മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി ഉറപ്പുവരുത്തി കാർഷികമേഖലയെ ജീവസുറ്റതാക്കാൻ ലക്ഷ്യം വച്ച് രൂപീകരിക്കുന്ന Value Added Agriculture Mission (VAAM) കർഷകരെ ഒരു പുതിയ

ദിശയിലേയ്ക്ക് നയിക്കാനുതകും. ഈ മിഷനിലൂടെ ഗ്രാമീണ കർഷകർക്ക് വിപണി ഉറപ്പാക്കിക്കൊടുത്താൽ ഗ്രാമീണ കാർഷിക മേഖല പുഷ്കലമാകും. വ്യാവസായിക വകുപ്പിനുകീഴിൽ പത്ത് മിനി ഫുഡ് പാർക്കുകൾ ആരംഭിക്കാനുള്ള ഒരുക്കങ്ങൾ നടത്തുമ്പോൾ, മലപ്പുറം ജില്ലയിലെ തവനൂരിലെ കുറ്റിപ്പുറം കെൽട്രോണിന്റെ യൂണിറ്റിന്റെ ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഏക്കർ കണക്കിന് ഭൂമി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും മനസ്സിലുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

നെല്ലിന്റെ താങ്ങുവില 28.20 രൂപയായി ഉയർത്തിയത് നെൽക്കൃഷിക്കാർക്ക് ആത്മവിശ്വാസം പകരാൻ പര്യാപ്തമാകും. രാത്രികാലത്തും അടിയന്തര വെറ്ററിനറി സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കലെത്തിക്കാൻ ലക്ഷ്യമിടുന്ന പദ്ധതി ക്ഷീരമേഖലയിൽ സൃഷ്ടിച്ചേയ്ക്കാവുന്ന ഗുണഫലം ചെറുതല്ല. മലപ്പുറം ജില്ലയിലെ മൂർക്കനാട് ആരംഭിച്ച പാൽപ്പൊടി ഉൽപ്പാദന കേന്ദ്രം ഉടൻ പ്രവർത്തനക്ഷമമാക്കാനുള്ള നടപടി പാലുൽപ്പാദകർക്ക് സമാശ്വാസം നൽകുമെന്നത് ഉറപ്പാണ്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പുനർഗേഹം പദ്ധതി കുറച്ചുകൂടി

കാര്യക്ഷമമാക്കേണ്ടതുണ്ട്. പുനർഗേഹം പദ്ധതിപ്രകാരം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങാൻ റവന്യൂ അധികൃതരുടെ ഭാഗത്തുനിന്നും വേണ്ടത്ര സഹകരണം ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്. സ്ഥലവില നിശ്ചയിക്കാൻ മാസങ്ങളെടുക്കുന്നത് തത്വത്തിൽ പുനർഗേഹം പദ്ധതി അട്ടിമറിക്കപ്പെടുന്നതിന് ഇടവരുത്തുന്നു. ബഹുമാനപ്പെട്ട ഊർജ്ജസ്വലനായ റവന്യൂ വകുപ്പുമന്ത്രിയുടെ സത്വരശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

സ്ത്രീ ശാക്തീകരണത്തിന്റെ ലോകത്തിലെ ഏറ്റവും വലിയ മാതൃകയായ കുടുംബശ്രീക്ക് 260 കോടി രൂപ നീക്കിവച്ചത് പ്രതീക്ഷ നൽകുന്നതാണ്. ഇതിനുപുറമേ 500 കോടി രൂപയുടെ വായ്പാ പലിശയിളവ് നൽകുന്നതിനായി 18 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനായി പ്രീ-ഫാബ് ടെക്നോളജി ഉപയോഗിക്കുമെന്ന പ്രഖ്യാപനം നല്ല സൂചനയാണ്. എന്നാൽ പ്രീ-ഫാബിന് എസ്റ്റിമേറ്റ് ഉണ്ടാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്കിടയിൽ ഇപ്പോഴും അവ്യക്തത നിലനിൽക്കുന്നുണ്ട്. സമയലാഭമാണ് പ്രീ-ഫാബിന്റെ ഏറ്റവും വലിയ ആകർഷണീയത. മൾട്ടി

സ്റ്റോറീഡ് ബിൽഡിംഗുകൾക്കുൾപ്പെടെ ഈ നിർമ്മാണരീതി അവലംബിക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിലെ പ്രശസ്ത സ്വകാര്യ ആശുപത്രിയായ മൈത്ര ഹോസ്പിറ്റൽ പ്രീ-ഫാബ് നിർമ്മാണരീതിയുടെ കുറ്റമറ്റരൂപമാണ്.

സിൽവർ ലൈൻ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പിന് 2000 കോടി രൂപ കിഫ്ബിയിൽനിന്നും നീക്കിവയ്ക്കുമെന്നുള്ള സുചിന്തിത തീരുമാനം പ്രസ്തുത പ്രോജക്ട് യാഥാർത്ഥ്യമാകുമെന്നതിന്റെ പരസ്യപ്രഖ്യാപനവും കൂടിയാണ്. കഴിഞ്ഞദിവസം ഇതുസംബന്ധിച്ച് ചർച്ച നടന്ന സന്ദർഭത്തിൽ ആ പദ്ധതി യു.ഡി.എഫ്. ഭരണകാലത്ത് വേണ്ടെന്ന് വച്ചതാണെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചു. അതുമായി ബന്ധപ്പെട്ട് ഞാൻ രേഖകൾ പരതി നോക്കിയപ്പോൾ 'അത് അവസാനിപ്പിച്ചു' എന്ന തീരുമാനം എടുത്തതായി എവിടെയും എനിക്ക് കാണാൻ സാധിച്ചില്ല. മാത്രമല്ല ആ തിരച്ചിലിനിടയിൽ 17-02-2016-ന്....... ആ തീയതി ഓർക്കണം. കാരണം അതിനുശേഷം പതിനാല് ദിവസം കഴിഞ്ഞ് മാർച്ച് 4-ാം തീയതി തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയാണ്. 17-02-2016-ന് ശ്രീ. മോൻസ് ജോസഫ്

ചോദിച്ച ചോദ്യത്തിന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നൽകിയ മറുപടിയുണ്ട്. "സംസ്ഥാന അതിവേഗ റെയിൽ പാതയുടെ നിർമ്മാണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ" എന്ന ചോദ്യത്തിന് "അതിവേഗ റെയിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡി.എം.ആർ.സി. തയ്യാറാക്കിവരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വിശദവിവരങ്ങൾ നല്കാൻ കഴിയുകയുള്ളൂ" എന്നായിരുന്നു മറുപടി. നിർത്തിവച്ചു എന്നോ ആ പദ്ധതിയുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നില്ലെന്നോ എവിടെയും പറയുന്നില്ല. (....ബഹളം....) 09-02-2016-ൽ ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ "കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽവേ പാതയുടെ സാധ്യതാപഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ" എന്ന ചോദ്യം ചോദിച്ചിരുന്നു. അതിന് "കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് അതിവേഗ റെയിൽ കോർപ്പറേഷന് ഡി.എം.ആർ.സി. ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 526 കിലോമീറ്റർ ദൈർഘ്യമുള്ളൊരു അതിവേഗ

റെയിൽപാതയാണ് വിഭാവന ചെയ്യുന്നത്. 90 കിലോമീറ്റർ ഉപരിതലങ്ങളിലും 297 കിലോമീറ്റർ തുണിനുമുകളിലും 126 കിലോമീറ്റർ ഭൂമിക്കടിയിൽക്കൂടിയുമാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിന്റെ ആവശ്യത്തിലേയ്ക്കുള്ള ട്രാക്കിന് 20 മീറ്റർ വീതിയിൽ സ്ഥലമാവശ്യമാണ്. പാതയുടെ റൂട്ട് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഡി.എം.ആർ.സി.-യാണ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നത്. സർവ്വേ ജോലികൾ തടസ്സപ്പെട്ടതുകാരണം പ്രതീക്ഷിച്ച സമയത്ത് പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതി രേഖ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു" എന്നായിരുന്നു മറുപടി. ഈ പദ്ധതി ഒരിക്കലും യു.ഡി.എഫ്. സർക്കാർ വേണ്ടെന്ന് വച്ചിട്ടില്ല. 09-02-2016-ൽ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ തന്നെയാണ് തീരുമാനിച്ചത്. അതിനുശേഷം 17-02-2016-ൽ ശ്രീ. കെ. എൻ. എ. ഖാദറിന്റെ "തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ ഇടനാഴിയുടെ സാധ്യതാപഠനം പൂർത്തിയായത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും തരത്തിലുള്ള റിപ്പോർട്ട്

ലഭിച്ചിട്ടുണ്ടോ" എന്ന ചോദ്യത്തിന് " തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽവേ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷന് ഡി.എം.ആർ.സി. ലഭ്യമാക്കിയിട്ടുണ്ട്" എന്നായിരുന്നു മറുപടി. അതിനുശേഷം ഈ പദ്ധതി വേണ്ടായെന്ന് ഏതുദിവസമാണ് നിശ്ചയിച്ചത്; ആ ഉത്തരവിന്റെ പകർപ്പ്; അങ്ങനെയൊരു മന്ത്രി സഭാ മിനിട്ട്സുണ്ടെങ്കിൽ അതിന്റെ പകർപ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഹാജരാക്കിയിൽ നന്നായിരുന്നു. ഞാനൊരു അക്കാദമിക് ഇന്ററസ്റ്റിൽ ചോദിച്ചു എന്നുമാത്രം.

കേരളത്തിലെ പ്രഥമ ഓപ്പൺ സർവ്വകലാശാലയായ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് അനുവദിച്ച തുകയിൽ നല്ലൊരു വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. മികച്ച സൗകര്യങ്ങളൊരുക്കിയാൽ മാത്രമേ അടുത്ത അദ്ധ്യയന വർഷം ഓപ്പൺ സർവ്വകലാശാല പ്രവർത്തനക്ഷമമാക്കാൻ സാധിക്കൂ. യു.ജി.സി.-യുടെ അംഗീകാര കടമ്പ കടക്കണമെങ്കിൽ നല്ല ഭൗതിക സൗകര്യങ്ങളും ഫാക്കൽറ്റിയുടെ സാന്നിദ്ധ്യവും ഉറപ്പുവരുത്തേണ്ടതുണ്ട്. അനൗപചാരിക വിദ്യാഭ്യാസം കൊതിക്കുന്ന ആയിരക്കണക്കിന് ആളുകളുടെ ഒരേയൊരു ആശാകേന്ദ്രമാണ്

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി. അതിനെ എത്രയും വേഗം പുഷ്ടിപ്പെടുത്തിക്കൊണ്ടുവരണം. കാൻസർ രോഗം നാട്ടിൽ വർദ്ധിച്ചുവരികയാണ്. ആർ.സി.സി. ഉൾപ്പെടെയുള്ള കാൻസർ സെന്ററുകൾ വിപുലപ്പെടുത്താനും അവിടങ്ങളിൽ മികച്ച സൗകര്യങ്ങളൊരുക്കാനും പണം നീക്കിവച്ചത് പ്രശംസനീയമാണ്. സംസ്ഥാനത്ത് ഏറ്റവുമധികം ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു കാൻസർ ചികിത്സാ വിഭാഗം ആരംഭിക്കണം. റേഡിയേഷനും കീമോയ്ക്കുമുള്ള സംവിധാനങ്ങൾ എത്രയുംവേഗം മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരുക്കണം. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള, ഏറ്റവുമധികം ക്യാൻസർ രോഗികൾ അധിവസിക്കുന്ന ജില്ലയാണ് മലപ്പുറം. ആ മലപ്പുറത്ത് ഇത്തരത്തിലുള്ളൊരു സംവിധാനമൊരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ശാക്തീകരിക്കാൻ അങ്ങയുടെ പ്രത്യേകമായ തിരുനോട്ടമുണ്ടാകണം. ന്യൂനപക്ഷ വിഭാഗങ്ങളെ അപരവത്കരിക്കാൻ സംഘപരിവാർ ശക്തികൾ രാജ്യവ്യാപകമായി ശ്രമിക്കുമ്പോൾ അവർക്ക് ആത്മവിശ്വാസം നൽകാൻ കേരളത്തിലെ

ഇടതുപക്ഷ സർക്കാരാണ് എന്നും മുന്നിൽ നിന്നിട്ടുള്ളത്. നന്ദിപൂർവ്വം ഞാനതിവിടെ സ്മരിക്കുകയും ചെയ്യുകയാണ്. ന്യൂനപക്ഷ ക്ഷേമവകുപ്പിനെ കരുത്തുറ്റതാക്കുന്നതിന് ആവശ്യവും അനുസൃതവുമായ പണം അനുവദിക്കുന്നതിന് അങ്ങ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, അങ്ങ് സിൽവർ ലൈൻ പദ്ധതിയുൾപ്പെടെ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും നടക്കുന്ന വ്യാജപ്രചരണത്തെ സംബന്ധിച്ച് സൂചിപ്പിച്ചു. അതുപോലെ ഇവിടെ പരാമർശിച്ച വെഞ്ഞാറമൂട് ഇരട്ടക്കൊലപാതകം. അതുമായി ബന്ധപ്പെട്ട് ഒരു പുതിയ വെളിപ്പെടുത്തലും വന്നിട്ടില്ല. ഈ കൊലപാതകം നടന്നതിന്റെ പിറ്റേദിവസം മുതൽ ആ കൊലപാതകത്തിൽനിന്നും പ്രതികളെ രക്ഷപ്പെടുത്തുന്നതിന് അന്നത്തെ അവിടത്തെ ജനപ്രതിനിധിയും കോൺഗ്രസ് നേതാവുമായ ശ്രീ. അടൂർ പ്രകാശ് ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ നടന്ന വ്യാജ പ്രചരണങ്ങളുടെ ഒരു തനിയാവർത്തനം മാത്രമാണ് ഇവിടെ ഉന്നയിച്ചതെന്നും അതിൽ പങ്കെടുത്ത മുഴുവൻ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്നിട്ടുണ്ടെന്ന വിവരവും അതിനുശേഷം നടന്ന പഞ്ചായത്ത്-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ വർദ്ധിച്ച ഭൂരിപക്ഷത്തോടുകൂടിയാണ്

അവിടെ എൽ.ഡി.എഫ്.-ന്റെ പ്രതിനിധികൾ ജയിച്ചതെന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ആടിനെ പട്ടിയാക്കാനും പട്ടിയെ പേപ്പട്ടിയാക്കാനും അപ്പുറത്തിരിക്കുന്നവർ കേമന്മാരാണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. കാര്യങ്ങൾ യഥാവിധി മനസ്സിലാക്കാൻ കഴിവുള്ളവരാണ് ജനങ്ങൾ. രണ്ട് സഹോദരന്മാരെ അതിക്രൂരമായി കോൺഗ്രസ്സുകാർ കൊലപ്പെടുത്തിയ പഞ്ചായത്തിൽ ഇടതുപക്ഷത്തെ അതിശക്തമായി തിരിച്ചുകൊണ്ടുവന്നത് ജനങ്ങളാണ്. അതുപോലെ അവിടത്തെ എം.എൽ.എ.-യ്ക്ക് കൂടുതൽ ഭൂരിപക്ഷം നൽകിയത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയമായ മുന്നേറ്റം, അതുകണ്ട് വിരളി പിടിച്ചവരാണ് ഇത്തരത്തിലുള്ള ജല്പനങ്ങളുമായി മുന്നോട്ടുവരുന്നതെന്ന് ആർക്കാണ് അറിയാത്തത്. കോൺഗ്രസ് ഇനിയെങ്കിലും വസ്തുതകളെ വസ്തുതകളായിത്തന്നെ കാണുകയും അതിനനുസരിച്ച് നയപരിപാടികൾ രൂപീകരിച്ച് മുന്നോട്ടുപോകുകയും ചെയ്യണം.

ശ്രീ. രാഹുൽ ഗാന്ധി ഒരുപാട് കാവിപ്പുതപ്പുകൾ ധരിച്ചാൽ മോദിജി ആകില്ല. ശ്രീമതി പ്രിയങ്കാ ഗാന്ധി തന്റെ നെറ്റിയിൽ എത്രവലിയ ഭസ്മക്കുറി

വീതിയിലും നീളത്തിലും ചാർത്തിയാലും അവർക്ക് യോഗിയാകാൻ കഴിയില്ല. അത് മനസ്സിലാക്കാനുള്ള പ്രാഥമികമായ ജ്ഞാനമാണ് കോൺഗ്രസ്സുകാർക്ക് ഉണ്ടാകേണ്ടത്. വേഷംകെട്ടി ആളുകളെ വിഡ്ഢികളാക്കാമെന്ന് കോൺഗ്രസ് കരുതരുത്. നിങ്ങൾക്ക് മോദിജിയാകാനും യോഗിയാകാനും കഴിയില്ല. അത് നിങ്ങളാണ് തിരിച്ചറിയേണ്ടത്. അത് തിരിച്ചറിയുന്നതിനുപകരം നിങ്ങൾ ഈ വേഷംകെട്ടിലൂടെ ജനങ്ങളെ വിഡ്ഢികളാക്കാം എന്ന് വ്യാമോഹിക്കുകയാണ്. എന്തായാലും ശ്രീ. ഷാഫി പറമ്പിൽ ഉൾപ്പെടെ അപ്പുറത്തിരിക്കുന്ന മെമ്പർമാർ സൂക്ഷിക്കണം. അടുത്തപ്രാവശ്യം കേരളത്തിലെ മൂന്ന് കോൺഗ്രസ്സിന്റെ സീറ്റുകൾ നിങ്ങൾ നെഹ്റു കുടുംബത്തിന് നീക്കിവയ്ക്കേണ്ടി വരും. ശ്രീ. രാഹുൽ ഗാന്ധി കൽപ്പറ്റയിൽ, ശ്രീമതി പ്രിയങ്കാ ഗാന്ധി മൂവാറ്റുപുഴയിൽ, ശ്രീമതി സോണിയാ ഗാന്ധി എറണാകുളത്തോ കോട്ടയത്തോ. ഏതായാലും കേരളം വിട്ട് മറ്റൊരു സ്ഥലത്തും അവർക്ക് മത്സരിക്കാനുള്ള ധൈര്യം പോലുമുണ്ടാകില്ല. ഇങ്ങനെ മത്സരിച്ചാൽപോലും അവരുടെ സ്ഥിതി എന്താകുമെന്നുള്ളത് തെരഞ്ഞെടുപ്പിൽ വോട്ട് എണ്ണിക്കഴിഞ്ഞാൽ ബോദ്ധ്യമാകും. ഞാൻ ഈ

ബഡ്ജറ്റിനെ അനുകൂലിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

മി. ചെയർമാൻ: ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 മാർച്ച് മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 02.42-ന് പിരിഞ്ഞു.)